VIII റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 1999-2000 വർഷത്തെ ആനുകാലിക റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, സബ്ജക്ട് കമ്മിറ്റി I -ന്റെ 1999-2000 വർഷത്തെ ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ എൺപത്തിയേഴ് മുതൽ എൺപത്തി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. ദാസൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷയ്ക്കുവേണ്ടി സമിതിയുടെ എൺപത്തിയേഴ് മുതൽ എൺപത്തി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയെട്ടാമത് റിപ്പോർട്ട്

ശ്രീമതി ആർ. ലതാദേവി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയെട്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(4) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെന്നാമത് റിപ്പോർട്ട്

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമിതിയുടെ അദ്ധ്യക്ഷയ്ക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

IX നിയമനിർമ്മാണം

2001-ലെ കേരള ധനവിനിയോഗ ബിൽ, 2001-ലെ കേരള ധനവിനിയോഗ(വോട്ട് ഓൺ അക്കൗണ്ട്) ബിൽ, എന്നിവയുടെ അവതരണവും അനന്തരഘട്ടങ്ങളും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ബില്ലുകൾ അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-ലെ കേരള ധനവിനിയോഗ ബില്ലും†, 2001-ലെ കേരള ധനവിനിയോഗ(വോട്ട് ഓൺ അക്കൗണ്ട്) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.†

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. 2001-ലെ കേരള ധനവിനിയോഗ(വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ ഈ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ : രണ്ടു ബില്ലുകളും ഒരുമിച്ച് ചർച്ചയ്ക്ക് എടുക്കുക എന്ന രൂപത്തിലാണ് നമ്മൾ പ്ലാൻ ചെയ്തിരിക്കുന്നത്. ചർച്ച ആരംഭിക്കാം. ശ്രീ. തമ്പാനൂർ രവി.

ശ്രീ. തമ്പാനൂർ രവി : സർ, ഈ രണ്ട് ബില്ലുകളേയും ഞാൻ എതിർക്കുകയാണ്. ധാർമ്മികമായും ഭരണഘടനപരമായും ഇത്തരത്തിലുള്ള ഒരു ബിൽ, പ്രത്യേകിച്ചും ധനവിനിയോഗ ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കാനുള്ള അവകാശം ഈ ഗവൺമെന്റിന് ഇല്ല. അതുകൊണ്ടാണ് ഞാൻ ഈ ബില്ലുകളെ എതിർക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ഇന്ന് എൽ.ഡി.എഫ്. ഭരിക്കുന്ന കേരളത്തിൽ അഴിമതി, ധൂർത്ത്, കെടുകാര്യസ്ഥത, സാമ്പത്തിക പ്രതിസന്ധി, വികസന മുരടിപ്പ്, രൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മ, ക്രമസമാധാന തകർച്ച എന്നിവയാണുള്ളത്. ഒരു മേഖലയിലെങ്കിലും ഈ ഗവൺമെന്റ് നല്ലകാര്യം ചെയ്തുവെന്ന് പറയാൻ നമുക്ക് കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. ഗവൺമെന്റ് കൊടുക്കുന്ന ചെക്കുകളെല്ലാം വണ്ടിച്ചെക്കുകളായി മാറുകയാണ്. ട്രഷറി ജീവനക്കാരും ഇടപാടുകാരും തമ്മിൽ എന്നും തമ്മിലടിയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രയേറെ സാമ്പത്തിക തകർച്ചയുണ്ടായ ഒരു ഗതികേട് ഇന്ത്യയിൽ മറ്റേതെങ്കിലുമൊരു സംസ്ഥാന ഗവൺമെന്റിനുണ്ടോ എന്നുള്ളത് സംശയമാണ്. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രസംഗിച്ചതിനുശേഷം കാർഗിൽ യുദ്ധത്തെക്കുറിച്ചുണ്ടായ സംഭവത്തെത്തുടർന്ന് ഞങ്ങളിവിടെ ചർച്ച മതിയാക്കി പോയതാണല്ലോ. എന്താണ് കാര്യം? 13,04,00,000 രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കാർഗിൽ യുദ്ധസമയത്ത് കേരളത്തിലെ ആളുകൾ സംഭാവന നൽകിയത്. അതിൽ 1,88,00,000 രൂപ മാത്രമാണ് ഇതുവരെ കൊടുത്തുതീർത്തത്. എന്തുകൊണ്ട് അത്രയും കുറഞ്ഞുപോയി? ബാക്കിയൊന്നും കൊടുക്കുന്നില്ലല്ലോ എന്നുചോദിച്ചപ്പോൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി, കൂടുതൽ ആളുകൾ മരിച്ചില്ല, ആളുകൾ മരിക്കാതെ എങ്ങനെ തുക കൊടുക്കാൻ കഴിയുമെന്നാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എളമരം കരീം)

---

†അനുബന്ധം-VII A&B

LIBRARY ARCHIVES Kerala Legislative Assembly

കോരിച്ചൊരിയുന്ന മഴയും തണുപ്പും വെയിലുമൊക്കെകൊണ്ട് നമ്മുടെ അതിർത്തി കാക്കുന്ന, നമ്മുടെ നാടിന്റെ അഭിമാനം കാക്കുന്ന ജവാന്മാർ കാർഗിൽ യുദ്ധത്തിൽ ധാരാളം ജവാന്മാർ മരിച്ചു; നൂറു കണക്കിന് ജവാന്മാർക്ക് പരിക്കു പറ്റി. അവരെ സഹായിക്കാൻ വേണ്ടിയാണ് ദേശ സ്നേഹികളായ, രാജ്യ സ്നേഹികളായ, നല്ലവരായ ആളുകൾ മുഖമന്ത്രിയുടെ നിധിയിലേയ്ക്ക് സംഭാവനയായി ഏതാണ്ട് 13 കോടി 4 ലക്ഷം രൂപ നൽകിയത്. അതു വകമാറ്റി ചെലവാക്കാൻ വേണ്ടിയല്ല. തുക എങ്ങനെ ചെലവാക്കി എന്ന് ഉത്തരവാദപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ ചോദിച്ചിട്ടുപോലും വളരെ നിരുത്തരവാദപരമായി, ഈ സഭയുടെ അന്തസ്സിന് യോജിക്കാത്ത പരാമർശമാണ് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നടത്തിയത്. ആ പരാമർശം പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു; ആ പരാമർശം രേഖയിൽ കാണാൻ പാടില്ലെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. വളരെ പരിതാപകരമായ സഭയുടെ അന്തസ്സിന് യോജിക്കാത്ത മറുപടിയാണ് ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. കണക്ക് ഈ സഭയ്ക്ക് അറിയാനുള്ള ബാധ്യതയുണ്ട്. കാർഗിൽ യുദ്ധത്തിന്റെ പേരിൽ പിരിച്ചെടുത്ത, ജനങ്ങൾ സംഭാവന നൽകിയ 13 കോടി 4 ലക്ഷം രൂപയിൽ നിങ്ങൾ ഇതുവരെ ഒരു കോടി എൺപത്തിയെട്ട് ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. മരിച്ച ജവാന്മാരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപയ്ക്ക് പകരം പത്തോ പതിനഞ്ചോ ലക്ഷം രൂപ നൽകാം. പരിക്കേറ്റ ആളുകൾക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരത്തേക്കാൾ കൂടുതൽ തുക നിങ്ങൾക്ക് നൽകാം. അതു രണ്ടും കഴിച്ചിട്ട് മിച്ചം ഉണ്ടായ തുക കേന്ദ്ര ഗവൺമെന്റിന്റെ ഡിഫൻസിനെയാണ് നിങ്ങൾ ഏൽപ്പിക്കേണ്ടത്. ഈ സംസ്ഥാന ഗവൺമെന്റ് അഞ്ച് വർഷക്കാലമായി പലതും വകമാറ്റി ചെയ്യുന്നതുപോലെ ഈ തുകയും വകമാറ്റി നിങ്ങളുടെ നിത്യനിദാനച്ചെലവിന് എടുക്കാനാണ് ഭാവമെങ്കിൽ ഈ രാജ്യത്തോട്, രാജ്യസ്നേഹികളോട്, അതിർത്തി കാത്ത ജവാന്മാരോട്, അവരുടെ കുടുംബത്തോട് കാണിക്കുന്ന ഏറ്റവും വലിയ കൊടുംപാതകം ആയിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ അദ്ദേഹം മറുപടി പറഞ്ഞില്ല. ഇപ്പോൾ മന്ത്രി സഭയിലില്ല. ഈ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഗുജറാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ കേരളത്തിലെ ജനങ്ങൾ വളരെ താൽപ്പര്യത്തോടുകൂടി മുന്നോട്ടുവന്നു. 12-2-2001 വരെ രണ്ടു കോടി എൺപത്തിയൊന്ന് ലക്ഷം രൂപ പിരിഞ്ഞുകിട്ടി. അതിൽ ആകെ ചെലവാക്കിയത്, ഡൽഹിയിൽ 25 ലക്ഷം രൂപയുടെ കമ്പിളി വാങ്ങിക്കൊടുത്തു എന്ന് രേഖയിൽ കാണുന്നതല്ലാതെ ബാക്കി തുക എന്തുചെയ്തു എന്നറിയില്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും, ഈ ദേശീയ ദുരന്തത്തിൽ അതാതു ഗവൺമെന്റുകൾ അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്തിയപ്പോൾ 12-2-2001 വരെ പിരിച്ചെടുത്ത, സംഭാവനയായി ലഭിച്ച രണ്ടു കോടി എൺപത്തിയൊന്നു ലക്ഷം രൂപയിൽ വെറും 25 ലക്ഷം രൂപയുടെ കമ്പിളി വാങ്ങിയതല്ലാതെ ഒരു രൂപപോലും കൊടുത്തിട്ടില്ല. കേരളാ ഗവൺമെന്റിന്റെ മന്ത്രിസഭ ഗുജറാത്ത് സംഭവവുമായി ബന്ധപ്പെട്ട് രണ്ട് കോടി രൂപ ഗുജറാത്ത് ഗവൺമെന്റിന് സംഭാവനയായി

LIBRARY ARCHIVES Kerala Legislative Assembly

നൽകുമെന്ന് പറഞ്ഞിരുന്നു. ഈ നിമിഷം വരെ ഒരു പൈസപോലും സംസ്ഥാന ഗവൺമെന്റ് ഗുജറാത്ത് ഗവൺമെന്റിന് കൈമാറിയിട്ടില്ല. ദേശീയ ദുരന്തമുണ്ടാകുമ്പോൾ, കാർഗിൽ യുദ്ധം മാതിരിയുള്ള സംഭവങ്ങൾ ഈ രാജ്യത്തുണ്ടാകുമ്പോൾ അതിന്റെ പേരിൽ പിരിച്ചെടുക്കുന്ന തുക പോലും വകമാറ്റി ചെലവഴിക്കുന്ന ഒരു ഗവൺമെന്റ് ഈ നൂറ്റാണ്ടിൽ കേരളത്തിലല്ലാതെ വേറെ എവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. ഒരു കാര്യം ഉറപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വണ്ടിച്ചെക്ക് കൊടുത്ത്, ചെക്ക് ബാങ്കിൽ പ്രസന്റു ചെയ്ത് ആ ചെക്ക് മാറാതെ ഇരുന്നാൽ, ആ ചെക്ക് ഡിസ് ഓണർ ചെയ്താൽ അവർക്ക് കൊടുക്കുന്ന ശിക്ഷ എന്നു പറയുന്നത്, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ 138-ാം വകുപ്പ് അനുസരിച്ച് വലിയ ഫൈൻ കൊടുക്കേണ്ടി വരും, അതുപോലെ മൂന്നു വർഷം ജയിലിൽ കിടക്കേണ്ടിവരും. ഇവിടെ ബഹുമാനപ്പെട്ട ശിവദാസമേനോൻ, മന്ത്രി എന്ന പത്രാസ് ഉപയോഗിച്ച്, ആ ഔദ്യോഗിക സ്ഥാനമുള്ളതുകൊണ്ട്, ആന വച്ച കാർ ഉള്ളതുകൊണ്ട് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ 138-ാം വകുപ്പിൽ അദ്ദേഹം വരുന്നില്ല. വന്നിരുന്നെങ്കിൽ അദ്ദേഹം ജയിലിൽ പോകുമായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതാണ് സത്യം. ഈ രാജ്യത്താകെ കുഴപ്പമുണ്ടായിരിക്കുകയാണ്. ജവാന്മാരുടെ കാശ് കൊടുക്കുന്നില്ല. ട്രഷറിയുടെ സ്ഥിതി എന്താണ്? ട്രഷറി പൂട്ടിയിട്ടില്ല എന്നാണല്ലോ ഇവിടത്തെ വാദം. അദ്ദേഹം പറയുന്നതെന്താണ്? കേരളത്തിലെ ഗവൺമെന്റ് ശമ്പളം കൃത്യമായി കൊടുക്കുന്നുവെന്നാണ്. കണക്കുകൾ അദ്ദേഹം പറയുന്നുണ്ട്- ബീഹാറിൽ കൊടുക്കുന്നില്ല, രാജസ്ഥാനിൽ കൊടുക്കുന്നില്ല എന്ന്. അത് ആരുടെയെങ്കിലും ഔദാര്യം കൊണ്ടാണോ? കേരളത്തിലെന്നല്ല ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ജീവനക്കാർക്ക് ശമ്പളം കൊടുക്കാത്ത സാഹചര്യമുണ്ടായിട്ടില്ല. കേരളത്തിൽ ഇന്നുവരെ അങ്ങനെയൊരു സാഹചര്യമുണ്ടായിട്ടില്ല. അതൊക്കെ വെറും ഡേ റ്റു ഡേ പ്രോബ്ലംസാണ്, ഡേ റ്റു ഡേ അഫയേഴ്സാണ്. അതിന് ഒരു മന്ത്രിയുടേയും ആവശ്യമില്ല. ശ്രീ. ടി ശിവദാസമേനോന്റെ പ്രസംഗം കേട്ടാൽതോന്നും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് ഒരു മഹാകാര്യമാണെന്ന് . ഇന്നത്തെ മലയാള മനോരമയിൽ വന്ന ഒരു വാചകം വായിക്കാം. 'ജീവനക്കാരുടെ പ്രീമിയം ചെക്ക് മടങ്ങി, സർക്കാരിന് എൽ.ഐ.സി. യുടെ താക്കീത്.' വെണ്ടക്ക തലക്കെട്ടാണ്. ആദ്യത്തെ പാരഗ്രാഫ് മാത്രം വായിക്കാം. " തിരുവനന്തപുരം, ട്രഷറി നിയന്ത്രണംമൂലം സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന എൽ.ഐ.സി. പ്രീമിയം തുകയുടെ ചെക്കുകൾ പാസ്സാക്കുന്നില്ല എന്നും ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതമൂലമാണെന്നും എൽ.ഐ.സി. ചെയർമാൻ ജി. എൻ. വാജ്പൈ സംസ്ഥാന ഗവൺമെന്റിന് എഴുതിയ കത്തിൽ ചൂണ്ടിക്കാണിച്ചു." ഇന്ത്യാ രാജ്യത്ത് ഏതെങ്കിലുമൊരു സംസ്ഥാന ഗവൺമെന്റിന്, ഒരു ചീഫ് സെക്രട്ടറിക്ക് എൽ.ഐ.സി. യുടെ ചെയർമാൻ ഇത്തരത്തിലുള്ള ഒരു കത്തയയ്ക്കുമോ? ഇന്ത്യാ രാജ്യത്തെ ആദ്യത്തെ സംഭവമാണ്. എൽ.ഐ.സി. ഉൾപ്പെടെയുള്ള ഇന്ത്യയിലെ സ്ഥാപനങ്ങൾപോലും ഈ ഗവൺമെന്റിനെ ഒരു വണ്ടിച്ചെക്ക് ഗവൺമെന്റായിട്ടാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഒരു ചെക്ക് കൊടുത്താൽ, അതു മാറാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്നിവിടെ ഉണ്ടായിരിക്കുന്നത്. ഏതു കാര്യത്തിനാണെങ്കിലും നിത്യനിദാന ചെലവു നടത്തി, വെയിസ് ആന്റ് മീൻസ് അഡ്വാൻസ് എടുത്ത്, ഓവർ ഡ്രാഫ്ട് എടുത്ത് ഡേ റ്റു ഡേ ഭരണം നടത്തിപ്പോകുന്ന ഒരു സ്റ്റാറ്റസ്കോ ഗവൺമെന്റ് എന്നതിനപ്പുറം ജനകീയ പ്രശ്നങ്ങളിലോ ജനങ്ങളുടെ പ്രശ്നങ്ങളിലോ ഒരു കാര്യവും ചെയ്യാത്ത, വെറും കാലാവധി പൂർത്തിയാക്കുന്ന ഒരു സാധാരണ ഗവൺമെന്റായി എൽ.ഡി.എഫ്. ഗവൺമെന്റ് മാറിയിരിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രി, ഈ സഭയുടെ നേതാവ്പോലും നിയമസഭയിൽ വാസ്തവവിരുദ്ധമായ പ്രസ്താവനകൾ നൽകുന്ന രീതിയിൽ അധ:പതിച്ചിരിക്കുകയാണ്. 2-2-1999-ലെ 893-ാം നമ്പർ ചോദ്യത്തിന് മറുപടി തന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി നടത്തിയ വിദേശയാത്രകളുടെ ഭാഗമായി പൂർണ്ണമായോ ഭാഗികമായോ ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തെ സ്പോൺസർ ചെയ്യുകയുണ്ടായോ ? ഉത്തരം- ഇല്ല. ഉണ്ടെങ്കിൽ ഏത് കമ്പനിയാണെന്നും സ്പോൺസർ ചെയ്യാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ ? ഇല്ല. മുഖ്യമന്ത്രിയുടെ പാരീസ് സന്ദർശന സന്ദർഭത്തിൽ ഏതെങ്കിലും സ്വകാര്യ കമ്പനി പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ? ഉത്തരം- ഇല്ല. ഉണ്ടെങ്കിൽ ഇതിനാവശ്യമായി വരുന്നതും ആ പ്രതിനിധിയുടെ ചെലവു വഹിച്ചതും ആരായിരുന്നുവെന്ന് വ്യക്തമാക്കാമോ? ഉത്തരം- ഉദിക്കുന്നില്ല. ചോദ്യം നമ്പർ (ഇ) യിൽ ഗൗതം എന്നു പറയുന്ന ആൾ പാരീസ് സന്ദർശന സമയത്തുണ്ടായിരുന്നോ, ഉണ്ടായിരുന്നുവെങ്കിൽ ഏത് സ്ഥാപനത്തിലെ പ്രതിനിധിയായിട്ടാണ് സംഘത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് വിശദമാക്കാമോ ? ഇതിന് ശ്രീമതി റോസമ്മ ചാക്കോയ്ക്ക് മുഖ്യമന്ത്രി ശ്രീ. നായനാർ നൽകിയ മറുപടിയുണ്ട്. എന്റെ കയ്യിൽ സാക്ഷാൽ പി.ആർ. കുറുപ്പ് പ്രസിദ്ധീകരിച്ച മുഖ്യമന്ത്രിയും മാർപ്പാപ്പയും ഭഗവത്ഗീതയും എന്ന വലിയൊരു പ്രസിദ്ധീകരണമുണ്ട്. അതിന്റെ 22-ാമത്തെ പേജിൽ ഒരു പടമുണ്ട്. ആ പടത്തിൽ ഉള്ള അടിക്കുറിപ്പ് ഇതാണ് (ചിത്രം ഉയർത്തിക്കാട്ടി) പാരീസിലെ ഈഫൽ ടവറിൽ മുഖ്യമന്ത്രിയും സംഘവും. അതിൽ ഗൗതം നിൽക്കുന്നു. ഗൗതം ഉണ്ടായിരുന്നോ എന്ന ചോദ്യത്തിന് ഉത്തരം ഇല്ലായിരുന്നു. അങ്ങനെ ഒരാളെ അറിഞ്ഞുകൂടാ. 22-ാമത്തെ പേജിൽ 'ഇല്ല' എന്ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞ അദ്ദേഹത്തിന്റെ അടുത്ത് ഗൗതം നിൽക്കുന്നു. പി. ആർ. പ്രസിദ്ധീകരിച്ച ബുക്കിലെ പടമാണ്. വലതു വശത്ത് പിണറായി വിജയൻ, ഇപ്പുറത്ത് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി മുരളി. ഞാൻ ഈ പറയുന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമില്ലായ്മയെക്കുറിച്ചാണ്. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി നിയമസഭയിൽ അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കുപോലും നിരുത്തരവാദപരമായ, വാസ്തവവിരുദ്ധമായ, ഈ സഭയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന മറുപടി നൽകുന്ന ഒരു ഗവൺമെന്റായി അധ:പതിച്ചിരിക്കുകയാണ്. ഇന്ന് ഇവിടെ ഉണ്ടായതെന്താണ് ? ഈ സഭയിലെ ഏഴ് എം.എൽ.എ. മാർ പുറത്ത് സത്യാഗ്രഹം ഇരിക്കുകയാണ്.

2.00 P.M.] താലൂക്ക് പ്രഖ്യാപിക്കേണ്ടതൊക്കെ നല്ല കാര്യംതന്നെ . അതിൽ

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അഭിപ്രായവ്യത്യാസമില്ല. ഇവിടെ 16 താലൂക്ക് പ്രഖ്യാപിച്ചു. ഈ താലൂക്കിന്റെ ഹെഡ്കാർട്ടേഴ്സ് എവിടെയാണ് ? താലൂക്ക് പ്രഖ്യാപിക്കുമ്പോൾ അതിൽ ആസ്ഥാനം പറയാതെ ഇന്നുവരെ ഇവിടെ താലൂക്ക് പ്രഖ്യാപിച്ചിട്ടുണ്ടോ ? ഈ ബഡ്ജറ്റിൽ ഇതിനുവേണ്ടി ഒരു പൈസ മാറ്റിവച്ചിട്ടുണ്ടോ ? ഇതിന് ജീവനക്കാരെ എവിടെ നിന്നും കിട്ടും ? ഇലക്ഷൻ സ്റ്റണ്ടിനുവേണ്ടി, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി സഭയ്ക്കകത്ത് റൂൾ 300 അനുസരിച്ച്, ഈ സഭയുടെ വിലയേറിയ സമയത്തെ അപഹരിച്ച്, അംഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി, ഇലക്ഷൻ സ്റ്റണ്ടിനുവേണ്ടി, താലൂക്ക് പ്രഖ്യാപിച്ചു. ഈ സഭയിലെ ഏഴ് അംഗങ്ങൾ അർഹമായ താലൂക്ക് അവർക്ക് ലഭിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ സഭയിൽ സത്യാഗ്രഹമിരിക്കുകയാണ്. ഈ ഗവൺമെന്റിന് മാന്യതയുണ്ടെങ്കിൽ ഈ സഭ പിരിയുന്നതിനുമുൻപ് അവരുടെ സത്യാഗ്രഹം അവസാനിപ്പിച്ച് അവരുടെ ആവശ്യം അംഗീകരിച്ച് ഈ 16 താലൂക്കുകളുടെ കൂടെ അതുകൂടി പ്രഖ്യാപിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഈ ഗവൺമെന്റ് കല്ലിടൽ ഗവൺമെന്റാണോ ? തിരുവനന്തപുരം പട്ടണത്തിൽ ഒരു പ്രദേശത്ത് ആറ് കല്ലാണ്. ആദ്യം കോർപ്പറേഷൻ കല്ലിടും പിന്നെ ട്രിഡ കല്ലിടും, പിന്നെ ഗവൺമെന്റ് കല്ലിടും . ഞാൻ എന്നും പോകുന്ന കരമന മെയിൻ റോഡിൽ ആറ് കല്ലാണ്. ഒരു ദിവസം ഞാൻ അതുവഴി പോയപ്പോൾ രാവിലെ അവിടെ കല്ലിടൽ ചടങ്ങ് നടക്കുകയാണ്. ഒരു മന്ത്രി പങ്കെടുത്തു. മൂന്നാം ദിവസം വീണ്ടും അതുവഴി പോയപ്പോൾ ട്രാഫിക് ജാം. എന്താണെന്ന് തിരക്കിയപ്പോൾ റോഡിന് കല്ലിടലാണെന്ന് അറിഞ്ഞു. ഇത് കല്ലിടൽ ഗവൺമെന്റാണ്. തിരുവനന്തപുരത്ത് ഒരു സിവിൽ സ്റ്റേഷൻ വേണമെന്ന് നിരന്തരമായിട്ടുള്ള നമ്മുടെ ഒരു ആഗ്രഹമാണ്. ഇന്നലെ മന്ത്രിമാരുടെ മാമാങ്കം. സിവിൽ സ്റ്റേഷന് ഇന്നലെ കല്ലിട്ടു. എന്ത് സ്ഥിതിയാണെറിയാമോ ? അവിടെ മുന്നേമുക്കാൽ ഏക്കർ മിച്ച ഭൂമി നേരത്തെ ടൂറിസം വകുപ്പിന് കൊടുത്തതാണ്. ഇന്നലെ കൂടിയ മന്ത്രിസഭായോഗം ടൂറിസത്തിന് കൊടുത്ത മിച്ചഭൂമി റവന്യൂ വകുപ്പിന് കൈമാറി. ഇന്നലത്തെ മന്ത്രിസഭാ തീരുമാനമെടുത്ത് പത്ത് മിനിട്ട് കഴിഞ്ഞപ്പോൾ ശിലാസ്ഥാപനം നടത്തി. ഇതിന് ടെണ്ടർ വേണ്ടേ ? ഇതിന്റെ പണി കോൺട്രാക്റ്റേഴ്സിനെ ഏൽപ്പിക്കണ്ടേ ? ഒരു വകുപ്പിന്റെ ഭൂമി മറ്റൊരു വകുപ്പിന് ഏൽപ്പിച്ച് പത്ത് മിനിറ്റ് കഴിഞ്ഞപ്പോൾ ശിലാസ്ഥാപനം നടത്തുന്നു. ഇത് എന്താണ് ? കുറേ ഗവൺമെന്റുകളെ കണ്ട സഭയാണിത്. സീറ്റ് കിട്ടിയവരുടേയും സീറ്റ് കിട്ടാത്തവരുടേയും ഒരു ഇലക്ഷൻ സ്റ്റണ്ടാണിത്. ഈ ഗവൺമെന്റ് ചെയ്യുന്നത് നോട്ടീസ് ഇറക്കും, അദ്ധ്യക്ഷൻ, ഉദ്ഘാടനം നടത്തും. പിന്നെ ആശംസാപ്രസംഗമൊക്കെ നടത്തും. ഡോർമറ്ററിക്ക് കല്ലിടൽ, ഗസ്റ്റ് ഹൗസ് കല്ലിടൽ, ലാട്രിന് കല്ലിടൽ, ബെഡ് റൂമിന് കല്ലിടൽ, മാസ്റ്റർ ബെഡിന് കല്ലിടൽ, അടുക്കളയ്ക്ക് കല്ലിടൽ, ഒരു കെട്ടിടത്തിന് പതിനഞ്ച് കല്ലാണ്. ഒരു പരിപാടിക്ക് എട്ടും പത്തും മന്ത്രിമാർ. എന്റെ കൈയിലിരിക്കുന്നത് നോട്ടീസാണ്. ഇന്ന് എന്റെ നിയോജകമണ്ഡലത്തിൽ ഒരു പരിപാടിയുണ്ട്. നല്ല രസമാണ്. സ്വാഗതം- അദ്ധ്യക്ഷൻ ഹോസ്റ്റൽ ബ്ലോക്ക്, ഗസ്റ്റ് ഹൗസ് ബ്ലോക്ക് . അതുപോലെ അവിടെ ഒരു കിച്ചൻ ബ്ലോക്കും, ബാത്ത് റൂം ബ്ലോക്കും ഒരു മാസ്റ്റർ ബെഡ് ബ്ലോക്കുംകൂടി വേണം. ഇത് കേരളത്തിന്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അപമാനമല്ലേ? തെരഞ്ഞെടുപ്പ് വരുകയും പോകുകയും ചെയ്യും. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് രാഷ്ട്രീയപ്രേരിതമായി ഇത്രയും മോശമായ നടപടി സ്വീകരിച്ച ഒരു ഗവൺമെന്റ് കേരളത്തിലുണ്ടായിട്ടുണ്ടോ? വൈദ്യുതി വകുപ്പിന്റെ കാര്യം എടുക്കാം. 'പ്രശാന്ത കേരളം സുന്ദര കേരളം'. ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ അയ്യായിരം കോടി രൂപയുടെ കടത്തിലാണ്. എല്ലാ പത്രങ്ങളിലും ടി.വി.യിലും പരസ്യം 'പ്രശാന്ത കേരളം സുന്ദര കേരളം' എന്നാണ്. അതുപോലെ പി.ആർ.ഡി. പ്രസിദ്ധീകരിച്ച അഞ്ചുവർഷത്തെ നേട്ടങ്ങൾ വെറും പരസ്യമാണ്. കാലിയായ ഖജനാവ്. മന്ത്രിമാർ പലരും അകത്തുപോകേണ്ട ഗവൺമെന്റ്. തൊഴിലില്ലാത്തവരുടെ കാര്യമെടുത്താൽ, ഞങ്ങൾ അധികാരത്തിൽനിന്നുംപോകുമ്പോൾ തൊഴിലല്ലാത്തവരുടെ എണ്ണം 32 ലക്ഷമായിരുന്നത് ഇപ്പോൾ 42 ലക്ഷമാണ്. അതുപോലെ കുറ്റകൃത്യങ്ങളുടെ കണക്ക്. സെൻട്രൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ച് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. വാഹനാപകടത്തിന്റെ കാര്യത്തിൽ മഹാരാഷ്ട്ര കഴിഞ്ഞാൽ കേരളം രണ്ടാം സ്ഥാനത്താണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കണക്കെടുത്താൽ കേരളം നാലാം സ്ഥാനത്താണ്. രാഷ്ട്രീയ സംഘട്ടനം- 5242; രാഷ്ട്രീയ കൊലപാതകങ്ങൾ-67, പരിക്കുപറ്റിയവർ-8297; വിദ്യാർത്ഥിരാഷ്ട്രീയ കൊലപാതകം-6; ആത്മഹത്യ-41,549; കൂട്ട ആത്മഹത്യ-250, കുടുംബ ആത്മഹത്യ-54; ദുരൂഹ സാഹചര്യത്തിൽ മരിച്ചവർ-147, അനാഥ പ്രേതങ്ങൾ-975. ഇതിൽ 33-ഉം കൊലപാതകങ്ങളാണെന്ന് തെളിഞ്ഞു. മോഷണങ്ങൾ -24,477; മോഷണ ശ്രമങ്ങൾ-1392; കൊള്ള-749; സംഘടിത കൊള്ള-156; പെരുവഴിക്കൊള്ള-77; പട്ടാപ്പകൽ കൊള്ള-234; കവർച്ച-2222; പോലീസ് പ്രതികളായ കേസുകൾ -853. ഇതിലും കേരളത്തിന് റിക്കാർഡാണ്. ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റിന് ഒരു നിമിഷംപോലും ഭരിക്കാനുള്ള അവകാശമില്ല. ഇതൊരു വണ്ടിച്ചെക്ക് ഗവൺമെന്റാണ്. ഇവിടെ ഓവർഡ്രാഫ്റ്റാണ്. രണ്ടുവർഷം കൊണ്ട് വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് 69 തവണ എടുത്തിരിക്കുകയാണ്. കേരളത്തിലെ പൊതുകടം 30,000 കോടി രൂപയാണ്. ഞാൻ ഇപ്പോൾ പ്രസംഗിക്കുന്ന സമയത്ത് കേരളത്തിൽ ജനിക്കുന്ന ഒരു കുട്ടി പതിനായിരം രൂപയുടെ കടക്കാരനായാണ് ജനിക്കുന്നത്. അങ്ങനെയാണ് നിങ്ങളുടെ ഭരണം മുന്നോട്ടുപോകുന്നത്. ഇപ്പോൾ പത്രങ്ങളിൽ ഫുൾപേജ്, പരസ്യമല്ലേ വരുന്നത്? 'പ്രശാന്ത കേരളം സുന്ദര കേരളം' എന്നും വർണ്ണ മനോഹരമായ മന്ത്രിമാരുടെ ചിത്രങ്ങളുമാണ് പത്രങ്ങളിൽ വരുന്നത്. ഇങ്ങനെ കേരളത്തെ നശിപ്പിക്കാമോ? ജനങ്ങളോട് ഇത്രയും പ്രതിജ്ഞാബദ്ധമില്ലാത്ത, ജനങ്ങളോട് താല്പര്യമില്ലാത്ത ജനവഞ്ചകയായ ഗവൺമെന്റ് കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. നിങ്ങൾക്ക് ഈ വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവരാൻ അധികാരമില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. അപ്പുറത്തുനിന്ന് പ്രസംഗം തുടങ്ങിവച്ച ശ്രീ. തമ്പാനൂർ രവിയുടെ പ്രസംഗം കേട്ടപ്പോൾ വേശ്യയുടെ ചാരിത്ര്യ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗമായിട്ടേ എനിക്ക് തോന്നിയുള്ളൂ. അദ്ദേഹം ആദ്യമേ തുടങ്ങിയതുതന്നെ ഒരു വിവരക്കേടാണ്. കാരണം ധനവിനിയോഗ ബിൽ അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് അവകാശമില്ല എന്നാണ് പറഞ്ഞത്. പിന്നെ നിങ്ങളാണോ ഈ ധനവിനിയോഗ ബിൽ അവതരിപ്പിക്കേണ്ടത് ? ഈ ഗവൺമെന്റല്ലേ അവതരിപ്പിക്കേണ്ടത് ? ഈ ഗവൺമെന്റ് ഭരണം നടത്തുമ്പോൾ ഈ ഗവൺമെന്റ് തന്നെയാണ് ധനവിനിയോഗ ബിൽ അവതരിപ്പിക്കേണ്ടത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ശ്രീ. തമ്പാനൂർ രവി വിവരക്കേടാണ് പറഞ്ഞതെന്ന്. കാർഗിൽ ഫണ്ട് പിരിച്ച് ജവാന്മാരെ വഞ്ചിച്ചുവെന്ന് പറഞ്ഞു. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ അത് കേൾക്കാനുള്ള സഹിഷ്ണുത നിങ്ങൾ കാണിച്ചില്ല. കാള പെറ്റുവെന്ന് കേൾക്കുമ്പോൾതന്നെ കയറെടുത്ത് പോകുകയല്ലേ ? അതല്ലേ ഉണ്ടായത് ? കാർഗിൽ സംഭവവുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്ന കേരളത്തിലെ ജവാൻമാരെ സഹായിക്കുന്നതിനുവേണ്ടി പിരിച്ച ഫണ്ട് വളരെ ന്യായമായ രൂപത്തിൽ തന്നെയാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കിയുള്ള ഫണ്ട് മിച്ചം വച്ചിട്ടുണ്ട്. മരിച്ച ജീവനക്കാർക്ക് ഇത്രരൂപ കൊടുക്കുമെന്ന് പറഞ്ഞത് കൊടുത്തു, മുറിവേറ്റവർക്ക് കൊടുക്കുമെന്നുപറഞ്ഞ രൂപ കൊടുത്തു. മരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ കൊടുത്തു. നിങ്ങൾ ചെയ്യാത്ത കാര്യങ്ങൾ ഞങ്ങൾ ചെയ്യുമ്പോൾ നിങ്ങൾക്ക് സഹിക്കില്ല. 1991 മുതൽ 1996 വരെയുള്ള അഞ്ച് കൊല്ലക്കാലം, നിങ്ങൾ ഭരിച്ചിരുന്ന കാലത്തുള്ള സംഭവങ്ങളാണ് ശ്രീ. തമ്പാനൂർ രവി ഇവിടെ പറഞ്ഞത്. അതിൽനിന്നൊക്കെ ഭേദമാണ് ഇപ്പോൾ കേരളം എന്നുള്ളകാര്യത്തിൽ യാതൊരു സംശയവും വേണ്ട. യു.ഡി.എഫ്. നേതാക്കൻമാരെക്കുറിച്ച് പറയുകയാണെങ്കിൽ ഭരണമില്ലാത്തതിന്റെ ഒരു വേവലാതിയാണ് ഇപ്പോൾ അവർക്കുള്ളത്. അടുത്ത അഞ്ച് വർഷത്തേയ്ക്കുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ ഇനി എന്തുചെയ്യുമെന്ന് വിചാരിച്ചുള്ള വേവലാതിയാണ് അപ്പുറത്തിരിക്കുന്ന പല നേതാക്കൻമാർക്കുമുള്ളത്. മൽസ്യത്തിനെ വെള്ളത്തിൽനിന്ന് കരയിലിട്ടാലുള്ള അവസ്ഥയാണ് ഇപ്പോൾ അവർക്കുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ച് വർഷം തികയ്ക്കാൻവേണ്ടി പോകുമ്പോൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി പൊള്ളയായിട്ടുള്ള പ്രചാര വേലയാണ് കോൺഗ്രസ്സ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ യഥാർത്ഥ കടമയെന്നു പറയുന്നത് ജനങ്ങളോടുള്ള പതിബദ്ധതയാണ്. അത് കഴിഞ്ഞ അഞ്ച് വർഷക്കാലവും നിങ്ങൾ ഈ സഭയിൽ പ്രതിഫലിപ്പിച്ചിട്ടില്ല എന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അവരവരുടെ കാര്യങ്ങൾക്കുവേണ്ടി, പത്രങ്ങളിൽ ചില വാർത്തകൾ വരുന്നതിനുവേണ്ടി, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയല്ലാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് പോക്കണം കെട്ട പ്രതിപക്ഷമെന്നു ശ്രീമാൻ കെ. കരുണാകരൻ പറഞ്ഞത്. ഞങ്ങളല്ല പറഞ്ഞത്. എന്താണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി ? 1991-ൽ നിങ്ങൾ തുടങ്ങി വച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി ഇന്ത്യാ രാജ്യം വലിയ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക രംഗത്തും മറ്റെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലും നമ്മുടെ രാജ്യം ഇന്നു തകർച്ചയിലേക്ക് നീങ്ങുകയാണ്. നൂറു രൂപ കടം വാങ്ങുമ്പോൾ അതിൽ 70 രൂപയും രാജ്യത്തെ കടത്തിനുമേലുള്ള പലിശ കൊടുക്കാൻ വേണ്ടി ചെലവഴിക്കുന്നു എന്നുള്ള അവസ്ഥ നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ട്. ഇന്ത്യാ രാജ്യത്തിന്റെ ഒരു ചെറിയ ഭാഗമാണല്ലോ കേരളം. സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പക്ഷേ അത്തരം സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോഴും കേരളത്തിലെ ജനങ്ങളോടു പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിട്ടുള്ളത്. അതുകൊണ്ടാണ് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടായിട്ടുള്ളത്. അതിലെന്താണ് സംശയം? കഴിഞ്ഞ നാല്പത് കൊല്ലക്കാലംകൊണ്ട് നിങ്ങൾക്ക് ചെയ്തുതീർക്കാൻ കഴിയാത്ത കാര്യങ്ങൾ കഴിഞ്ഞ അഞ്ച് വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾകൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളിലൂടെയും ഗവൺമെന്റ് നേരിട്ടും ഏറ്റെടുത്തിട്ടുള്ള നിരവധി കൺസ്ട്രക്ടീവായിട്ടുള്ള വികസന പ്രവർത്തനങ്ങൾ ആർക്കെങ്കിലും നിഷേധിക്കാൻ പറ്റുമോ? ഏതെങ്കിലുമൊരു എം.എൽ.എ.യുടെ മണ്ഡലത്തെ അവഗണിച്ചു എന്നു പറയാൻ പറ്റുമോ? ഒരുപക്ഷേ പരിശോധിച്ചുനോക്കിയാൽ ഇപ്പുറത്തിരിക്കുന്ന പല എം.എൽ.എ.മാർക്കും കിട്ടിയതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ അപ്പുറത്തിരിക്കുന്ന എം.എൽ.എ.മാർക്ക് കിട്ടിയിട്ടുണ്ട് എന്ന് കാണാം. പാലങ്ങളുടെ കാര്യമായാലും റോഡുകളുടെ കാര്യമായാലും താലൂക്കുകളുടെ കാര്യമായാലും മറ്റു പല കാര്യങ്ങളിലും ഇതാണുണ്ടായിട്ടുള്ളത്. എന്നിട്ടും നിങ്ങൾ നന്ദികേടാണ് പറയുന്നത്. പോരായ്മകൾ പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. കാര്യങ്ങൾ നടക്കാൻവേണ്ടി 'പാലം കടക്കുവോളം നാരായണ, നാരായണ' അതുകഴിഞ്ഞാൽ 'പുരായണ, പുരായണ' എന്നു പറഞ്ഞതുപോലെ ഓരോരുത്തരും അവരവരുടെ വാർഡുകളിലേയ്ക്കും മണ്ഡലങ്ങളിലേയ്ക്കും ആവശ്യത്തിന് വികസനങ്ങൾ വാങ്ങിയിട്ട് ഇപ്പോൾ ഗവൺമെന്റിനെ പഴിചാരുകയാണ്. ട്രഷറിയിൽ ചില നിയന്ത്രങ്ങളുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റ് ചെക്ക് കൊടുത്തിട്ടുണ്ട്. നാട്ടിൽ വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഗവൺമെന്റ് ചെക്ക് തന്നെയാണ് കൊടുക്കുക. അതിലെന്താണ് സംശയം? ഈ ഗവൺമെന്റ് ചെക്ക് കൊടുക്കുന്നത് വികസന പ്രവർത്തനങ്ങൾ നടക്കുന്നത് കൊണ്ടാണ്. നിങ്ങളുടെ കാലത്ത് ചെക്ക് പോയിട്ട് ഒരു ചുക്കും കൊടുത്തിട്ടില്ല. എന്തുകൊണ്ടാണ് കൊടുക്കാൻ കഴിയാത്തത്? ഒന്നും നടക്കാത്തതുകൊണ്ടാണ്. ഒന്നോ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞാലെങ്കിലും പൈസ കിട്ടുമെന്നുള്ളതിന്റെ ഉറപ്പാണല്ലോ ചെക്ക്. നിങ്ങളുടെ കാലത്ത് വല്ലതുമുണ്ടായിട്ടുണ്ടോ? ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാണിക്കണ്ട. 1991-96-ലെ യു.ഡി.എഫ്.ന്റെ ഭരണ കാലത്ത് നടന്നതിന്റെ പതിൻമടങ്ങ് വികസനമാണ് ഈ കാലഘട്ടത്തിൽ നടന്നിട്ടുള്ളത്. അതിനൊക്കെ രേഖയുണ്ട്. നിങ്ങൾ ഇവിടെ എന്തൊക്കെ പറഞ്ഞു നടന്നാലും ജനം സമ്മതിക്കില്ല. കാരണം ആനുകൂല്യങ്ങൾ ജനങ്ങളാണ് അനുഭവിക്കുന്നത് രാജ്യത്തെ സാമ്പത്തിക സ്ഥിതി ഈ രൂപത്തിൽ വഷളായതിന് ഉത്തരവാദികളായ നിങ്ങൾ ഇന്ന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തെറ്റായ സാമ്പത്തിക നയത്തിനെതിരായി ഒരു അക്ഷരം ഉരുവിടാതെ ലോകപ്രശസ്തി, പിടിച്ചുപറ്റിയ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

നായനാർ ഗവൺമെന്റിനെയാണ് എതിർക്കുന്നത്. ജനകീയാസൂത്രണത്തെ സംബന്ധിച്ച് നിങ്ങൾ കുവിക്കോ, പക്ഷേ ജനങ്ങൾ അത് അംഗീകരിക്കും. ജനകീയാസൂത്രണത്തെ കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചു, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ അംഗീകരിച്ചു; ലോകം മുഴുവനും അംഗീകരിച്ചു. ചില പോരായ്മകളുണ്ടായിട്ടുള്ളത് ഞാൻ സമ്മതിക്കുന്നു. എങ്കിലും ലോക പ്രശസ്തി, ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പദ്ധതിയാണത്. അതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോഴാണ് ഈ സംസ്ഥാനത്ത് നൂറു ശതമാനം സാക്ഷരത ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഈ ഗവൺമെന്റിനെ എതിർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഈ രാജ്യത്തെ തകർത്ത് തരിപ്പണമാക്കിക്കൊണ്ടിരിക്കുന്ന, ജനാധിപത്യമതേതര മൂല്യങ്ങൾ തകർക്കുന്ന ബി.ജെ.പി.യുടെ ഫാസിസ്റ്റ് ഗവൺമെന്റിനെതിരായി നിങ്ങൾക്ക് ഒരു അക്ഷരംപോലും മിണ്ടാനില്ല. അവിടെയാണ് ജനങ്ങൾക്ക് നിങ്ങളോട് സംശയം. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ വെല്ലുവിളി കേൾക്കാൻ എന്തു രസമായിരുന്നു. ഞാൻ ചോദിക്കട്ടെ, ഇവിടെ ഇലക്ഷൻ കമ്മീഷൻ വന്നു. ഇലക്ഷൻ കമ്മീഷൻ വന്നപ്പോൾ യു.ഡി.എഫ്. നേതാക്കന്മാർ ടി.വി.ക്കാരേയും പത്രക്കാരേയും വിളിച്ചുകൊണ്ടുപോയി ഇവിടെ മര്യാദയ്ക്ക് ഇലക്ഷൻ നടത്തണമെന്നു പറഞ്ഞുകൊണ്ട് നിവേദനം കൊടുക്കാൻവേണ്ടി പോയല്ലോ? നിങ്ങൾക്ക് കേരളത്തിലെ ജനങ്ങളെ വിശ്വാസമുണ്ടോ? ഇലക്ഷൻ കമ്മീഷൻ അല്ലല്ലോ വോട്ടു ചെയ്യുന്നത്; ജനങ്ങളല്ലേ? നിങ്ങൾക്ക് ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയുന്നില്ല. നിങ്ങൾക്ക് ജനങ്ങളെ വിശ്വാസമില്ലെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ്, അല്ലെങ്കിൽ തോൽക്കുമെന്ന് ബോധ്യപ്പെട്ടത് കൊണ്ടാണ് നിങ്ങൾ ആരുടെയെങ്കിലും ഔദാര്യത്തിൽ കടന്നുകൂടാൻ ശ്രമിക്കുന്നത്. എന്ത് ആത്മവിശ്വാസം പകരാൻവേണ്ടിയാണ് പ്രതിപക്ഷനേതാവ് ഇന്നലെ ഇവിടെ പ്രസംഗം നടത്തിയത്? ആ പ്രസംഗം കേട്ടാൽ അവരെല്ലാ പേരും ഒരുമിച്ചു നിൽക്കുമെന്നാണ് പ്രതിപക്ഷനേതാവിന്റെ ധാരണ. അങ്ങനെ നിൽക്കാൻ കഴിയുകയില്ല. അതിലൊരു സംശയവും വേണ്ട. യു.ഡി.എഫ്-ൽ ഇന്നുള്ള സംവിധാനം ശ്രീ. കെ. കരുണാകരൻ ഉണ്ടാക്കിയതാണല്ലോ? ഇങ്ങനെയൊരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതില്ലാതാക്കാനും ബഹുമാനപ്പെട്ട കരുണാകരന് അറിയാം. കുറച്ചു കൂടി കഴിയുമ്പോൾ അപ്പുറത്ത് കോൺഗ്രസ്സിന്റെ കൂടെയിരിക്കുന്ന പ്രധാന ഘടകകക്ഷിയായ ലീഗുൾപ്പെടെയുള്ളവരുടെ കാര്യങ്ങൾ എന്താണെന്ന് നമുക്ക് മനസ്സിലാക്കാം. ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടി വേറെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി വേറെ, കുട്ടിമുട്ടും. സി.ടി.യും ഇ.ടി.യും തമ്മിൽ കുട്ടിമുട്ടും. അതിനുള്ള എല്ലാ സന്ദർഭങ്ങളും ഉരുത്തിരിഞ്ഞുവരികയാണ്. ഞങ്ങൾക്കത് മനസ്സിലാകുന്നുമുണ്ട്. യു.ഡി.എഫ്. എന്ന ഇന്നത്തെ ഈ സങ്കല്പം തകരാൻപോകുകയാണ്, ഇല്ലതാക്കാൻ പോകുകയാണ്. ഞാൻ തമാശയല്ല. യാഥാർത്ഥ്യമാണ് പറയുന്നത്. കാണാൻ പോകുന്ന പൂരം എന്തിനാണ് ചോദിച്ചറിയുന്നത്? കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് നൽകാൻ പോകുന്ന സ്ഥാനം എന്താണെന്നറിയാമോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇലക്ഷൻ കഴിയുമ്പോൾ അനന്തമായിട്ടുള്ള അജ്ഞാതവാസമായിരിക്കും ലഭിക്കാൻപോകുന്നത്. അപ്പുറത്ത് ഇരിക്കുന്ന മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പലയാളുകൾക്കും ജയിൽവാസവും. ഇപ്പുറത്തിരുന്നുകൊണ്ട് ത്യാഗം സഹിച്ച് കോടിക്കണക്കിന് രൂപ വെട്ടിവിഴുങ്ങിയതിന് കുറേ ആളുകൾക്ക് ജയിൽവാസം. പിന്നെ സുഖിയൻമാരായിട്ടുള്ള കുറേ ആളുകൾക്ക് സുഖവാസം. ജനങ്ങൾ നിങ്ങളെ ആ നിലയ്ക്ക് എത്തിക്കുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അത് ചരിത്രപരമായി നടക്കാൻപോകുന്ന സംഗതിയാണ്. ഇപ്പോൾ നിങ്ങൾ മോചനയാത്ര എന്നു പറഞ്ഞുകൊണ്ട് ഒരു ജാഥ നടത്തി. ആ ജാഥയിൽ നിങ്ങൾ എന്താണ് പ്രസംഗിച്ചത് ? വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നും നിങ്ങൾക്ക് പറയാനില്ല. അതിനെ സംബന്ധിച്ച് ഒരു വിമർശനമുണ്ടായിട്ടില്ല. വിമർശനം വന്നാൽ ജനങ്ങൾ കൈകാര്യം ചെയ്യും, അതുകൊണ്ട് അത് പറയുകയില്ല. ആകെ എന്താണ് പറഞ്ഞത് ? ഞങ്ങൾ അധികാരത്തിൽ വന്നാൽ സ്വകാര്യമേഖലയിൽ എൻജിനീയറിംഗ് കോളേജ്. ഇപ്പോൾ അതും പോയല്ലോ ? ഇനി ഇപ്പോൾ നിങ്ങളെന്ത് പറയും ? പതിനാറു താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇപ്പോൾ എന്താണ് സ്ഥിതി ? പേരുണ്ടോ ? കുട്ടി ജനിക്കുന്നതിനുമുൻപ് ആരെങ്കിലും പേരിടാറുണ്ടോ ? അങ്ങനെയാണോ നിങ്ങളുടെ സംസ്ക്കാരം ? ഗവൺമെന്റിപ്പോൾ നോട്ടിഫിക്കേഷനിറക്കി പതിനാറ് താലൂക്കുകൾ രൂപീകരിക്കാൻ പോകുന്നു. പേരിടുന്നതിനെ സംബന്ധിച്ചാണ് നിങ്ങളുടെ ആരോപണം. കുട്ടി ജനിച്ചതിനുശേഷമേ പേരിടാറുള്ളൂ. നിങ്ങൾ അവസാനമായി പറഞ്ഞ സ്വകാര്യ എൻജിനീയറിംഗ് കോളേജ് വാദം നടക്കുകയില്ലെന്നു വന്നപ്പോൾ ഇനി എന്താണ് പറയാൻ പോകുന്നത് ? ഇതൊക്കെ ജനം അറിയുന്നുമുണ്ട്, കാണുന്നുമുണ്ട്. ഇവിടെ കോൺഗ്രസ്സിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? ബംഗാളിൽ മമതാ-ബി.ജെ.പി. സഖ്യത്തിലേയ്ക്ക് സംസ്ഥാന നേതാക്കന്മാരും എം.എൽ.എ.മാരും പോയി. എന്താണ് തമിഴ്നാട്ടിലെ സ്ഥിതി ? കോൺഗ്രസ്സിനെ മൊത്തത്തിൽ നായ നക്കിയ കലംപോലെ ഇന്ത്യാ രാജ്യത്തിലെ ജനങ്ങൾ ആക്കിത്തീർക്കാൻ പോകുകയാണ്. അത്രയ്ക്ക് കോൺഗ്രസ്സ് വികൃതമായിരിക്കുകയാണ് . പ്രതിപക്ഷത്തിരുന്നുകൊണ്ട് നല്ല കാര്യങ്ങളെ അംഗീകരിച്ചാൽ എന്താണ് കുഴപ്പം ? വാദിക്കുമല്ലോ ? നിങ്ങൾ എന്താണ് ചെയ്തത് ? ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇന്നത് ചെയ്യുമെന്ന് ഇന്നലെ പ്രതിപക്ഷ നേതാവ് ഇവിടെ പ്രസംഗിച്ചു. ഞാൻ ചോദിക്കട്ടെ നിങ്ങൾ എത്രകാലം ഇവിടെ ഭരിച്ചു ? എന്തെങ്കിലും ചെയ്തോ ? പ്രതിപക്ഷനേതാവിന്റെ സ്വഭാവം ചില റിട്ടയേർഡ് ഉദ്യോഗസ്ഥൻമാരെ പോലെയാണ്. ഔദ്യോഗിക സ്ഥാനത്തിരിക്കുമ്പോൾ ഒരു ചുക്കും ചെയ്യില്ല. സാങ്കേതികത്വംകൊണ്ട് വീര്യം കാട്ടി നടക്കും. അധികാരത്തിലിരിക്കുമ്പോൾ എന്തൊക്കെ ചെയ്യാമായിരുന്നു ? ഇത് എന്റെ മാത്രം അഭിപ്രായമല്ല. അപ്പുറത്തിരിക്കുവരുടേയും അഭിപ്രായമാണ്. ആരായാലും അധികാരത്തിൽ വരുമ്പോൾ, അത് മന്ത്രിസഭയായാലും ഉദ്യോഗസ്ഥ മേധാവികൾ ആയാലും പാവപ്പെട്ടവർക്കുവേണ്ടി പറ്റുന്ന കാര്യങ്ങൾ ചെയ്യാൻ പറ്റുമ്പോൾ ചെയ്യണം. അത് ചെയ്യാൻ ഈ ഗവൺമെന്റ് സന്നദ്ധത കാണിച്ചിട്ടുണ്ട് ; മുന്നോട്ട് വന്നിട്ടുണ്ട്. അത് തന്നെയാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. അതുകൊണ്ടാണ് ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്ന ഈ ഒരു ഏർപ്പാട്. അങ്ങാടിയിൽ തോറ്റാൽ പിന്നെ ആശാന്റെ നെഞ്ചത്ത് എന്നൊരു ചൊല്ലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്യുമ്പോൾ നിങ്ങൾക്ക് വേവലാതിയാണ്; ബോറാണ്. ഒരിക്കൽകൂടി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ നിങ്ങളുടെ കാര്യം ഞാൻ പറയേണ്ടിതില്ലല്ലോ. ചില ആളുകൾക്ക് ജയിൽവാസം, ചിലയാളുകൾക്ക് വനവാസം. അതായിരിക്കും നിങ്ങളുടെ അവസ്ഥ. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ കേരളത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഉയർത്തിപ്പിടിക്കുന്ന മുന്നണിക്ക് മാത്രമേ ഇൻഡ്യാ രാജ്യത്തിൽ ഒരു ബദലായി മാറാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മാത്രമേ ജനാധിപത്യവും മതേതരത്വവും കാത്ത് സൂക്ഷിക്കുവാനും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരായ പോരാട്ടങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് മുന്നോട്ട് പോകാനും കഴിയുകയുള്ളൂ. കേരളത്തിനുവേണ്ടി, കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. മാമ്മൻ മത്തായി : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. 10-ാം കേരള നിയമസഭ ഏതാനും മണിക്കൂറുകൾ കഴിയുമ്പോൾ അവസാനിക്കുകയാണ്. സഭയുടെ പ്രവർത്തനങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ് എന്ന് രാവിലെ ബഹുമാന്യനായ സ്പീക്കർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രിയുടെ കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണം കേരള ചരിത്രത്തിന്റെ ഭാഗമായി മാറുവാൻപോകുന്നു. കഴിഞ്ഞ 5 വർഷക്കാലം നമ്മുടെ സംസ്ഥാനം ഭരിച്ച് മുടിച്ച് ഖജനാവ് കാലിയാക്കി, സംസ്ഥാനത്തെ കടക്കെടിയിലാക്കിയ ധനകാര്യ വകുപ്പുമന്ത്രി എന്ന് ഈ രാജ്യത്തെ ജനങ്ങൾ അദ്ദേഹത്തെ സ്മരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുമാന്യനായ നാരായണൻ നമ്മുടെ സംസ്ഥാനത്ത് തന്നെയാണോ ജീവിക്കുന്നത് എന്ന് എനിക്ക് സംശയമുണ്ട്. തീർച്ചയായും അദ്ദേഹത്തിന് ഇപ്രാവശ്യം ഒരു സീറ്റ് കൊടുക്കണം. കാരണം അദ്ദേഹം ഇത്രയൊക്കെ ഈ ഗവൺമെന്റിനെ താങ്ങി പറഞ്ഞതല്ലേ. ഏതായാലും ഒരു കാര്യം ഭരണകക്ഷിഅംഗങ്ങൾ ഓർക്കണം. കഴിഞ്ഞ 5 കൊല്ലംകൊണ്ട് ഏതെങ്കിലും ഒരു മേഖലയിൽ വളർച്ച നേടുവാൻ ഈ ഗവൺമെന്റിന്റെ പ്രവർത്തനം കൊണ്ട് കഴിഞ്ഞോ എന്നുള്ള കാര്യം ആലോചിക്കേണ്ടിയിരിക്കുന്നു. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഐക്യ ജനാധിപത്യമുന്നണിയുടെ ഭരണം സുവർണ്ണ കാലഘട്ടം തന്നെയായിരുന്നു. യാതൊരു സംശയവുമില്ല. ഒരു കിലോ റബ്ബറിന് 67 രൂപ വരെ കൃഷിക്കാർ വില വാങ്ങിച്ച കാലഘട്ടം ഉണ്ടായിരുന്നു. ഇപ്പോൾ എത്രയുണ്ട് ? ഇപ്പോൾ ഒരു കിലോ റബ്ബറിന് 28 രൂപ. ഐക്യജനാധിപത്യമുന്നണി ഭരണം വിടുമ്പോൾ ഒരു ക്വിന്റൽ നെല്ലിന് 750 രൂപയായിരുന്നു. ഇപ്പോൾ 500 രൂപയായി. കാർഷികോൽപ്പന്നങ്ങൾക്കെല്ലാം വില കുറഞ്ഞ ഒരു കാലഘട്ടം ഇതുവരെ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും പറഞ്ഞാൽ മൂന്ന് വാചകത്തിൽ പിടിച്ച് രക്ഷപ്പെടും ഗാട്ട്, ആഗോളവൽക്കരണം, ഉദാരവൽക്കരണം. ഇത് മൂന്നും ഇല്ലായിരുന്നുവെങ്കിൽ..... എന്റെ ബഹുമാന്യനായ സുഹൃത്ത് ഒരു കാര്യം ആലോചിക്കണം. അതൊക്കെ നമ്മുടെ രാജ്യത്ത് യാഥാർത്ഥ്യമായിത്തീർന്ന സംഗതികളാണ്. ഇതൊക്കെ മറികടക്കാൻ ആലോചിക്കണം. അതിന്റെ സാദ്ധ്യതകൾ ഉൾക്കൊണ്ടുകൊണ്ട് അതിനെ മറികടക്കാൻ നോക്കാതെ രാവിലെ മുതൽ വൈകുന്നേരം വരെ കോളാംബിയും വച്ച് ഗാട്ടും ആഗോളവൽക്കരണവും ഉദാരവൽക്കരണവും പറഞ്ഞാൽ നമ്മുടെ സംസ്ഥാനം നന്നാവില്ല. കഴിഞ്ഞ ഏതാനും മാസങ്ങൾക്ക് മുൻപ് വിയറ്റ്നാമിലെ കഥ ചില പത്രങ്ങളിൽ വരുകയുണ്ടായി. മഹാരാഷ്ട്രയെപ്പോലെ വലിപ്പമുള്ള ഒരു രാജ്യം, കേരളത്തിന്റെ ഭൂപ്രകൃതിയുള്ള ഒരു രാജ്യം, ലോകത്തിൽ ഏറ്റവും കൂടുതൽ അരി കയറ്റി അയയ്ക്കുന്ന ഒരു രാജ്യം 1986-ൽ ഉദാരവൽക്കരണനയം സ്വീകരിച്ച് ഇന്ന് ലോക രാഷ്ട്രങ്ങളുടെ മുന്നിലേക്ക് വന്നിരിക്കുകയാണ്. നമ്മുടെ സ്ഥിതിയെന്താണ് ? കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവുംകൊണ്ട് ഈ സംസ്ഥാനത്തെ മുടിച്ചു. സംസ്ഥാനത്തിന്റെ വരുമാനം പിരിച്ചെടുക്കാൻ കഴിയുന്നില്ല. 1995-'96 മുതൽ 1999-2000 വരെയുള്ള നികുതിയേതര വരുമാനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുകപോലും പിരിച്ചെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ എല്ലാ മേഖലയിലും ധൂർത്താണ് ഞാൻ കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ പറഞ്ഞത് ഓർക്കുന്നു. തൊഴിലാളികളുടെ വോട്ട് വാങ്ങി ജയിച്ചു വന്ന ഞങ്ങൾക്ക് 14 അംബാസിഡർകാർ ഉണ്ടെങ്കിൽ സുഭിക്ഷമാണെന്നാണ് പറഞ്ഞത്. ഇപ്പോൾ 34 എണ്ണമാണ് ഒറ്റയടിക്ക് വാങ്ങിച്ചത്. അംബാസിഡർകാർ ഇപ്പോൾ ആർക്കും വേണ്ട. ലാൻസറും ബെൻസും ഇല്ലാതെ നടക്കുകയില്ല. പോലീസ് എസ്കോർട്ട് വേണ്ടെന്ന് പറഞ്ഞ മന്ത്രിമാർ ഇന്ന് എസ്കോർട്ടുമായിട്ടാണ് നീങ്ങുന്നത്. ശ്രീ. കരുണാകരൻ ഭരിക്കുമ്പോൾ ക്ലിഫ് ഹൗസിൽ കുളം ഉണ്ടാക്കി എന്ന് കളിയാക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രി, ഇന്ന് രണ്ട് പേരും കൂടി കുളി അതിനകത്താണ്. നമ്മുടെ നാട്ടിൽ നടക്കുന്നത് ഇതാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഒരു കാര്യം ആലോചിക്കണം. അദ്ദേഹത്തിന്റെ അവദാനങ്ങളെ പുകഴ്ത്തിയല്ലോ. രണ്ട് കൊല്ലം മുൻപ് പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുകയുണ്ടായി, അടിസ്ഥാന സൗകര്യ വികസന ഫണ്ട് 507.06 കോടി രൂപ. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ഇപ്പോൾ ഓർക്കുന്നു. 9-ാം പഞ്ചവൽസര പദ്ധതിയിൽ 7 ശതമാനം വളർച്ചാ നിരക്ക് ഉണ്ടാകണം. അതുകൊണ്ട് അടിസ്ഥാന സൗകര്യം വികസിപ്പിക്കണം. കുടിവെള്ളം, പോർട്ട്, ശവസംസ്കാരം, ഡ്രെയിനേജ് തുടങ്ങിയ മേഖലകളിലൊക്കെ വളർച്ച ഉണ്ടാകണമെങ്കിൽ ഈ ഫണ്ട് അടിയന്തിരമായി പിരിച്ചെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. ചീഫ് സെക്രട്ടറി ചെയർമാനായി കമ്മിറ്റി ഉണ്ടാക്കും. മറ്റ് പ്രധാന സെക്രട്ടറിമാർ ഉൾപ്പെടെ സമിതി ഉണ്ടാക്കും. നാണമില്ലല്ലോ. ഗവൺമെന്റ് വിചാരിച്ചിട്ട് ഒരു പദ്ധതി ഉണ്ടാക്കിക്കൊടുക്കാൻ കഴിയാത്ത ഗതികെട്ട ഒരു ധനകാര്യ വകുപ്പുമന്ത്രിയെ കാണാൻ കഴിയുമോ? അതിന്റെ പലിശ 71 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഒരു ദിവസം 18 ലക്ഷത്തിൽചിലാനം രൂപ വേണം

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പലിശ കൊടുക്കാൻ. ഏഴ് വർഷംകൊണ്ട് പലിശയിനത്തിലുള്ള സാഹചര്യമാണ് ഉണ്ടാകുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അതിന് മറുപടി പറയുന്നത് വയബിൾ ആയിട്ടുള്ള പ്രോജക്ട് ഒന്നും ഇതുവരെ കിട്ടിയിട്ടില്ല എന്നാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി കടപ്പത്ര വിലക്ക് രൂപ പിരിച്ച് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ട് ഒരു പ്രോജക്ട് ഉണ്ടാക്കി രൂപ കൊടുക്കാൻ കഴിയാത്ത ഗവൺമെന്റാണ്. ജനകീയാസൂത്രണത്തെപ്പറ്റി ശ്രീ. നാരായണൻ സൂചിപ്പിച്ചു. ഞാൻ ഇന്നലെ റേഡിയോവിൽ കേട്ടു. അതൊക്കെ എൽ.ഡി.എഫ്-ന്റെ തീരുമാനം ആണെന്നാണ് അറിയുന്നത്. നമ്മുടെ രാജ്യം കടക്കെണിയിൽ ആയതിനു കാരണം ജനകീയാസൂത്രണത്തിന് കാശ് കൊടുത്തതുകൊണ്ടാണ്, അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തമായി വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തണം എന്നുള്ള ഒരു രീതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു എന്ന് വൈകുന്നേരം ഞാൻ കേൾക്കുകയുണ്ടായി. ജനകീയാസൂത്രണത്തിന് എത്രയോ കോടി രൂപ ഗവൺമെന്റ് മുടക്കി. ഒരു കാര്യം മാത്രം ആലോചിച്ചാൽ മതി. പ്രത്യുൽപ്പാദനപരമായ എത്ര പ്രോജക്ടുകൾ ഉണ്ടാക്കാൻ കഴിയും? കുറെ മണ്ണിട്ടു, കുറെ വീടുകൾ വച്ചു, കുറേ കക്കൂസുകൾ നിർമ്മിച്ചു കൊടുത്തു എന്നുള്ളതിൽ കവിഞ്ഞ് പ്രത്യുൽപ്പാദനപരമായ എത്ര പ്രോജക്ടുകൾ ഉണ്ടാക്കാൻ കഴിഞ്ഞു? ആയിരക്കണക്കിന് ഏക്കർ കൃഷി ഭൂമിയിൽ വീണ്ടും കൃഷിയിറക്കിയെന്നും ഉപകാരപ്രദമാക്കിയെന്നും കൃഷി വകുപ്പുമന്ത്രി പറയുന്നു. കുട്ടനാട്ടിലെ സ്ഥിതി ഞങ്ങൾക്കല്ലേ അറിയൂ. ഉള്ള പാടങ്ങൾപോലും തരിശിട്ടിരിക്കുകയാണ്. ഉൽപ്പാദനം കുറഞ്ഞുവരുന്നു. ഈ രാജ്യത്തെ കൃഷിക്കാരോട് വളരെയധികം പ്രതിബദ്ധതയുണ്ടെന്ന് പറയുന്ന ഇടതുപക്ഷ ജനാധിപത്യ മുണന്നി ഗവൺമെന്റ് ചെയ്തത് എന്താണ്? കാർഷിക മേഖലയിൽ കടന്നുചെന്ന് കൃഷിക്കാർ പൊന്നുപോലെ വളർത്തിയ കാർഷിക വിളകൾ വെട്ടി നശിപ്പിച്ച സംസ്കാരമുള്ള ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കോടിക്കണക്കിന് രൂപയുടെ മുതൽമുടക്കുള്ള വ്യവസായം അടുത്ത രണ്ടുവർഷംകൊണ്ട് ഉണ്ടാക്കും എന്നും, മൂന്നര ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നും ഇവിടെ വ്യവസായവകുപ്പുമന്ത്രി പ്രഖ്യാപിച്ചു. എത്രപേർക്ക് തൊഴിൽ കൊടുത്തു എന്നറിയാമോ? 5166 പേർക്ക്, വ്യവസായ നയം പ്രഖ്യാപിച്ചതിനുശേഷം കേരളത്തിൽ എത്രപേർക്ക് ജോലി കൊടുത്തു എന്നറിയാമോ ശ്രീ. ജോർജേ? 5166 പേർക്ക്. ഇവിടെ പൊതുമേഖലയിൽ ഒരു സ്ഥാപനവും, ഒരു വ്യവസായവും ഉണ്ടായില്ല. വിദേശ മലയാളികളെ വിളിച്ചുകൊണ്ടുവന്ന് ഇവിടെ ബിസിനസ്സ് നടത്താൻ അമേരിക്കയിൽ പോയി. പോയതിന് ചെലവ് 43 ലക്ഷം രൂപ കിട്ടിയതോ ആകെ 47 ലക്ഷം രൂപ. 31 ലക്ഷം രൂപ വിദേശ നിക്ഷേപവും, 16 ലക്ഷം രൂപ എൻ.ആർ.ഐ. നിക്ഷേപവും പോയതിന്റെ ചെലവ് 43 ലക്ഷം രൂപ. നാല് ലക്ഷം രൂപ ലാഭമുണ്ട്; കുഴപ്പമില്ല. അവിടെനിന്ന് ആൾ വന്നു, ഇല്ല എന്ന് ഞാൻ പറയുന്നില്ല. കേരളത്തിലെ തിരുവല്ല താലൂക്കിൽ ഒരു തുകൽ സംസ്കരണ ഫാക്ടറി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഒരു ലറ്റർ കൊടുത്തു. ഒരു ദിവസത്തെ സംസ്കരണത്തിനു 65,000 ലിറ്റർ വെള്ളം വേണം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വെള്ളംകിട്ടുന്ന 15 ഏക്കർ സ്ഥലം വേണമെന്ന് അവർ പറഞ്ഞു. കൊടുത്തത് എവിടെയാണെന്നറിയാമോ ? ശ്രീ. ടി.എസ്. ജോൺ. സാറിന്റെ പാറമടയിൽ, ഒരു തുള്ളി വെള്ളം കിട്ടാത്ത സ്ഥലത്താണ് അവർ ഇട്ടേച്ചുപോയി. അവർക്ക് തമിഴ്നാട് ഗവൺമെന്റ് സ്ഥലം കൊടുത്തു. കോയമ്പത്തൂർ റെയിൽവേ സ്റ്റേഷന് രണ്ട് കിലോമീറ്റർ മാറി കുറഞ്ഞവിലയ്ക്ക് സ്ഥലം കൊടുത്തു. 5 വർഷത്തേക്ക് ടാക്സ് ഇളവ് അനുവദിച്ചു. 3 വർക്കക്കാലത്തേക്ക് വൈദ്യുതി ചാർജ്ജ് കൊടുക്കണ്ട എന്നുപറഞ്ഞു. ആണുങ്ങളെപ്പോലെ അവർ അവിടെ ബിസിനസ്സ് നടത്തുകയാണ്. ഇവിടെ എന്താണ് സ്ഥിതി ? വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ശർമ്മ പറയുന്നത് ഞങ്ങൾ ഇത്ര മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കി എന്നാണ്. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം നിങ്ങൾ വൈദ്യുതി ഉണ്ടാക്കിയാൽ അത് വാങ്ങാനുള്ള പ്രാപ്തി ഈ രാജ്യത്തെ സാധാരണക്കാരന് വേണ്ടേ ? മൂന്നുപ്രാവശ്യം നിങ്ങൾ വൈദ്യുതി ചാർജ്ജ് കൂട്ടി. വൈദ്യുതി ഉണ്ടെങ്കിലും വൈദ്യുതി ഉപയോഗിക്കാൻ കഴിയാത്ത, അതിന് ചാർജ്ജ് കൊടുക്കാൻ കഴിയാത്ത സാഹചര്യം ഈ രാജ്യത്ത് വന്നുകൊണ്ടിരിക്കുകയാണ്. ഒരു മേഖലയിലും വികസനം ഉണ്ടാകാത്ത, ഖജനാവ് ഭരിച്ചുമുടിച്ച ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സത്യൻ മൊകേരി : സർ, 2001-ലെ കേരള ധനവിനിയോഗബില്ലിനേയും, 2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനേയും ഞാൻ പിൻതുണയ്ക്കുകയാണ്. പത്താം കേരള നിയമസഭയുടെ അവസാനത്തെ ദിവസമാണ് ഇന്ന്. പത്താം കേരള നിയമസഭയുടെ അവസാന ദിവസം ഈ സഭയിൽ സംസാരിക്കുമ്പോൾ വളരെ സന്തോഷമുണ്ട്. ഞാൻ ഒൻപതാം കേരള നിയമസഭയുടെ സമ്മേളനത്തെക്കുറിച്ച് ഓർക്കുകയാണ്. ഇന്നത്തെ പ്രതിപക്ഷ നേതാവായിരുന്നു അന്നത്തെ മുഖ്യമന്ത്രി. അവസാന നാളുകളിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആന്റണി പ്രതിപക്ഷങ്ങൾ പറയുന്ന ഒരു കാര്യങ്ങളും അംഗീകരിക്കാത്ത നിലപാടായിരുന്നു സ്വീകരിച്ചിരുന്നത്. എം.എൽ.എ. മാരെ അദ്ദേഹം അന്ന് കളിയാക്കുകയുണ്ടായി. എം.എൽ.എ.മാരുടെ പ്രധാനപ്പെട്ട ജോലി സെക്രട്ടേറിയറ്റിൽ കയറി ഇറങ്ങി നിവേദനം കൊടുക്കലാണ് എന്നുപറഞ്ഞുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തെ അന്നത്തെ ഭരണ കക്ഷി അംഗങ്ങൾ ഉൾപ്പെടെയുള്ളവർ വിമർശിക്കുകയുണ്ടായി. ഞാനിതു സൂചിപ്പിക്കുന്നത് ഇന്നത്തെ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ പഠിക്കുകയും അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ അഞ്ചു വർഷക്കാലംകൊണ്ട് നടത്തിയിട്ടുണ്ട് എന്ന് പറയാനാണ്. പ്രതിപക്ഷ നേതാവ് വിമോചനയാത്ര അല്ലെങ്കിൽ മോചന യാത്രയൊക്കെ നടത്തി ഇവിടെവന്നിട്ട് എന്തൊക്കെയോ സംസാരിക്കുകയാണ്. അദ്ദേഹം സ്വപ്നംകണ്ട് നടക്കുകയാണ്. ഒരു മുഖ്യമന്ത്രിയായി കേരളത്തിൽ എങ്ങനെ ജീവിക്കണം എന്നതുൾപ്പെടെയുള്ള സ്വപ്നം കണ്ടുകൊണ്ടാണ് അദ്ദേഹം നടക്കുന്നത്. കാണുമ്പോൾ വളരെ കഷ്ടം തോന്നുന്നു. കേരളത്തിന്റെ ആദർശപുത്രൻ എന്നൊക്കെ പറഞ്ഞുകൊണ്ട്, ഞാൻ ബഹുമാനിക്കുന്ന പ്രതിപക്ഷനേതാവ്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയായി മാത്രമേ ജീവിക്കാൻ കഴിയൂ എന്ന രീതിയിലാണ് കാര്യങ്ങൾ സംസാരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്ത് പങ്കാണ് വഹിച്ചിരുന്നത്, അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4 കോടി 62 ലക്ഷം രൂപയാണ് ട്രഷറിയിൽ മിച്ചമുണ്ടായിരുന്നത്. ഇന്നത്തെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ഈ സംസ്ഥാനത്തിന് അധികമായി വരുത്തിവച്ചിട്ടുള്ള 1200 കോടി രൂപയുടെ അധിക ബാദ്ധ്യതകളുമായിട്ടാണ് സഖാവ് നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അങ്ങനെ അധികബാദ്ധ്യതകളുമായി അധികാരത്തിൽവന്നിട്ടുള്ള ഈ ഗവൺമെന്റ് വളരെ പ്രയാസപ്പെട്ടിട്ടാണ് കാര്യങ്ങൾ നടത്തിയിട്ടുള്ളത്. ഇവിടെ പ്രശ്നങ്ങൾ ഇല്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. 100 കോടിയിലധികം ജനസംഖ്യയുള്ള ഒരു രാജ്യത്തിലെ ഒരു ചെറിയ തുരുത്താണ് മൂന്ന് ശതമാനത്തിന് കുറച്ച് മുകളിൽ ജനസംഖ്യയുള്ള സംസ്ഥാനമായ കേരളം. അങ്ങനെയുള്ള ഒരു സംസ്ഥാനത്തെ പ്രശ്നങ്ങൾ ഇന്ത്യയുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്, അത് കാണാതെ ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ എന്നുപറയുന്നത്, ഇന്ത്യയിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള പ്രശ്നങ്ങളാണ് എന്നുപറഞ്ഞ് വാദിക്കുന്നത് ഒരു ദേശീയ പാർട്ടിയുടെ ദേശീയ നേതാവിന് യോജിച്ചതാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത് . എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായിട്ടും 1200 കോടി രൂപയുടെ അധികബാദ്ധ്യതകൾ വരുത്തിവച്ചു, കരാറുകൾക്ക് അന്ന് 400 കോടി രൂപ കുടിശ്ശിക ഉണ്ടാക്കി. സ്റ്റാബ് ഡ്യൂട്ടി ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് 150 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ക്ഷേമ പദ്ധതി ഇനത്തിൽ 100 കോടി രൂപ പെൻഷൻ കൊടുക്കാൻ ഉണ്ടായിരുന്നു. ക്ഷാമബത്ത കുടിശ്ശിക 400 കോടി രൂപ ഉണ്ടായിരുന്നു. ഈ രൂപത്തിലുള്ള ബാദ്ധ്യതകളുമായി അധികാരത്തിൽ വന്ന ഞങ്ങൾക്ക് ഇന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച എന്നുപറയുന്നത് എന്താണ് ? ഇവിടെ എന്തെങ്കിലുമൊക്കെ പറയുകയാണ്, കാർഗിൽ യുദ്ധ ഫണ്ട് ദുർവിനിയോഗം ചെയ്തു എന്ന് എന്ത് വിഡ്ഢിത്തമാണ് പറയുന്നത് ; എവിടെ ദുർവിനിയോഗം ചെയ്തു ? ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി അതിനെപ്പറ്റി സംസാരിക്കുകയുണ്ടായി. കാർഗിൽ ഫണ്ട് പിരിച്ചിട്ടുള്ളത് ആ പോരാളികൾക്ക്, യുദ്ധത്തിൽ മരിച്ചിട്ടുള്ള വർക്ക് സഹായം നൽകുന്നതിനുവേണ്ടിയാണ് ; പരിക്കുപറ്റിയവരേയും, അവരുടെ കുടുംബങ്ങളേയും സഹായിക്കാൻ വേണ്ടിയാണ്. അതിർത്തിയിൽ യുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള, അല്ലെങ്കിൽ രാജ്യത്തെ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തനം നടത്തിയിട്ടുള്ള എല്ലാവരേയും സഹായിക്കുന്നതിന് വേണ്ടിയുള്ള ധനം നൽകിയില്ലേ ? ആർക്കെങ്കിലും കാശ് കൊടുക്കാനുണ്ടോ ? ഒരു കാശുപോലും വകമാറി ചെലവഴിച്ചിട്ടില്ല ജനങ്ങളിൽനിന്നും പിരിച്ചെടുത്ത കാശ് ഗവൺമെന്റിന്റെ അക്കൗണ്ടിൽ കിടക്കുകയാണ് ; വകമാറി ചെലവഴിച്ചിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി അതിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ട് അത്

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കാൻപോലും പ്രതിപക്ഷം തയ്യാറല്ല. പ്രതിപക്ഷത്തിന് എന്തൊരു അസഹിഷ്ണുതയാണ് ഞങ്ങൾക്ക് അത് മനസ്സിലാകുന്നില്ല, പ്രതിപക്ഷനേതാവ് അതിൽ പങ്കാളിയാവുകയാണ്. ധനകാര്യ വകുപ്പുമന്ത്രിക്ക് അത് സംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾപോലും കേൾക്കാൻ തയ്യാറാകാതെ ശ്രീ. ആര്യാടൻ പറഞ്ഞതനുസരിച്ച് പ്രതിപക്ഷനേതാവ് വെല്ലിലിറങ്ങുകയാണ്. എന്തിനാണ് വെല്ലിലിറങ്ങിയത് ? കാർഗിൽ ഫണ്ട് ദുർവിനിയോഗംചെയ്തു എന്നുപറഞ്ഞു. എന്താണ് ലക്ഷ്യം എന്നറിയാമോ ? പട്ടാളക്കാരുമായി ബന്ധപ്പെട്ട് ഒരു ശതമാനത്തിൽ താഴെ കുറച്ച് വോട്ടർമാർ കേരളത്തിൽ കാണും. ഒരു നിയോജകമണ്ഡലത്തിൽ ഒരു 100 വോട്ട് ഉണ്ടെങ്കിൽ ആ 100 വോട്ടെങ്കിലും പ്ലസ് പോയിന്റ് ആയിക്കോട്ടെ, യുദ്ധത്തെക്കുറിച്ച് സംസാരിക്കുന്നവരാണ് ഞങ്ങൾ എന്നുപറഞ്ഞ് അവരെ തെറ്റിദ്ധരിപ്പിക്കുകയാണ്. അതൊന്നും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ഞാൻ ഇത് പറഞ്ഞത് കാർഗിൽ ഫണ്ട് ദുർവിനിയോഗം ചെയ്തിട്ടില്ല എന്നുപറയാൻവേണ്ടി മാത്രമാണ്. കാർഗിൽ ഫണ്ടിൽനിന്നും അർഹതപ്പെട്ടവർക്ക് തുക കൊടുത്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ എല്ലാം ഉണ്ടായിട്ടും കേരളത്തിന്റെ പ്രതിശീർഷ വരുമാനം വർദ്ധിച്ചു. ഒരു സംസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ച് ചിന്തിക്കുമ്പോൾ എങ്ങനെയാണ് വളർച്ച ? പ്രതിശീർഷ വരുമാനം 15.76 ശതമാനം വർദ്ധിച്ചു. അതുപോലെതന്നെ 1999-2000 വർഷത്തിൽ 1998-1999 നേക്കാൾ 16.81 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. നുണയല്ല, സാമ്പത്തിക സർവ്വേ റിപ്പോർട്ട് എടുത്തു നോക്കൂ.

(ബഹളം.....ബഹളം) പ്രൊഫ. താമരാക്ഷന് പറയാൻ എന്തർഹയാണുള്ളത് ? ഇവിടെ നിന്നും വോട്ട് വാങ്ങിപ്പോയി അവിടെ ഇരുന്നിട്ട് ഞങ്ങളെ വിമർശിക്കുകയാണ്, രാജിവച്ചിട്ട് വർത്തമാനം പറയൂ. സാമ്പത്തിക സർവ്വേ റിപ്പോർട്ടുകൾ എടുത്തുനോക്കണം. നമ്മുടെ രാജ്യത്തിന്റെ പൊതുസ്ഥിതി എന്താണ് ? ഇന്ത്യാ രാജ്യത്തിലെ മൊത്തം കടം വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്, 2001 ആകുമ്പോഴേക്കും നമ്മുടെ മൊത്തം കടം 2.12 ലക്ഷം കോടി രൂപയാകും. അത് ഇപ്പോഴെത്രയായിരിക്കും ? 4.99 ലക്ഷം കോടി രൂപയായി വർദ്ധിച്ചു എന്നുപറഞ്ഞാൽ 5 വർഷക്കാലംകൊണ്ട് രാജ്യത്തിന്റെ പൊതുകടം 135 ശതമാനം വർദ്ധിച്ചു. അതല്ലേ ഇവിടെ ഉണ്ടായിട്ടുള്ളത് ?

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി)

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനുള്ള കാരണം എന്താണ് ? സമയം അനുവദിക്കുമെങ്കിൽ ഞാൻ പിന്നീട് പറയാം. 135 ശതമാനമാണ് പൊതുകടം വർദ്ധിച്ചിട്ടുള്ളത്. പൊതുകടം വർദ്ധിക്കുമ്പോൾ അത് ഈ സംസ്ഥാനത്തെ ബാധിക്കുക തന്നെ ചെയ്യും. ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായിട്ടും പദ്ധതി വിഹിതം ഇവിടെ വെട്ടികുറച്ചിട്ടുണ്ടോ ? പ്ലാനിംഗ് കമ്മിഷൻ പദ്ധതി വിഹിതം വെട്ടിക്കുറച്ചു. 1999-2000 -ത്തിൽ പദ്ധതി അടങ്കൽ 3500 കോടി ഉറുപ്പികയാണ്. 2117 കോടി രൂപയാണ് കേന്ദ്രവിഹിതം ; പ്ലാനിംഗ് ബോർഡുമായി നടന്ന ചർച്ചയിൽ നിശ്ചയിച്ചതാണ്. അവർ എന്തുചെയ്തു ? വെട്ടിക്കുറച്ചില്ലേ ? വെട്ടിക്കുറയ്ക്കുകയുണ്ടായി. അതേയവസരത്തിൽ ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂല സാഹചര്യങ്ങളുണ്ടെങ്കിലും സംസ്ഥാനത്തിനകത്ത് പണം കണ്ടെത്തുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അഞ്ച് വർഷക്കാലം ഇത്രയധികം വികസന പ്രവർത്തനം നടത്തിയിട്ടുള്ള കാലഘട്ടം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രി ആയിരുന്ന കാലത്താണോ ഇപ്പോൾ ആണോ മലപ്പുറം ജില്ലയിൽ വികസന പ്രവർത്തനം നടന്നത് ? ഉപനേതാവിന്റെ മണ്ഡലത്തിൽ എപ്പോഴാണ് വികസന പ്രവർത്തനം നടന്നത് ? ഇപ്പോഴാണ് നടന്നത്. ബഹുമാനപ്പെട്ട തങ്കച്ചൻ ചേട്ടന്റെ മണ്ഡലത്തിൽ എപ്പോഴാണ് വികസന പ്രവർത്തനം നടന്നത് ? ഓരോ മെമ്പറും പറയട്ടെ. ചാലക്കുടി മെമ്പർ എവിടെപ്പോയി ? പ്രതിപക്ഷത്തിരിക്കുന്ന ഓരോ മെമ്പർമാരുടേയും മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നത് എപ്പോഴാണ് ? ഞങ്ങളുടെ സമീപനം അതാണ്. അതാണ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ സമീപനമെന്നുപറയുന്നത്, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സമീപനമെന്നുപറയുന്നത്, ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഇല്ലാതെ പിന്നോക്കാവസ്ഥ ഐഡന്റിഫൈ ചെയ്ത്..... പാലം ഇല്ലാത്ത സ്ഥലങ്ങളിൽ പാലം, അല്ലേ ? വൈദ്യുതി മേഖലയിൽ ഇത്രയധികം മാറ്റങ്ങൾ ഉണ്ടായിട്ടുള്ള ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിട്ടുണ്ടോ ? വൈദ്യുതി മേഖലയിൽ എപ്പോഴാണ് മാറ്റം ഉണ്ടായത് ? ഇപ്പോൾ വൈദ്യുതി മിച്ചം ആയി വരികയാണ്. എന്തുകൊണ്ട് ? ഞങ്ങൾക്ക് ഒരു വികസന നയം ഉണ്ട്. ഞങ്ങളുടെ കാഴ്ചപ്പാട് എന്നുപറയുന്നത് കേരളത്തിന്റെ സമഗ്രമായ പുരോഗതി എന്നതാണ്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേത് . നിങ്ങൾക്ക് നിങ്ങളോട് മാത്രമേ പ്രതിബദ്ധതയുള്ളൂ, ജനങ്ങളോട് പ്രതിബദ്ധതയില്ല. നിങ്ങൾക്ക് സ്ഥാപിതതാൽപ്പര്യങ്ങളോട് മാത്രമേ പ്രതിബദ്ധതയുള്ളൂ. ഇതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ആ തരത്തിൽ കേരളത്തിൽ അഭൂതപൂർവ്വമായ മാറ്റങ്ങൾ ഉണ്ടാക്കാൻ പരിശ്രമിച്ചിട്ടുള്ളതാണ് ഈ ഗവൺമെന്റ്. നിങ്ങൾക്ക് മനസ്സിലായില്ലേ ? തെരഞ്ഞെടുപ്പ് മേയ് മാസത്തിൽ നടക്കാൻ പോകുകയാണല്ലോ, നിങ്ങളിൽ എത്രപേർ ഇവിടെ വന്നിരിക്കും ? പ്രതിപക്ഷ നേതാവിന്റെ സ്ഥിതിയെന്താണ് ? മോചനയാത്ര നടത്തി, എന്തിനാണ് ഈ മോചനയാത്ര ? ആരിൽനിന്ന് മോചിപ്പിക്കാൻ ? അദ്ദേഹത്തിന്റെ പ്രസംഗം രണ്ടുമൂന്നു സ്ഥലത്ത് ഞാൻ ദൂരെനിന്ന് കേട്ടു, അടുത്തുനിന്ന് കേൾക്കണ്ട എന്നു വിചാരിച്ച് ദൂരെനിന്നു കേൾക്കാൻ പോയി. ഈ സംസ്ഥാനത്തിന് ദുരിതം ഉണ്ടാക്കിവച്ച കേന്ദ്ര ഗവൺമെന്റിന് എതിരായി ഒരു അക്ഷരം പറയാൻ അദ്ദേഹം തയ്യാറായില്ല. കേരളീയ രാഷ്ട്രീയത്തിൽ ബി.ജെ.പി.യുമായി ഒരു സൗഹൃദബന്ധം സൃഷ്ടിച്ചെടുക്കാൻവേണ്ടിയുള്ള ബോധപൂർവ്വമായ ഒരു മാനസികാവസ്ഥ, ബി.ജെ.പി.-യു.ഡി.എഫ്. വോട്ടുകൾ ഒരു ചിഹ്നത്തിൽ വീഴ്ത്തുന്നതിന് ആവശ്യമായ ഒരു കാംപെയിൻ അല്ലേ നിങ്ങൾ നടത്തിയത് ? ഇപ്പോൾ നടത്തുന്ന കാംപെയിൻ എന്താണ് ? പരിവർത്തന യാത്ര കോൺഗ്രസ്സിന് എതിരായി ഒരക്ഷരം ശ്രീ. പത്മനാഭൻ പറയുന്നുണ്ടോ ? ഒന്നും പറയുന്നില്ല. കോൺഗ്രസ്സിന് എതിരായി ശ്രീ. പത്മനാഭൻ ഒരക്ഷരം പറയുന്നില്ല. എൽ.ഡി.എഫ്-ന് എതിരായി, കമ്മ്യൂണിസ്റ്റു പാർട്ടിക്ക് എതിരായി,

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ.(എം)- ന് എതിരായി, സി.പി.ഐ.യ്ക്ക് എതിരായി അതാണ് അവരുടെ പണി, നിങ്ങളുടെ കാംപെയിൻ എന്താണ്? എൽ.ഡി.എഫ്-ന് എതിരായി കാംപെയിൻ ചെയ്ത്, ബി.ജെ.പി.യുടെ അണികളിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥികൾക്കെതിരായി കോമൺ വോട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പുതിയ പൊളിറ്റിക്സ് കേരളത്തിൽ നിങ്ങൾ വർക്ക്ഔട്ട് ചെയ്തുവരികയാണ്. ശ്രീ. ആര്യാടനും, ശ്രീ. ഉമ്മൻചാണ്ടിയും പോയി ശ്രീ. പത്മനാഭനുമായി സംസാരിച്ചില്ലേ? ചിരിക്കണ്ട, ഏതൊക്കെ സീറ്റുകൾ? ശ്രീ. ആര്യാടനും ശ്രീ. ഉമ്മൻചാണ്ടിയും ഇവിടെ ഇല്ലല്ലോ, ഞാൻ രണ്ടുപേരേയും ബഹുമാനിക്കുന്നുണ്ട്. ഏതൊക്കെ സീറ്റുകൾ? കെ. ജി. മാരാർ, ഇപ്പോൾ ജീവിച്ചിരിപ്പില്ലല്ലോ, മാരാർ എഴുതിയ പുസ്തകം നിങ്ങൾ വായിച്ചിട്ടുണ്ടോ? നാദാപുരം മണ്ഡലത്തിൽ എനിക്കെതിരായി ലീഗിന് വോട്ട്ചെയ്യാൻ മാരാർ തീരുമാനിച്ചു, നിങ്ങൾ കേരളത്തിൽ മാത്രമല്ല ദേശീയ രാഷ്ട്രീയ രംഗത്ത് എൽ.ഡി.എഫ്-ന് എതിരായി ആസൂത്രിതമായ ഗൂഢാലോചന നടത്തിവരികയാണ്. എന്തിനാണ് ഗൂഢാലോചനയെന്ന് അറിയാമോ? മൾട്ടി നാഷണൽ കമ്പനികൾ അതിന്റെ പുറകിലുണ്ട്. ഇ.എം.എസ്-ന്റെ ഗവൺമെന്റിന് എതിരായി അന്ന് ഗൂഢാലോചന നടത്തിയില്ലേ? ഇന്ദിരാഗാന്ധി എ.ഐ.സി.സി. പ്രസിഡന്റ് ആയിരുന്നപ്പോൾ മൊയ്തീൻഖാന്റെ കൈയിൽ നിന്ന് പൈസ വാങ്ങിയില്ലേ? എന്താണ് പൊളിറ്റിക്സ് എന്ന് അറിയാമോ? ഈ തെരഞ്ഞെടുപ്പിൽ, കേരള-ബംഗാൾ തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നുകഴിഞ്ഞാൽ ദേശീയ രാഷ്ട്രീയരംഗത്ത് ഒരു പുതിയ പോളറൈസേഷൻ വരും എന്ന് മനസ്സിലാക്കിയിരിക്കുകയാണ്. കോൺഗ്രസ്സ്-ബി.ജെ.പി. നയങ്ങൾക്കെതിരായി ഒരു ബദൽ ശക്തി ഇൻഡ്യയിൽ വളർന്ന് വരാൻ ഇടയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ബംഗാളിൽ ഇത് പൊളിക്കണം. എന്റെ പ്രതിപക്ഷ നേതാവേ, അങ്ങയുടെ പാർട്ടി ബംഗാളിൽ എന്തുചെയ്യുന്നു? പാൻസ്കുര ലോകസഭാ നിയോജകമണ്ഡലത്തിൽ പ്രിയങ്കരനായ സി.പി.ഐ.യുടെ ഗുരുദാസ് ദാസ് ഗുപ്തയ്ക്ക് എതിരായി നിങ്ങളുടെ വോട്ട് ആർക്കാണ് ചെയ്തത്? കോൺഗ്രസ്സിനുള്ള അൻപതിനായിരത്തോളം വോട്ട് ആർക്ക്ചെയ്തു പ്രതിപക്ഷനേതാവേ? അങ്ങ് ഒരക്ഷരം പറഞ്ഞില്ലല്ലോ. ബി.ജെ.പി.യോടു തോളുചേർന്നു കൊണ്ട് അങ്ങയുടെ കോൺഗ്രസ് പാർട്ടി അവിടെ പ്രവർത്തിച്ചു, കൽക്കട്ട കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ അങ്ങയുടെ സഹപ്രവർത്തകർ ആർക്ക് വോട്ട്ചെയ്തു? ബി.ജെ.പി.ക്ക് വോട്ടു ചെയ്തു, എന്തിനുവേണ്ടി? ബി.ജെ.പി. - കോൺഗ്രസ് തൃണമൂൽ ഐക്യം ബംഗാളിൽ വളർത്തിക്കൊണ്ട് വരുന്നത് എന്തിനുവേണ്ടി? കോൺഗ്രസ് ബി.ജെ.പി. വോട്ടുകൾ യോജിപ്പിക്കാൻ വേണ്ടി നിങ്ങളുടെ പാർട്ടികൾ താൽപ്പര്യം എടുക്കുന്നു. കേരളത്തിൽ അതല്ലേ ചെയ്യുന്നത്? കേരളത്തിൽ കഴിഞ്ഞ ലോക്കൽ ബോഡി തെരെഞ്ഞെടുപ്പിൽ..... മാണിസാർ എവിടെ പോയി? അദ്ദേഹം ശ്രീ. പത്മനാഭനുമായി സംസാരിച്ചില്ലേ? ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾ നിങ്ങളുടെ വോട്ട് ബി.ജെ.പി.ക്ക് കൈമാറും. ബി.ജെ.പി. യുടെ വോട്ട് നിങ്ങൾക്ക് കൈമാറും. കാരണം നിങ്ങളുടേയും ബി.ജെ.പി.യുടേയും പ്രധാന ശത്രു ഞങ്ങൾ ആണെന്നു കണ്ടുകൊണ്ടുള്ള ഒരു രാഷ്ട്രീയം കേരളത്തിൽ പ്രയോഗിക്കുന്നത് കോൺഗ്രസിന്

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യാപരമായിരിക്കും എന്നു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഞങ്ങൾ ഇതെല്ലാം ഒരുപാട് അതിജീവിച്ചതാണ്. എന്തെല്ലാം പ്രതിസന്ധികൾ ഞങ്ങൾ നേരിട്ടിട്ടുള്ളതാണ്. ഞങ്ങളുടെ മാറ്റ് കുറയ്ക്കാൻ ഒരു ശക്തിക്കും കഴിയുകയില്ല. എപ്പോൾ ഞങ്ങൾക്കെതിരായി ശക്തമായ കടന്നാക്രമണം വരും അപ്പോൾ ഈ സംസ്ഥാനത്തിലെ ജനങ്ങൾ ആ വെല്ലുവിളി ഏറ്റെടുത്ത് നിങ്ങളെ പുറംതള്ളും എന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങൾ വീണ്ടും തിരിച്ചുവരും. ഞങ്ങളുടെ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. ഈ സംസ്ഥാനത്ത് ഞങ്ങൾ തുടങ്ങിവച്ചിട്ടുള്ള വികസനോൻമുഖമായ നടപടികൾ പൂർത്തീകരിച്ച് ഞങ്ങൾ മുന്നോട്ടുപോകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ എതിർക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. ബി.ജെ.പി.യും നിങ്ങളും ഒരുമിച്ചു നിൽക്കുകയാണ്. ദേശീയ രാഷ്ട്രീയത്തിൽ പാർലമെന്റിലും രാജ്യസഭയിലും നടക്കുന്ന ചർച്ച കൾ എന്താണ് ? ഇൻഷ്വറൻസ് ബില്ലിനെക്കുറിച്ച് കോൺഗ്രസിന്റേയും, ബി.ജെ.പി.യുടേയും നിലപാടെന്താണ് ? ബഡ്ജറ്റ് ഇപ്പോൾ അവതരിപ്പിച്ചല്ലോ, ശ്രീ. മൻമോഹൻസിംഗ് എന്താണ് പറഞ്ഞത് ? ഓപ്പൺ ആയി സപ്പോർട്ട് ചെയ്തു. ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി വിറ്റഴിച്ച് കൊണ്ടിരിക്കുകയാണ്. കോൺഗ്രസിന്റെ നിലപാട് എന്താണ് ? ബി.ജെ.പി.യുടെ നിലപാട് എന്താണ് ? കേന്ദ്ര രാഷ്ട്രീയ രംഗത്തും സാമ്പത്തികനയരംഗത്തും കോൺഗ്രസും, ബി.ജെ.പി.യും ഒരുമിച്ചു നിൽക്കുന്ന സാഹചര്യമാണ് വന്ന് ചേർന്നത്. ഇന്നലേയും ഇന്നും അങ്ങ് കാർഷികോൽപ്പന്നങ്ങളുടെ കാര്യം പറഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് കാരണമെന്താണ് ? കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഫലമായി നമുക്ക് ഒരു വർഷം കൊണ്ട് 6645 കോടി രൂപ നഷ്ടപ്പെട്ടു, കാരണമെന്താണ് ? ഇറക്കുമതിയല്ലേ കാരണം ? ക്വാണ്ടിറ്റി റെസ്ട്രിക്ഷൻ ലിഫ്റ്റ് ചെയ്തതിന്റെ ഭാഗമായി അമിതോൽപ്പാദനം നടത്തുന്ന എല്ലാ രാജ്യങ്ങളിൽനിന്നും കാർഷികോൽപ്പന്നങ്ങൾ ഡമ്പ് ചെയ്യാനുള്ള ഒരു കമ്പോളമായി ഇൻഡ്യ മാറിയില്ലേ ? അതിന്റെ അടിസ്ഥാനം അതല്ലേ ? ഗാട്ട് കരാർ അനുസരിച്ച് ചുമത്താവുന്ന ചുങ്കംപോലും ചുമത്താൻ തയ്യാറാകുന്നില്ല. 300 ശതമാനംവരെ ഇറക്കുമതി ചുങ്കം ചുമത്താൻ കഴിയുന്ന സ്ഥാനത്ത് അൻപതും ഇരുപത്തിയഞ്ചും ശതമാനമാണ് ചുങ്കം ചുമത്തുന്നത്. വസ്തുതകൾ ഇതായിരിക്കേ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരായി..... 1990-91 മുതൽ ആരംഭിച്ചതാണ്, നരസിംഹറാവുവിന്റെ കാലഘട്ടത്തിൽ ആരംഭിച്ചിട്ടുള്ള സാമ്പത്തിക നയത്തിന്റെ കെടുതികൾ ആണിത്. വെളിച്ചെണ്ണയ്ക്ക് 300 ശതമാനം വരെ ഇറക്കുമതിചുങ്കം ചുമത്താം, ഇപ്പോൾ 45 ശതമാനമാണ് ചുമത്തിയിട്ടുള്ളത്. സൂര്യകാന്തിഎണ്ണ, നല്ലെണ്ണ, സംസ്ക്കരിച്ച നിലക്കടല എന്നിവയ്ക്ക് 300 ശതമാനം വരെ നികുതി ചുമത്താം. 71 ശതമാനമാണ് നികുതി ചുമത്തിയിരിക്കുന്നത്. പാമോയിലിന് 300 ശതമാനം വരെ ചുമത്താം. 25 ശതമാനമാണ് ചുമത്തിയിട്ടുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തികനയത്തിനെതിരായി ശബ്ദം ഉയർത്താൻ നിങ്ങൾ തയ്യാറാകുന്നില്ല. കൃഷിക്കാരെ വിളിച്ചുചേർത്ത് ശ്രീമതി സോണിയാഗാന്ധി ഒരു പരിശ്രമം നടത്തി, കൃഷിക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളിൽനിന്ന് അകന്നുപോകുകയാണ്. വടക്കേ ഇൻഡ്യയിലെ ഗ്രാമങ്ങളിലുള്ള അവശേഷിക്കുന്ന കർഷകരും കേരളത്തിലുള്ള കൃഷിക്കാരും നിങ്ങളുടെ നയം അവർക്കെതിരാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് അകന്നുപോകുമ്പോൾ അവരെ ഒന്ന് അനുനയിപ്പിക്കാൻവേണ്ടി നിങ്ങൾ പരിശ്രമിക്കുന്നുണ്ട്, അത് നല്ല കാര്യമാണ്, പക്ഷേ അവരോട് സത്യം പറയണം. എന്തുകൊണ്ട് പത്ത് കോടിയിലധികം ക്ഷീര കർഷകർ തകർന്നു പോകുന്നു ? ഗോതമ്പ് കൃഷിക്കാർ, ഉരുളക്കിഴങ്ങ് കൃഷിക്കാർ, എണ്ണക്കുരു കൃഷിക്കാർ തുടങ്ങിയവർ എന്തുകൊണ്ട് തകർന്നുപോകുന്നു എന്ന സത്യം മനസ്സിലാക്കി അതിനെതിരായി രംഗത്ത് വരാൻ നിങ്ങൾക്ക് കഴിയുന്നില്ലാ എങ്കിൽ ശ്മശാന ഭൂമിയായി ഇൻഡ്യ മാറുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം തിരുത്തിക്കാൻ പ്രതിപക്ഷം തയ്യാറാകണം. അതാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. നാദാപുരം സംഭവത്തെ കുറിച്ച്, ഞാൻ കൂടുതലൊന്നും പറയുന്നില്ല. അതുസംബന്ധിച്ച് ഒരുപാട് ചർച്ചകൾ ഇവിടെ നടന്നതാണ്. ആ ചർച്ചകൾ നമ്മൾ എല്ലാവരും കേട്ടതാണ്. അവിടെ ചില സംഭവങ്ങൾ ഉണ്ടായി. ഞാൻ ആ സംഭവത്തെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഇവിടെ ചർച്ചകൾ നടന്നതാണ്. ആ സംഭവങ്ങൾ ഗവൺമെന്റ് ഗൗരവമായി എടുക്കുകയുണ്ടായി. ഗൗരവമായി എടുത്തെന്ന് മാത്രമല്ല, ക്രമസമാധാനനില സംരക്ഷിക്കുന്നതിനുവേണ്ടി കർശനമായ നടപടികൾ സ്വീകരിച്ചു. നഷ്ടം സംഭവിച്ചവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. സാമൂഹ്യ വിരുദ്ധ ശക്തികൾ രംഗത്ത് വന്നപ്പോൾ ആ ശക്തികളെ മുഖം നോക്കാതെ അമർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള ധീരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. മുഖ്യമന്ത്രി അവിടെ വന്നു എല്ലാവരും സഹകരിച്ചു. ഭരണകക്ഷി എന്നോ പ്രതിപക്ഷമെന്നോ ഇല്ലാതെ എല്ലാവരും മുഖ്യമന്ത്രിയോട് സഹകരിച്ചു. വളരെ സന്തോഷപൂർവ്വം മുഖ്യമന്ത്രിയുടെ അഭിപ്രായങ്ങളും നടപടികളും ആശ്വാസത്തോടുകൂടി കാണുകയാണ് ചെയ്തത്. ഗവൺമെന്റിന്റെ പ്രതിനിധികളായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും, ഗതാഗത വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വന്നു. ഈ രൂപത്തിൽ ഗവൺമെന്റ് വളരെ ധീരമായ നടപടി എടുത്തിട്ടുണ്ട്. നടപടികളെടുത്ത് അവിടെ സാധാരണ ജീവിതം പുന:സ്ഥാപിച്ച് സൗഹാർദ്ദത്തോടുകൂടി പോകുന്ന ഒരു അന്തരീക്ഷത്തിൽ അതിനെ ഇല്ലാതാക്കുന്ന തരത്തിലുള്ള സംസാരങ്ങൾ, അതിനെ തകർക്കുന്ന തരത്തിലുള്ള സംസാരങ്ങൾ നമുക്ക് ഗുണകരമല്ല. .....(ബഹളം)..... ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഗവൺമെന്റ് ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തി. ക്രൈം ബ്രാഞ്ച് അന്വേഷിച്ച് വരികയാണ്. കുറ്റവാളികൾ ആരായാലും അവർക്കെതിരെ കർശന നടപടികൾ എടുത്ത് കൊണ്ട് മുന്നോട്ടുപോകും എന്ന് പ്രഖ്യാപിച്ചിട്ടുള്ള ഈ ഗവൺമെന്റിന്റെ ഈ ബില്ലുകൾക്ക് ഞാൻ പിൻതുണ പ്രഖ്യാപിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നടപടിക്രമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കാതെ, കീഴ്വഴക്കങ്ങൾ ലംഘിച്ച് കംപ്യൂട്ടർ വാങ്ങിയതിൽ നടന്ന അഴിമതിയേയും, ക്രമക്കേടുകളേയും സംബന്ധിച്ചും, സെക്രട്ടേറിയറ്റിൽ നമ്മൾ പാലിക്കേണ്ട കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും ലംഘിച്ച് നടത്തിയിട്ടുള്ള ചില കാര്യങ്ങളെ സംബന്ധിച്ചും റൂൾ 285 അനുസരിച്ച് ആരോപണമായി ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നിട്ടുണ്ട്. അതിന് മുൻപ് ഒരു വാക്ക്.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സഭയിൽ ഇല്ലാത്ത അഡ്വക്കേറ്റ് ജനറലിനെപ്പറ്റി.....

ശ്രീ. ടി. എം. ജേക്കബ് : എ.ജി.സ് ഓഫീസാണ്. ആ ഓഫീസിൽ വാങ്ങിച്ചതാണ് .....അദ്ദേഹം നമ്മുടെ ശമ്പളം പറ്റുന്ന ആളാണ്. ധനകാര്യ വകുപ്പുമന്ത്രി ഇത്ര അസ്വസ്ഥനാകേണ്ട കാര്യമില്ല. അങ്ങ് ശമ്പളം കൊടുക്കുന്ന ഒരാളാണ്. സഭയോട് കമ്മിറ്റ്മെന്റ് ഉണ്ട്. അതിന് മുൻപ് ഒരു കാര്യം പറയട്ടെ. ഇവിടെ എ.ജി.ക്ക് ഒരു സീറ്റുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ ഇന്ന് രാവിടെ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ 16 പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചു. താലൂക്കുകൾ കൊടുക്കണമെന്ന കാര്യത്തിൽ അങ്ങേക്ക് അഭിപ്രായ വ്യത്യാസമൊന്നുമില്ല. നയപ്രഖ്യാപനത്തിൽ പറയാതെ, ബഡ്ജറ്റ് പ്രസംഗത്തിൽ പറയാതെ, അതുപോലെ തന്നെ ഇതിനുവേണ്ടി പ്രത്യേക പണം മാറ്റി വയ്ക്കാതെ, എവിടെയാണ് ആസ്ഥാനം എന്നുപോലും പറയാതെ അദ്ദേഹം കുറെ താലൂക്കുകൾ പ്രഖ്യാപിച്ചു. ഇതൊക്കെ new service prodcedure-ൽ follow ചെയ്യേണ്ടതാണ്. ഒരു വ്യക്തതയും ഇല്ലാത്ത ഒരു പ്രഖ്യാപനം റൂൾ 300 അനുസരിച്ച് നടത്തിയത് ശരിയല്ല. മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകളെ വിഭജിച്ച് പുതിയ താലൂക്ക് ഉണ്ടാക്കും എന്ന് പറഞ്ഞു. എന്റെ നിയോജകമണ്ഡലമായ പിറവത്ത് ഒരു താലൂക്ക് ആവശ്യപ്പെട്ടതാണ്. ഈ പറഞ്ഞിരിക്കുന്ന അതിർത്തിയിൽ വരുന്ന സ്ഥലമാണ് കുത്താട്ടുകുളം. അവിടെ എവിടെയാണ് ആസ്ഥാനം എന്നാർക്കും അറിഞ്ഞുകൂടാ. അത് എവിടെയാണെന്ന് പറയണ്ടേ ? കോഴഞ്ചേരിക്കാരെ എവിടെ കൊണ്ടു പോകും ? പിറവം കേന്ദ്രമാക്കി താലൂക്ക് വേണമെന്നുള്ള ആവശ്യം അവിടെ നിൽക്കുകയാണ്. അത് എവിടെയാണെന്ന് പോലും പറയുന്നില്ല. ആസ്ഥാനം കൂടി പറയണം. അതുപോലെ തന്നെ അങ്കമാലി, ഏറ്റുമാനൂർ, കോന്നി, ഇടുക്കി, കുത്തിയതോട്, പേരാവൂർ, മഞ്ചേശ്വരം ഈ സ്ഥലങ്ങളിലെല്ലാം താലൂക്ക് വേണമെന്നുള്ള ആവശ്യങ്ങൾ ഉന്നയിച്ചു. നിങ്ങൾ അത് അംഗീകരിച്ചില്ല. തെരഞ്ഞെടുപ്പുവരുന്ന സന്ദർഭത്തിൽ നിങ്ങളുടെ ഈ ഹേസ്റ്റി ആയിട്ടുള്ള നീക്കവും തെരെഞ്ഞെടുപ്പിൽ വോട്ട് നേടാൻ വേണ്ടിയുള്ള ഏർപ്പാടും ഒട്ടും ശരിയല്ല. ഒരു നിയമസഭയോട് കാണിക്കേണ്ട മാന്യതയും അന്തസ്സും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പാലിച്ചിട്ടില്ല എന്ന് ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. ഞാൻ ഇവിടെ പറയാൻ ഉദ്ദേശിച്ച സംഗതി അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കംപ്യൂട്ടർ വാങ്ങിയതിനെ സംബന്ധിച്ചാണ്. ഇത് സംബന്ധമായ ഭരണാനുമതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 25-01-1997-ൽ Government Order(Rt) No: 72/97/

LIBRARY ARCHIVES Kerala Legislative Assembly

Law അനുസരിച്ച് നൽകി. അന്ന് ഈ ഉത്തരവനുസരിച്ച്, എ.എസ്. നൽകുമ്പോൾ 1997-1998-ലെ ബഡ്ജറ്റിൽ നാമമാത്രമായ തുകയാണ് അതിനുവേണ്ടി നീക്കി വച്ചിരുന്നത്. അത് കഴിഞ്ഞ 1997-98 വർഷത്തിൽ 16 ലക്ഷം രൂപ ഇതിന് വേണ്ടി വരും എന്ന് സൂചിപ്പിച്ചുകൊണ്ട് എ.ജി.സ്. ഓഫീസിൽനിന്ന് കറസ്പോണ്ടൻസ് സെക്രട്ടേറിയറ്റിൽ വന്നു. അത് വന്ന അവസരത്തിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് അതിൻമേൽ ഒരു നിലപാട് സ്വീകരിച്ചു. അവർ പറഞ്ഞു, 1998-99-ൽ പുതിയ ഭരണാനുമതി വേണം. അതുപോലെതന്നെ അതിന് എ.എസ്. നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു. ആ കാര്യം സെക്രട്ടേറിയറ്റിൽനിന്നും എ.ജി.യെ അറിയിച്ചു. ഉടനെ എ.ജി. എന്തു ചെയ്തു എന്ന് ചോദിച്ചാൽ, ഇത് കിട്ടുന്നതിന് മുൻപ് അദ്ദേഹം കംപ്യൂട്ടർ പർച്ചേസ് നടത്തി. ഭരണാനുമതി വേണമെന്ന് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പറഞ്ഞിരിക്കുന്നു. Law Department - ന്റെ 10424/B1/98 -ലെ ഫയലാണ് എന്റെ കൈയ്യിലിരിക്കുന്നത്. അതിന്റെ Note File -ഉം Correspondence File -ഉം എന്റെ കൈയ്യിലുണ്ട്. ഞാൻ ആ ഫയലിൽനിന്നും ഒരു കാര്യം വായിക്കാം. Finance Department No: 35067/ B2/F2/98/Fin. BWF Dept. Dated 24-06-1998. 6-ാമത്തെ Paragraph Since the Department has stated that Rs.16 lakhs is required for computerisation, revised administrative sanction is necessary. Therefore, the Department is requested to issue revised administrative sanction, propose amount in the coming supplementary demands for grants. Additional Secretary, Finance ആണ് എഴുതിയിരിക്കുന്നത്. അത് കഴിഞ്ഞ് ഒരു കൺസോളിഡേറ്റഡ് നോട്ട് തയ്യാറാക്കിയിട്ടുണ്ട്. ഞാൻ ആ കൺസോളിഡേറ്റഡ് നോട്ട് വായിക്കാം. (" Paragraph 8) : This file deals with the installation of computer in the Office of the Advocate General, Ernakulam." Paragraph 9 "As per GO.Rt No: 72/97/Law dated 25-01-97, sanction was accorded for the installation of computer in Advocate General's Office; A token provision has been made in the first batch of the supplementary demands for grants 1997-98 and initial steps have been taken by the Advocate General for the installation of the Computer and Modem for an allotment of Rs. 16 Lakhs in the second batch of the supplementary demands for grants 1997-98. But no allotment was made during the year 1997-98 for the same. So provisions for the installation of computer has been included in the budget proposal for the year 1998-99 under the Head of Account 2014-AJ-114-LA and C-99-LO 050-OE for other items. But in the budget , Rs. 8,09,000/- was granted under the head 050E for other items. The Advocate General has reported that the fund is insufficient to meet office expenses for the Department during the financial year and the above expenditure cannot be met from the said Head of Account and hence requested to provide an amount of Rs. 16 Lakhs for the installation of computer under the Head of Account. This Department has taken up this issue with the Finance Department and the Finance Department informed

LIBRARY ARCHIVES Kerala Legislative Assembly

that revised administrative sanction is necessary in this matter and requested to issue revised administrative sanction and propose amount in the coming supplementary demands for grants. In the above circumstances, revised orders may be issued to accord administrative sanction for the installation or computer at the Advocate General's Office, Ernakulam for an estimated cost or Rs. 16 Lakhs during the current financial year 1998-99. File may be circulated to Chief Minister through Minister for Food, Tourism and Law." ഇതിൽ ഒപ്പു വച്ചിരിക്കുന്നത് അന്നത്തെ Law Secretary G. Sasidharan ആണ്. അദ്ദേഹം ഇപ്പോൾ ഹൈക്കോടതി ജഡ്ജിയാണ്. അത് കഴിഞ്ഞ് ശ്രീ. ചന്ദ്രശേഖരൻ നായർക്ക് ഈ ഫയൽ പോകുന്നു. അദ്ദേഹം 30-7-1998-ൽ ഈ ഫയൽ എഗ്രീചെയ്തു. അതിന്റെ തൊട്ട് താഴെയായിട്ട് ചീഫ് മിനിസ്റ്റർ എഴുതിയിരിക്കുന്നു. പാരഗ്രാഫ് 13 Can it not be postponed for better times ?" ചീഫ് മിനിസ്റ്റർ 14-08-1998 -ൽ ഈ ഫയലിൽ ഒപ്പു വച്ചിരിക്കുകയാണ്. അത് കഴിഞ്ഞാണ് ഇതിന്റെ Ugly haste പോകുന്നത്. സ്വാഭാവികമായും ചീഫ് മിനിസ്റ്റർ ഇത് better times ലേക്ക് മാറ്റി വയ്ക്കാൻ പാടില്ലേ എന്ന് ചോദിച്ചാൽ ഫയൽ അവിടെ വച്ച് ക്ലോസ് ചെയ്യണം അല്ലെങ്കിൽ മറ്റ് അനന്തര നടപടികളിലേക്ക് പോകണം. ഇവിടെ എന്ത് ചെയ്തു എന്ന് ചോദിച്ചാൽ മുഴുവൻ വായിക്കാൻ എനിക്ക് സമയമില്ല. അതിന്റെ അടുത്ത രണ്ട് പാരഗ്രാഫ് കഴിഞ്ഞതിനുശേഷം അണ്ടർ സെക്രട്ടറി എഴുതിയിരിക്കുന്നു."Kindly see the letter form A.G, Kerala at Page 29 CF, AG has taken up this matter before the Hon'ble Minister for Law. The Hon'ble Minister asked to put up the file for orders whether this may be circulated to CM. അദ്ദേഹം ഈ ഫയൽ തിരിച്ചുവിളിപ്പിക്കുകയാണ്. ചീഫ് മിനിസ്റ്റർ എഗ്രീചെയ്ത ഒരു ഫയൽ ക്ലോസ് ചെയ്യാൻ സമയത്ത് അദ്ദേഹം തിരിച്ച് വിളിപ്പിച്ചിരിക്കുന്നു. മുഴുവൻ വായിച്ച് പോകാൻ എനിക്ക് സമയമില്ല. 11- ാമത്തെ Paragraph വായിക്കാം. Now the AG reports that he has invited tenders for installation of computer in his office and he accepted the tender given by M/s. Infinite Software Resources India Private Limited. They started their work and he has already drawn and disbured an amount of Rs. 6 Lakhs to this Company. He states that Store Purchase Rule have not been observed and therefore he requested the Government to ratify the action in this matter.

ഇത് എന്താണ് ? എ.ജി.ക്ക് കൂടുതൽ അധികാരം വല്ലതും കൊടുത്തിട്ടുണ്ടോ ? കൂടുതൽ അധികാരം കൊടുത്തിട്ടില്ലല്ലോ ? സർക്കാർ ഒരു

3 P.M] നിയന്ത്രണം പറഞ്ഞു കഴിഞ്ഞപ്പോൾ എ.ജി. ഉത്തരവ് കൊടുത്ത് ടെണ്ടർ ഉറപ്പിച്ച ആളിൽനിന്നും കംപ്യൂട്ടർ വാങ്ങിച്ച് ഇൻസ്റ്റാൾ ചെയ്യാൻ പറഞ്ഞ് 6 ലക്ഷം രൂപ കൊടുത്തുവെന്ന് പറഞ്ഞ് കത്ത് എഴുതിയിരിക്കുകയാണ്. ആ കത്ത് വച്ചാണ് മന്ത്രി ഫയൽ വിളിപ്പിക്കുന്നത്. മന്ത്രിക്ക് എന്താണ് ഇത്ര വലിയ താൽപ്പര്യം ? ഇതിനകത്തെ ഒരു പാരഗ്രാഫ് ഞാൻ വായിക്കുന്നു അവസാനം മറുപടി പറഞ്ഞാൽ മതി. "In this matter

LIBRARY ARCHIVES Kerala Legislative Assembly

please see copy of G.O.(Rt) such and such.....In that Government Order sanction was accorded to computerise his office by providing local area network consisting of about twenty terminals. അങ്ങ് അങ്ങനെ ആ ഫയലിൽ പറഞ്ഞു പോകുകയാണ്. ഫയൽ മുഴുവൻ കാര്യങ്ങളും ഡിസ്ക്കസ് ചെയ്യുകയാണ്. ഫയലിലെ 22-ാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു. It may be seen that 50 percent of the charge for computerisation of his office charged by Messrs Infinite Software Resources India (Private) Ltd., Trivandrum is Rupees 12.7 lakhs and thereby the total expenditure come to the tune of Rupees 25.4 lakhs. At present, there is no administrative sanction for this amount.അപ്പോൾ എ.എസ്. ഇല്ലാതെ വീണ്ടും എഴുതിയിരിക്കുകയാണ്. അത് കഴിഞ്ഞ് Paragraph No. 26 It is also stated that Store Purchase Rules have not been observed in this case. In the above circumstances, the action of the Advocate General is highly irregular and hence it cannot be ratified. File may be forwarded to Store Purchase Department for their remarks. Store Purchase Department- Paragraph 27- ൽ എഴുതിയിരിക്കുന്നു. Store Purchase Department agrees with the view of the Administrative Department. (Principal Secretary to Government.) അത് കഴിഞ്ഞ് അവിടെ നിന്നും ലാ ഡിപ്പാർട്ടുമെന്റിലേയ്ക്ക് തിരിച്ചു വരികയാണ്. Paragraph.29 -In the instant case the Advocate General has taken steps to install computer in his office without proper administrative sanction and allotment and without observing the rules stipulated in the Store Purchase Manual. Hence, the action of the Advocate General is highly irregular. Government may decline to ratify that action of the Advocate General . file may be circulated to the Hon'ble Chief Minister through the Minister for Food, Tourism and Law. അണ്ടർ സെക്രട്ടറി എഴുതിയിരിക്കുകയാണ്. കൺസോളിഡേറ്റ് നോട്ട് വായിക്കാൻ സമയമില്ല. ഞാൻ അതിന്റെ 35-ാമത്തെ പാരഗ്രാഫ് മാത്രം വായിക്കാം. Consolidated Note- Paragraph 35- " In this letter the Advocate General has stated that he had sent a D.O., letter dated 19-6-1998 to the Principal Secretary to Government , Finance Department, requesting to allow him to waive the usual procedure prescribed in the Store Purchase Manual in the matter of purchase and installation of computer and to sanction the necessary funds to the tune of Rs. 25 lakhs. 25 ലക്ഷത്തോളം രൂപ എന്നൊക്കെയാണ് പറയുന്നത്. It is also stated that his action is in anticipation of favourable orders on the basis of the above letter. Hence the file may be forwarded to Finance Department for getting ratification of the action of the Advocate General. The file may be circulated to the Minister for Food, Tourism and Law. അത് കഴിഞ്ഞ് അന്നത്തെ സ്പെഷ്യൽ സെക്രട്ടറി (ലാ), ശ്രീ. പത്മനാഭൻ നായർ കണ്ട് ഫയൽ മന്ത്രിക്ക് ചെല്ലുന്നു. മന്ത്രി അതിനകത്ത് എഴുതി 'may be ratified'. Irregular action ratify ചെയ്യാമെന്ന് മന്ത്രി എഴുതിയിരിക്കുകയാണ്. ഇർറെഗുലാരിറ്റീസ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെല്ലാം എഴുതിയിരിക്കുന്നു. നിങ്ങളുടെ ഇന്നത്തെ ഹൈക്കോടതി ജഡ്ജി ശ്രീ. ശശിധരൻ വരെ എഴുതിയിരിക്കുന്നു ഇർറെഗുലാരിറ്റീസ് ആണെന്ന്. നിങ്ങൾ അത് റാറ്റിഫൈ ചെയ്യാൻ പറഞ്ഞിരിക്കുന്നു. അപ്പോൾ അതിന്റെ ഇന്ററസ്റ്റ് എന്താണ് ? മന്ത്രി എഴുതിക്കഴിഞ്ഞ് മന്ത്രിക്ക് കീഴിലുള്ളവർ എഴുതിയിരിക്കുകയാണ്. There are no grounds which would justify a ratification in normal circumstances. The action of the Advocate General is also irregular and ill-advised. However, now that the purchase has been made, the Administrative Department is requested to place the full facts before the Minister, Finance and Chief Minister for direction. The file was circulated to Minister (Finance) also. അവിടെ നിന്നും നേരെ ഇങ്ങോട്ട് ധനകാര്യമന്ത്രിക്ക് വരികയാണ്. 31st Paragraph- The request of the Store Purchase Department is to place the full facts before the Minister, Finance .എന്നിട്ട് പറഞ്ഞിരിക്കുന്നു. Computerisation of the office of the Advocate General can be ratified. Advocate General has not forwarded details of tender to this office. അദ്ദേഹം ഡീറ്റെയിൽസ് ഇതുവരെ അയച്ചിട്ടില്ല. ആ ഫയൽ വീണ്ടും ശ്രീ. ചന്ദ്രശേഖരൻനായർക്ക് വരുന്നു. അപ്പോൾ അദ്ദേഹം ചെയ്തത് എന്താണ് ? അദ്ദേഹം ചെയ്തത് Advocate General may please furnish the details as required in Paragraph 39 of the note file of the previous page. ഞാൻ വായിച്ച ഭാഗം. ഞാൻ ചോദിക്കട്ടെ, ഫയലും കാര്യങ്ങളും അറിയാൻ പാടില്ലായെന്നു പറയുന്ന ആള് അല്ലല്ലോ അങ്ങ്. എ.ജി.യെകൊണ്ട് എന്തിന് ഈ ഫയലിൽ എഴുതിച്ചു ? സർക്കാർ സെക്രട്ടറിയല്ലേ നോട്ട് ഫയലിൽ എഴുതേണ്ടത് ? അദ്ദേഹം എക്സ് ഒഫിഷ്യോ സ്റ്റാറ്റസിലുള്ള ആളാണെങ്കിൽ നിങ്ങൾക്ക് എഴുതിക്കാം. അല്ലെങ്കിൽ എഴുതിക്കാൻ പാടില്ല. ഞാൻ ഇപ്പോൾ വായിച്ചിടത്തോളം ഭാഗത്തുള്ള കാര്യങ്ങൾ അടങ്ങുന്ന ഈ ഫയൽ മന്ത്രിയുടെ നിർദ്ദേശപ്രകാരം എ.ജി.ക്ക് സബ്മിറ്റ് ചെയ്യുന്നു. എന്നിട്ട് എ.ജി. അതിനകത്ത് എഴുതുന്നു. പാര 41-ൽ മന്ത്രി എഴുതിയത് ഞാൻ വായിച്ചു. 42-ാമത്തെ പാരഗ്രാഫിൽ എ.ജി. പറയുന്നു. 'Paragraph No. 42-A detailed note is placed below. The note explains the details of tender, its acceptance and award of the contract. The procedure was adopted in good faith to ensure implementation of the scheme of computerisation quickly. In these cirumstances explained in the note, I request that ratification may be granted to the award of contract and purchase of computers in Advocate General's Office. അങ്ങ് അറിയാൻവേണ്ടി ഒരു കാര്യം പറയട്ടെ. അദ്ദേഹം 23-7-1999-ൽ എഴുതി. അത് കംപ്യൂട്ടറൈസേഷൻ ചെയ്തു കഴിഞ്ഞത് എന്നാണെന്ന് അറിയാമോ ? 2000 ഒക്ടോബറിൽ എ.ജി. എഴുതിയിരിക്കുന്നത് 23-7-1999-ൽ. രണ്ട് irregularities ഞാൻ ചൂണ്ടിക്കാണിക്കുന്നു. ഒന്ന് എക്സ് ഒഫിഷ്യോ സ്റ്റാറ്റസ് ഇല്ലാത്ത എ.ജി.ക്ക് അങ്ങ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ഫയൽ കൊടുത്തു. എ.ജി.യെക്കൊണ്ട് ഇതിനകത്ത് എഴുതിച്ചു. ഒരിക്കലും ഒരു മന്ത്രി ചെയ്യാൻ പാടില്ലാത്ത കാര്യം. നിങ്ങൾ ഫയൽ കൊടുത്തു. നിങ്ങളല്ലേ മാർക്ക് ചെയ്തിരിക്കുന്നത് ? അല്ലെങ്കിൽ ആര്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുവെന്ന് മറുപടി പറയട്ടെ. എ.ജി.യുടെ റിമാർക്സ് വേണം. അതിന് സാധാരണ നമ്മൾ എന്താണ് ചെയ്യുന്നത് ? മന്ത്രി എഴുതിക്കഴിഞ്ഞാൽ എ.ജി.ക്ക് ലാ സെക്രട്ടറി കത്തയയ്ക്കും, ലാ സെക്രട്ടറിയുടെ വ്യൂസ് എടുക്കും. എന്നിട്ട് അതിവിടെ എക്സ്ട്രാക്ട് ചെയ്ത് മന്ത്രിക്ക് പുട്ട്അപ്പ് ചെയ്യും. എന്നിട്ട് കറസ്പോണ്ടൻസ് ഫയലിൽ ആ കത്ത് മുഴുവൻ ഇടും. അല്ലാതെ നോട്ട് ഫയലിൽ എഴുതാറില്ല. ഇവിടെ മന്ത്രിമാരൊക്കെ അങ്ങനെയല്ലേ ചെയ്യുന്നത് ? അങ്ങനെയല്ലേ നടപടിക്രമം? ആ നടപടിക്രമം ഇക്കാര്യത്തിൽ എന്തിന് ലംഘിച്ചു. അത് കഴിഞ്ഞ് പിന്നെ അങ്ങയുടെ ഇതിനകത്തുള്ള അതിരു കടന്ന താൽപ്പര്യം അടുത്ത പാരഗ്രാഫിൽ ഞാൻ വായിക്കുകയാണ്. The events mentioned in the note given by the Advocate General clearly indicate that the tender procedure has been followed. The holding of the Department Purchase Committee and sanction from the Government are the stages which were not undergone before awarding the contract. അത് അങ്ങ് എഗ്രി ചെയ്തു. The whole process started on the basis of the administrative sanction dated 28-2-1996. there is only the question of .....ആ പറഞ്ഞത് തെറ്റാണ്. 28-2-1996 വരെ എ.എസ്. ഇല്ല. exceeding the delegation of powers on the bonafide belief of subsequent ratification by government . In the circumstances the action of the Advocate General in having implemented computerisation may be ratified. The Minister for Finance and Chief Minister may please see. ഞാൻ ധനകാര്യമന്ത്രിയെ അക്കാര്യത്തിൽ കോംപ്ലിമെന്റ് ചെയ്യുന്നു. അദ്ദേഹത്തിന്റെ അടുത്ത് .ഫയൽ ചെന്നപ്പോൾ അദ്ദേഹം എഴുതി, Procedure as per rules has to be followed, when pruchases are made . As it has become a fait accompil, I agree as a special case. Fait accompli ആയി അദ്ദേഹത്തിന്റെ അടുത്ത് ചെന്നപ്പോൾ..... ഫിനാൻസിലെ/സ്പെഷ്യൽ സെക്രട്ടറി അവിടെ ഇരിപ്പുണ്ടല്ലോ..... സ്പെഷ്യൽ സെക്രട്ടറി അടക്കമുള്ള ആളുകൾ എഴുതിയതാണ് ഞാൻ വായിച്ചുകേൾപ്പിച്ചത്. ചെയ്യാൻ പാടില്ലാത്തത്. സ്പെഷ്യൽ സെക്രട്ടറി, ഐ.എ.എസ്.കാരൻ ഈ ഫയലിനകത്ത് ചെയ്യാൻ പാടില്ല. ആ വ്യൂസ് ഫിനാൻസ് മിനിസ്റ്റർ എഗ്രി ചെയ്തു. അതിന്റെ തൊട്ടു താഴെ 27-7-1998-ൽ അങ്ങ് ഒപ്പിട്ടു. 31-7-1999-ൽ ചീഫ് മിനിസ്റ്റർ ഒപ്പിട്ടു. ഫിനാൻസ് ഡിപ്പാർട്ട്മെന്റ് എന്താണ് പറഞ്ഞ്? Seen in Finacne. The Administrative Department is informed that the procedure followed by the Advocate General in the matter is highly irregular. Since the Advocate General is a Head of the Department, he has to follow all the procedural formalities like other Heads of Departments. The Administrative Department may point out the irregularities to the Advocate General while ratifying the action. ഇതെല്ലാം കഴിഞ്ഞു. ബാക്കി മുഴുവൻ പറയുന്നില്ല. ലാ സെക്രട്ടറി ഇപ്പോഴത്തെ ഓബുഡ്സ്മാൻ അപ്പോഴേക്കും ശശിധരൻ ജഡ്ജിയായിട്ട് പോയല്ലോ ? അതിനുശേഷമാണ് ശ്രീ. നിസ്സാർ ലാ സെക്രട്ടറിയായി വരുന്നത്. അദ്ദേഹത്തിന്റെ ഒരു കൺസോളിഡേറ്റഡ് നോട്ട് ഉണ്ട്. അത് വായിക്കുന്നില്ല. മന്ത്രിയുടെ കൈയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒറിജിനലുണ്ട്. എന്റെ കൈയിൽ അതിന്റെ ഫോട്ടോകോപ്പിയുണ്ട്. എന്റെ കൈയിലിരിക്കുന്ന നോട്ട് ഫയലും കറസ്പോണ്ടൻസ് ഫയലും കംപ്ലീറ്റാണ്. മോഷണമൊന്നുമല്ല. ഒറിജിനൽ അവിടെയുണ്ട്. ഇത് ഫോട്ടോകോപ്പിയാണ്. ഒറിജിനലെടുത്താലല്ലേ മോഷണമാകൂ. അതിനല്ലേ സത്യാ.....ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ കൺസോളിഡേറ്റഡ് നോട്ട് പാര 79- Paragraph 100 of Store Purchase Manual says that purchase proposal exceeding Rs. 10 lakhs will also be considered by the Departmental Purchase Committee which would submit the concerned file with its recommendation to the Minister concerned and the Minister in charge of the Store Purchase Department through the Finance Secretary.....ഇനി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം ചോദിക്കട്ടെ. സ്റ്റോർ പർച്ചേഴ്സ് മാന്വൽ അനുസരിച്ച് 10 ലക്ഷം രൂപയ്ക്ക് മുകളിൽവരുന്ന പർച്ചേഴ്സ് നടത്തുന്ന കമ്മിറ്റി ഏതാണ് ? ഇതിനകത്ത്, The Purchase of the above nature should be sanctioned by a Committee consisting of Law Secretary (Chairman and Convenor), Advocate General, Deputy Secretary , Under Secretary (Finance) nominated by the Finance Secretary and Under Secretary (Store Purchase Department). ഇങ്ങനെയൊരു കമ്മിറ്റിയല്ലേ ചെയ്യാൻ ? ഫയൽ അങ്ങയുടെ കൈയിലുണ്ട്. ഒന്ന് വായിച്ചു നോക്കണം. കൺസോളിഡേറ്റഡ് നോട്ടിന്റെ 45-ാമത്തെ പാരഗ്രാഫിൽ..... സഭയ്ക്ക് അറിയാനാണ് പറയുന്നത്. സഭാംഗങ്ങൾ കൂടി അറിയണം. അദ്ദേഹം നോമിനേറ്റ് ചെയ്ത കമ്മിറ്റിയിൽ-The Committee consisting of Advocate General, Special Government Pleader, Shri K.P.G. Menon, അദ്ദേഹത്തിന്റെ ഓഫീസിലെ ആൾ Senior Government Pleader Shri K. Jayakumar, അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ആൾ Secretary to Advocate General Smt. C.J. Baby, അദ്ദേഹത്തിന്റെ ഓഫീസിൽ ഉള്ള ആൾ Deputy Secretary of Advocate General's Office, അടുത്ത ആൾ Shri. K.K. Ashokan, Under Secretary, Advocate General's Office, Smt Mary Stella, Section Officer, Shri .Vinod Babu, Clerk. എങ്ങനെയുണ്ട്. അറ്റന്ററെ മാത്രം ഉൾപ്പെടുത്തിയില്ല. ബാക്കിയുള്ള ആളുകളെവച്ച് എ. ജി. കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഇത് എഴുതിയിരിക്കുന്നു. ബാക്കി മുഴുവൻ കാര്യങ്ങളും പറയുന്നില്ല. ഞാൻ എഴുതിക്കൊടുത്ത ആരോപണമല്ലേ ? അദ്ദേഹം മറുപടി പറയട്ടെ. സഭയിൽ പറയാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ ബാക്കിയുള്ള സമയം കൂടി തരാം. ഇതിൽ ലാ സെക്രട്ടറി, ലോകായുക്തയിൽ ഇരിക്കുന്ന ശ്രീ. നിസാർ ഒരു പൊസിഷനിൽ ഇരിക്കുന്നതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. അദ്ദേഹം നമ്മുടെ എ. ജി. ദാമോദരനെ രക്ഷിക്കാൻ ഫയലിൽ ഒരുപാട് പണിപ്പെട്ടിട്ടുണ്ട്. അദ്ദേഹം ഇരിക്കുന്ന പൊസിഷനെ മാനിച്ചുകൊണ്ട് ഞാൻ ഇവിടെ കൂടുതൽ പറയുന്നില്ല. ഈ note file - ൽ എ. ജി. കാണിച്ചിരിക്കുന്ന ഇറെഗുലർ ആക്ഷൻസ്. റാറ്റിഫൈ ചെയ്തുകിട്ടാൻ വേണ്ടി അന്നത്തെ ലാ സെക്രട്ടറി ശ്രീ. എം. എ. നിസാർ കാണിച്ചിരിക്കുന്ന ugly haste അങ്ങയുടെ കൈയിൽ നോട്ട് ഉണ്ടല്ലോ അത് വായിച്ചുനോക്കണം. മറ്റുള്ളവർക്ക് വായിക്കാൻ തരാം.

LIBRARY ARCHIVES Kerala Legislative Assembly

ഓംബുഡ്സ്മാൻ ആയിരിക്കുന്നതുകൊണ്ട് അദ്ദേഹത്തെക്കുറിച്ച് അത്രയേ പറയുന്നുള്ളൂ. എന്തായാലും ബാക്കി പറയുന്നില്ല. നിങ്ങളുടെ 4439-ാം ഐറ്റം പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്ന കൗൺസിൽ നോട്ടിന്റെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ സ്റ്റോർ പർച്ചേഴ്സ് മാന്വലിലെ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കാതെയാണ് എന്നുള്ളത് ശരിയാണ്. 10 ലക്ഷം രൂപയ്ക്ക് മേലുള്ള പർച്ചേഴ്സ്, നിയമവകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ധനകാര്യ സ്റ്റോർ പർച്ചേഴ്സ് വകുപ്പു പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട പർച്ചേഴ്സ് കമ്മിറ്റി പരിഗണിച്ച് ബന്ധപ്പെട്ട മന്ത്രിക്കും ധനകാര്യ സെക്രട്ടറി വഴി സ്റ്റോർ പർച്ചേഴ്സ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കും സമർപ്പിക്കേണ്ടതാണ് എന്നതാണ് മാന്വലിലെ വ്യവസ്ഥ. എന്നാൽ ഈ കാര്യത്തിൽ, അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിന്റെ കീഴ്ജീവനക്കാർ ഉൾപ്പെട്ട കമ്മിറ്റി വഴിയാണ് പർച്ചേഴ്സ് നടത്താൻ തീരുമാനിച്ചത്. ഇത് നിങ്ങളുടെ കൗൺസിൽ നോട്ടിലുണ്ട്. വായിക്കണം. കൗൺസിൽ നോട്ടിൽ പേജ് നമ്പർ 3 ഐറ്റം- 4439. ഇതു പറഞ്ഞു കഴിഞ്ഞ് ക്യാബിനറ്റ് അത് അപ്രൂവ് ചെയ്തു. ക്യാബിനറ്റ് അപ്രൂവ് ചെയ്യുമ്പോൾ പറഞ്ഞതെന്താണ് ? അഡ്വക്കേറ്റ് ജനറലിന് കംപ്യൂട്ടർ സപ്ലൈ ചെയ്ത സ്ഥാപനത്തിന് മുൻപ് നൽകിയ ആറ് ലക്ഷം രൂപയ്ക്ക് പുറമേ 5-1-1999-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 8,10,000 രൂപ കൂടി നൽകിയിട്ടുണ്ട്. ആകെ 14,10,000 രൂപ നൽകുകയുണ്ടായി. 1999 ജനുവരിയോടുകൂടി അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കംപ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുള്ളതിനാൽ..... ജനുവരി എന്നാണ് പറഞ്ഞത്. ഞാൻ ഈ സഭയിൽ പറയുന്നു, 2000 ഒക്റ്റോബറിലാണ് കംപ്യൂട്ടറൈസേഷൻ പൂർത്തിയായത്. കൗൺസിലിനെ തെറ്റിദ്ധരിപ്പിക്കാൻ ആരാണ് ഈ കൗൺസിൽ നോട്ട് ഉണ്ടാക്കിയത് ? ലാ ഡിപ്പാർട്ടുമെന്റിലെ ഏത് ഉദ്യോഗസ്ഥനാണ് ഉണ്ടാക്കിയത് ? ഫയലിൽ പറയുന്നത് 2000 ഒക്റ്റോബറിൽ കംപ്യൂട്ടറൈസ് ചെയ്തിരിക്കുന്നുവെന്നാണ്. പിന്നെ എങ്ങനെ കൗൺസിൽ നോട്ടിൽ തെറ്റായ വിവരം വന്നു ? . 25 ലക്ഷത്തിൽ ബാക്കിയുള്ള 11 ലക്ഷം രൂപകൂടി കൊടുക്കേണ്ടതാണ്. എല്ലാ സാഹചര്യവും പരിഗണിക്കുമ്പോൾ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ സ്വീകരിച്ച നടപടികൾ അംഗീകരിക്കപ്പെടേണ്ടതാണ്. ഇക്കാര്യം മന്ത്രിസഭായോഗം മുൻപാകെ സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 8-3-2000-ൽ ഉത്തരവായിട്ടുണ്ട്. തീരുമാനിക്കേണ്ട കാര്യം. അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കംപ്യൂട്ടർ സ്ഥാപിക്കുന്നതിന് തിരുവനന്തപുരത്തെ മെസേഴ്സ് ഇൻഫിനിറ്റ് സോഫ്റ്റ് വെയർ റിസോഴ്സസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് നൽകിയ ടെണ്ടർ സ്വീകരിച്ച് നടപ്പിലാക്കിയ അഡ്വക്കേറ്റ് ജനറലിന്റെ നടപടി സാധൂകരിക്കാമോ ? സാധൂകരിക്കാം. നിങ്ങളുടെ പ്രൊസീഡിംഗ്സ് ഓഫ് ദി കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് അത് 24-5-2000-ൽ ശ്രീ. മോഹൻ കുമാർ ഒപ്പിട്ടുണ്ട്, മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഒപ്പിട്ടിട്ടുണ്ട്. ഫയൽ നമ്പർ 1024/ബി1/98/നിയമം ഐറ്റം നമ്പർ 4439- ഡിസിഷൻ സാധൂകരിച്ചു. സ്റ്റോർ പർച്ചേഴ്സ് റൂൾസ് അനുസരിച്ചും നിലവിലുള്ള മറ്റ് ഉത്തരവുകൾ അനുസരിച്ചും

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ സാധന സാമഗ്രികൾ ഭാവിയിൽ വാങ്ങുവാൻ പാടുള്ളൂ എന്നുകൂടി അഡ്വക്കേറ്റ് ജനറലിനെ അറിയിക്കേണ്ടതാണ്. എ. ജി. യെക്കൂടി ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കഴിഞ്ഞ ദിവസം പറഞ്ഞപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേറ്റു നിന്ന് വീറോടെ പറഞ്ഞല്ലോ ഒരു കാരണവശാലും സാധ്യമല്ല എന്ന്. അഡ്വക്കേറ്റ് ജനറലായിരിക്കുന്ന ശ്രീ. ദാമോദരന്റെ ഓഫീസിൽ അങ്ങേക്ക് അറിയാമോ കെൽട്രോൺ ആരുടേതാണ്? സർക്കാരിന്റേതാണ്. കെൽട്രോൺ വച്ച ഓഫർ നിങ്ങൾ തള്ളി. കെൽട്രോൺ പൊതുമേഖലാ സ്ഥാപനമാണ്. അതിലുള്ള താത്പര്യം എന്താണ്? സാധാരണ ഗതിയിൽ ടെണ്ടർ വിളിച്ച് ലോവസ്റ്റ്കാരനാണ് കൊടുക്കുന്നത്. 12 ലക്ഷം രൂപയ്ക്ക് വരെ ലോവസ്റ്റുകാരനുള്ളപ്പോൾ നിങ്ങൾ 25 ലക്ഷം രൂപയ്ക്ക് കൊടുത്തിരിക്കുന്നു. ആരാണ് ഇവിടത്തെ ഇൻഫിനിറ്റീവ് സോഫ്വെയർ എന്നു പറയുന്നത്? എ. ജി. യുമായി ബന്ധമുള്ള ആൾ മുഖ്യമന്ത്രിക്ക് താത്പര്യം ഉള്ള ആൾ. ഞാൻ എഴുതി കൊടുത്തിട്ടുണ്ട്. താത്പര്യം ഉള്ള ആളുകൾക്ക് കൊടുത്തു. ഏറ്റവും ലോവസ്റ്റുകാരന് കൊടുക്കേണ്ടതിനുപകരം ഉയർന്ന റേറ്റ് ക്വാട്ട് ചെയ്ത കരാറുകാരന് കൊടുത്തു. ഇൻഫിനിറ്റ് സോഫ്റ്റ് വെയർ റിസോഴ്സസ് ഇന്ത്യ ലിമിറ്റഡ്, ആരുടേതാണ്? നിങ്ങളുടെ ഏതു കമ്മിറ്റിയാണ് അത് പരിശോധിച്ചത്? എ.ജി.സ് ഓഫീസിൽ സെക്ഷൻ ഓഫീസർ ഉൾപ്പെടെയുള്ള കമ്മിറ്റി കോംപീറ്റൻസ് പരിശോധിച്ചിരിക്കുന്നു. ഇതിൽകൂടുതൽ നാണക്കേടുണ്ടോ മന്ത്രി? നിങ്ങൾ അഴിമതിയും ധൂർത്തും അല്ലേ കാണിക്കുന്നത്? ഇല്ലായെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? യോഗ്യരായ 12 സ്ഥാപനങ്ങളെ ഒഴിച്ചു നിർത്തിക്കൊണ്ട് നിങ്ങൾചെയ്തു. ഇതിനകത്ത് നടന്നിരിക്കുന്ന തിരിമറികളെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങൾ പറയുന്നല്ലോ. സ്വജനപക്ഷപാതമില്ല, അഴിമതിയില്ലാ എന്ന് 12 ലക്ഷക്കാരന് കൊടുക്കാതെ 25 ലക്ഷക്കാരന് കൊടുത്തു. ഒരു കാര്യംകൂടി അങ്ങയുടെ മറുപടിയിൽ പറയണം. ഇൻഫിനിറ്റ് സോഫ്റ്റ് വെയർ എന്നു പറയുന്ന സ്ഥാപനം കൊടുത്ത ഓഫറിൽ പറഞ്ഞിരിക്കുന്നു ഞങ്ങൾ ഇതിനാവശ്യമായിട്ടുള്ള ട്രെയിനിംഗ് കൊടുക്കാം. അതുകഴിഞ്ഞ് അഡ്വക്കേറ്റ് ജനറൽ ഒരു കത്തെഴുതി ലാ ഡിപ്പാർട്ടുമെന്റിലേക്ക് അയച്ചു. ട്രെയിനിംഗ് കൊടുക്കാൻ ഇവർ സന്നദ്ധമാകുന്നില്ല അതുകൊണ്ട് ട്രെയിനിംഗ് കൊടുക്കാൻ വേറെ ആളെ നിയമിക്കണം, അതിനുള്ള പണം കൂടി സാങ്ഷൻ ചെയ്യണം എന്നാണ് . രണ്ടാമത് നിങ്ങൾ പണം സാങ്ഷൻ ചെയ്തില്ലേ? ഇതിൽ കൂടുതൽ നാണക്കേട് നിങ്ങൾക്ക് വരാനുണ്ടോ? ലോവസ്റ്റ്കാരന് കൊടുക്കാതെ ഉയർന്ന റേറ്റ് ക്വാട്ട് ചെയ്ത കരാറുകാരന് കൊടുത്തു. ഓഫറിലെ പ്രധാനപ്പെട്ട ഒരു സംഗതി ഞങ്ങൾ ഇതിനാവശ്യമായ ട്രെയിനിംഗ് കൊടുക്കാമെന്ന് പറഞ്ഞിട്ട് അതിന് ഇപ്പോൾ സാധിക്കുന്നില്ല. കമ്പനിക്കാർ മുന്നോട്ടു വന്നിട്ടില്ല. അതുകൊണ്ട് ട്രെയിനിംഗ് കൊടുക്കാൻ പ്രത്യേക പണം സാങ്ഷൻ ചെയ്യാനുള്ള അനുവാദത്തിന് എ.ജി. എഴുതിയപ്പോൾ അതിനും സാങ്ഷൻ കൊടുത്തില്ലേ നിങ്ങൾ? ഇത് ആർക്കുവേണ്ടി? എ. ജി. എന്നു പറയുന്ന ശ്രീ. ദാമോദരനെന്ന വ്യക്തി ആരുമാകട്ടെ. അദ്ദേഹത്തിന്റെ ഓഫീസിൽ നടന്നിരിക്കുന്ന അഴിമതി എ. ജി. അടക്കമുള്ള ആൾക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്ന അഴിമതി, ഇതിനകത്ത് ലാ മിനിസ്റ്റർ കാണിച്ചിരിക്കുന്ന ഞാൻ പറയട്ടെ, അഗ്ളി ഹേസ്റ്റ്.....

മി. ചെയർമാൻ (ശ്രീ. എം. മുരളി) : അങ്ങയുടെ സമയം കഴിഞ്ഞു.

പ്രൊഫസർ എ. വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഉന്നയിച്ച എ. ജി. തന്നെ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഹൈക്കോടതിയിലും സുപ്രീം കോടതിയിലും വന്ന കേസ് വാദിക്കാൻവേണ്ടി വെളിയിലുള്ള അഡ്വക്കേറ്റുമാരെ വയ്ക്കുകയും അതിനുവേണ്ടി വാങ്ങിച്ച കാശു പോലും കൊടുത്തില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തെക്കുറിച്ച് പല ആക്ഷേപങ്ങളുമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ എഴുതി തന്ന കാര്യത്തിൽ മാത്രം നിൽക്കുകയാണ്. ശ്രീ. എ. വി. താമരാക്ഷൻ പറഞ്ഞതുപോലെയുള്ള ഒട്ടേറെ ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ ആരാണ് അന്വേഷിക്കേണ്ടത്? ഇവിടെ നടത്തിയിരിക്കുന്ന സംഭവം എന്താണ് ? ഇവിടെയൊരു ധനകാര്യമന്ത്രിയില്ലേ? ഇവിടെ ഒരു ധനകാര്യവകുപ്പില്ലേ ? ഇതിന്റെ കറസ്പോണ്ടൻസ് ഫയൽ ഞാൻ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. ഇന്നു രാവിലെ ചർച്ച ചെയ്ത താലൂക്ക് ഉൾപ്പെടെയുള്ള ഏതു കാര്യത്തിലാണെങ്കിലും, ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ജോലി എന്താണ് ? അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് തീരുമാനമെടുക്കാം. പക്ഷേ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒപ്പിനിയൻ നിങ്ങൾ കേൾക്കണ്ടേ ? ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒപ്പിനിയൻ കേൾക്കാതെ ഡിപ്പാർട്ടുമെന്റ് എഴുതിയ നോട്ട്സ് എന്റെ കൈയിൽ ഉണ്ട്. ഇതിന്റെ കറസ്പോൺഡൻസ് ഫയൽ ഞാൻ സമയമില്ലാത്തതുകൊണ്ട് ഇവിടെ വായിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എ. ജി. എഴുതിയിരിക്കുന്ന രണ്ടു കത്തും 23-7-1999- ലേയും 5-1-1999-ലേയും കത്ത് സഭയിൽ വായിക്കണം. എ. ജി.യുടെ ഒരു ആഗ്രഹമേ ; എന്തൊരു ആഗ്രഹം ; ഇതുപോലെ അമിതാവേശം കാണിക്കുന്ന എ. ജി. അങ്ങയുടെ എല്ലാ കാര്യത്തിലും, അങ്ങേയ്ക്ക് അറിയാമോ ? ശ്രീ. എ. പി. വർക്കി എതിർത്തു. എറണാകുളം ജില്ലയിലെ സി.പി.എം.ന്റെ ജില്ലാ സെക്രട്ടറിയാണ്. അത് ഇതിനകത്തുൾപ്പെടാത്തതാണ്. അദ്ദേഹം എതിർത്ത ഒരു കാര്യം എന്താണ് ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എ. ജി. ഗസ്റ്റ് ഹൗസിൽ അബ്കാരികളെ എല്ലാവരെയും വിളിച്ചുകൂട്ടി കാശു പിരിച്ചു. അതു നിങ്ങൾക്ക് അറിയുമോ ? അത് നിങ്ങൾക്ക് അറിയില്ല. ശ്രീ. എ. പി. വർക്കിയോട് ചോദിക്കൂ. അദ്ദേഹം അതിനെ എതിർത്തു. അക്കാര്യം എഴുതി കൊടുത്തതിനകത്തില്ല. അന്വേഷിക്കാനേ ഞാൻ പറഞ്ഞുള്ളൂ. ശ്രീ. ശിവദാസമേനോൻ അന്വേഷിച്ചോ ? ഞാൻ തോന്ന്യാസം അല്ല പറഞ്ഞത്. ശ്രീ. ശിവദാസമേനോൻ അക്കാര്യം അന്വേഷിക്കാൻ ഞാൻ പറഞ്ഞല്ലോ.

മി. ചെയർമാൻ (ശ്രീ. എം. മുരളി) : അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പുതിയ ആരോപണം ആയിട്ടൊന്നും പറയുന്നില്ല. എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. വളരെ സ്പെസിഫിക്കായി ഫയലുകളുടെ പിൻബലത്തോടുകൂടിയാണ് ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഇതിനകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് എ. ജി.യാണ്. രണ്ടാം സ്ഥാനത്ത്, ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ . മൂന്നാം സ്ഥാനമേ ഈ കാര്യത്തിൽ ചീഫ് മിനിസ്റ്റർക്ക് ഞാൻ കൊടുക്കുന്നുള്ളൂ. അദ്ദേഹം ഇതിനകത്ത് ഒരു കൊറിയിട്ട് ക്ലോസ് ചെയ്ത ഫയൽ കോൺസിക്വന്റായിട്ട് പിന്നെ അദ്ദേഹത്തെ രക്ഷിക്കാൻ ഇവിടെ ഫൈനാൻസ് മിസിസ്റ്റർ പറഞ്ഞതുപോലെ fait accompli ആയി രൂപാന്തരപ്പെടുത്തി എടുത്തു. fait accompli ആയി ഇത്തരത്തിലുള്ള സംഭവങ്ങൾ ചെയ്യുന്നത് ഒരു ഗവൺമെന്റിന് ഭൂഷണമല്ല. എ. ജി.യെ ന്യായീകരിക്കുവാൻവേണ്ടി നിങ്ങൾ നടക്കുമ്പോൾ, ഞാൻ അതുകൊണ്ടാണ് പറഞ്ഞത്, ഇത്തരത്തിലുള്ള ആളുകളെ നിയമിക്കുമ്പോൾ അവർക്ക് നേരെ ഒരു ചെക്ക് വേണം, അദ്ദേഹത്തെ രക്ഷിക്കുവാൻവേണ്ടി എന്തെല്ലാം വ്യഗ്രതകൾ, എന്തെല്ലാം നടപടികൾ ഇവിടെ കാണിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറൽ ശ്രീ. ദാമോദരന്റെ നടപടിക്കളെ സംബന്ധിച്ച്, അദ്ദേഹം നടത്തിയിരുന്ന കേസുകളെ സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ അന്വേഷിക്കണം. ബഹുമാന്യപ്പെട്ട ലാ മിനിസ്റ്ററോട് ഒരിക്കൽ ഞാനൊരു ചോദ്യം ചോദിച്ചു. അങ്ങ് തന്ന മറുപടിയാണ്. ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുവാൻ വേണ്ടിപറയുകയാണ്. എ. ജി. യുടെ ഓഫീസിൽ എ. ജി. കേസ് വാദിക്കുമ്പോൾ, ഗവൺമെന്റ് പ്ലീഡർ കേസ് വാദിക്കുമ്പോൾ എ. ജി. യുടെ ഓഫീസിലെ ജൂനിയേഴ്സ് ആ കേസിൽ എതിർഭാഗം വക്കാലത്തുമായി വരികയാണ്. കേരളത്തിൽ അങ്ങനെ എത്ര കോടി രൂപ സംസ്ഥാന ഖജനാവിന് നഷ്ടപ്പെട്ടിട്ടുണ്ട് ? ഞാൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ മറുപടി തന്നിട്ടുണ്ട്. നിങ്ങൾ ഇതൊക്കെ കണ്ടെടുക്കാൻ തയ്യാറുണ്ടോ ? കണ്ടുകെട്ടാൻ തയ്യാറുണ്ടോ ? അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും ഒരു ഭാഗത്ത് ഇവിടെ ആടിക്കളിക്കുകയാണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അതിനെ ന്യായീകരിക്കാൻ നിങ്ങളുടെ ആളുകൾ ശ്രമിക്കുന്നു. നിങ്ങളുടെ ഗവൺമെന്റിന്റെ മുഖമുദ്ര എന്താണ് ? അഴിമതി തന്നെയാണ്. ആ കാര്യത്തിൽ സംശയമെന്താണ് ? ഇതിൽ കൂടുതൽ സംസാരിക്കുന്ന സത്യങ്ങൾ വേണമോ ?

മി. ചെയർമാൻ (ശ്രീ. എം. മുരളി) : പ്ലീസ്, അങ്ങയുടെ പ്രസംഗം പൂർത്തീകരിക്കൂ.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : പിറവത്തു വച്ചു കാണാം.

ശ്രീ. ടി. എം. ജേക്കബ് : പിറവത്തു വച്ചു തന്നെ കാണാം. ഞാൻ പിറവത്തേക്ക് തന്നെയാണ് പോകാൻ പോകുന്നത്. ഒരു പ്രശ്നവുമില്ല.

മി. ചെയർമാൻ (ശ്രീ. എം. മുരളി) : ദയവായി അങ്ങയുടെ പ്രസംഗം പൂർത്തീകരിക്കൂ.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : നിന്നോണ്ട് പറയണം. ഞാൻ മറുപടി പറയാം. എനിക്ക് മറുപടി പറയാൻ സാധിക്കും. ശ്രീ. സത്യൻ മൊകേരിക്കും ശ്രീ. സി. എൻ. ജയദേവനും ഞാൻ മറുപടി പറയാം.....ബഹളം..... ബഹളം.....ബഹളം.....

മി. ചെയർമാൻ (ശ്രീ. എം. മുരളി) : അങ്ങയുടെ പ്രസംഗം പൂർത്തീകരിക്കൂ. അങ്ങയുടെ സമയം കഴിഞ്ഞു.....ബഹളം.....ബഹളം.....ബഹളം.....

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ജയദേവൻ എന്നെ വിളിച്ചത് അങ്ങ് കേട്ടില്ലേ ? അത് പാർലമെന്ററിയാണോ?**** വിളിക്കുന്നതും **** എന്നു വിളിക്കുന്നതും പാർലമെന്ററിയാണോ ? .....ബഹളം.....ബഹളം.....ബഹളം.....

മി. ചെയർമാൻ (ശ്രീ. എം. മുരളി) : ശ്രീ. ടി. എം. ജേക്കബ് എഴുതി കൊടുത്ത് ഉന്നയിച്ചിരിക്കുന്ന ആരോപണമാണ്. ആരോപണം ഉന്നയിക്കാൻ വേണ്ടി അദ്ദേഹത്തിന് അധികം സമയം കൊടുത്തതാണ്. ദയവായി അങ്ങയുടെ പ്രസംഗം പൂർത്തീകരിക്കണം.....ബഹളം.....ബഹളം.....ബഹളം.....

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ വളരെ സീനിയറായിട്ടുള്ള ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഭരണകക്ഷിയിൽ നിന്ന് ഒല്ലൂർ മെമ്പർ ശ്രീ. സി. എൻ. ജയദേവൻ അദ്ദേഹത്തെ*** എന്ന് ആവർത്തിച്ച് വിളിച്ചത് പാർലമെന്ററിയാണോ ? അത് സഭാനടപടികളിൽനിന്ന് നീക്കം ചെയ്യുകയോ അല്ലെങ്കിൽ അത് പിൻവലിച്ച് അദ്ദേഹം മാപ്പ് പറയുന്നതിന് നിർദ്ദേശം കൊടുക്കുകയോ ചെയ്യുമോ ?

മി. ചെയർമാൻ (ശ്രീ. എം. മുരളി) : സഭാ രേഖയിൽ അതുണ്ടെങ്കിൽ നീക്കം ചെയ്യുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ജയദേവനും, ശ്രീ. സത്യൻ മൊകേരിയും എന്നോടു ചോദിച്ച ചോദ്യത്തിന് മറുപടി കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അവർ ചോദിച്ച ചോദ്യം ഇതാണ്. മന്ത്രി എത്ര ലക്ഷം രൂപ മേടിച്ചു എന്നാണ് ചോദിച്ചത്. അതുംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

മി. ചെയർമാൻ (ശ്രീ. എം. മുരളി) : ബഹുമാനപ്പെട്ട ജേക്കബ് അങ്ങയുടെ പ്രസംഗം പൂർത്തികരിക്കൂ.

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ ലോവസ്റ്റ് കാട്ടേഷൻ 12 ലക്ഷം, ഹയ്യസ്റ്റ് കാട്ടേഷൻകാരന് 25 ലക്ഷം . 13 ലക്ഷത്തിന്റെ വ്യത്യാസം ഉണ്ട്. ബഹുമാനപ്പെട്ട ജയദേവൻ അടക്കമുള്ള ആൾക്കാർ ചോദിക്കണം. അതിനകത്ത് എ. ജി. എത്ര മേടിച്ചു ? ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർക്ക് എത്ര കിട്ടി ? ചീഫ് മിനിസ്റ്റർക്ക് എത്ര കിട്ടി ? നിങ്ങൾ അന്വേഷിച്ചോ ? വ്യത്യാസമെന്ന് പറയുന്നത് 25 ലക്ഷവും 12 ലക്ഷവും തമ്മിലുള്ളതാണ്.

മി. ചെയർമാൻ : അങ്ങ് ആരോപണം ഉന്നയിച്ചു കഴിഞ്ഞു.

** File No. 512/EB/2001/Leg. പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : പണത്തിന്റെ ഗ്രാറ്റിവിറ്റി മാത്രം അല്ലല്ലോ, തുക മാത്രമല്ലല്ലോ, 12 ലക്ഷക്കാരന് കൊടുക്കേണ്ടതിനു പകരം 25 ലക്ഷക്കാരന് എ. ജി. കൊടുത്തു. ആരൊക്കെ കമ്മീഷൻ വാങ്ങിയിട്ടുണ്ട്? ഈ വ്യത്യാസം വന്നിരിക്കുന്നു. ഈ കമ്മീഷന്റെ അംശങ്ങൾ ആരൊക്കെ കൈപ്പറ്റി? ഇത് അന്വേഷിക്കേണ്ടതല്ലേ ? Highly irregular ആയിട്ടുള്ള actions ആണ് സെക്രട്ടേറിയറ്റിൽ ഉണ്ടായിരിക്കുന്നത്. നമ്മുടെ ബിസിനസ്സ് റൂളിനും നടപടി ക്രമങ്ങൾക്കും വിരുദ്ധമായി ഈ വഴിവിട്ട ഏർപ്പാട് സെക്രട്ടേറിയറ്റിൽ ഉണ്ടായിരിക്കുന്നു. ഈ നടപടി അഴിമതിയിലേയ്ക്കുള്ള യാത്രയാണ്. ഇത്തരത്തിൽ അഴിമതി നടത്തിയ ഈ സർക്കാരിന്റെ നടപടികളെ ന്യായീകരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് ഞാൻ ഈ ധനവിനിയോഗബില്ലുകളെ ശക്തിയായി എതിർക്കുകയാണ്.

മി. ചെയർമാൻ : ശ്രീ. എം. പി. വർഗ്ഗീസ്, 11 മിനിട്ട്.....ബഹളം.....
ശ്രീ. എം. പി. വർഗ്ഗീസ് .....ബഹളം.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ്*** എന്ന് ഒരു മെമ്പറെ വിളിച്ചു .....ബഹളം.....ബഹളം.....

മി. ചെയർമാൻ : അങ്ങനെ വിളിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം നിഷേധിക്കുന്നു. അങ്ങനെ വിളിച്ചുണ്ടെങ്കിൽ രേഖയിൽനിന്നും നീക്കം ചെയ്യും.

ശ്രീ. എം. പി. വർഗ്ഗീസ് : ഇവിടെ അവതരിപ്പിച്ച ധനവിനിയോഗബില്ലുകളെ ഞാൻ പിന്താങ്ങുകയാണ്. 10-ാം കേരളനിയമസഭയുടെ തുടക്കം തന്നെ പ്രതിപക്ഷമെമ്പർമാർ ബഹിഷ്ക്കരിച്ചുകൊണ്ടാണ് നടപടി ആരംഭിച്ചത്. അതിന്റെ അവസാന നിമിഷത്തിലും ഉണ്ടയില്ലാത്ത വെടി പൊട്ടിച്ചുകൊണ്ട് ഇന്ത്യാ രാജ്യം മുഴുവൻ അംഗീകരിക്കുന്ന, പൊതുവിതരണ സംമ്പ്രദായത്തിന് ഏറ്റവും ശക്തമായ നേതൃത്വം കൊടുക്കുന്ന, അഴിമതിയുടെ കറ അല്പം പോലും പുരളാത്ത, അതിന് അനുവദിക്കാത്ത, അതിന് ഇടനല്കാത്ത ശ്രീ. ചന്ദ്രശേഖരൻ നായരെപ്പോലുള്ള ബഹുമാന്യനും ആദരണീയനുമായ ആളുകളെപ്പറ്റി അപവാദപ്രചരണങ്ങൾ നടത്തുമ്പോൾ വേശ്യയുടെ ചാരിത്ര്യ പ്രസംഗം ഞാൻ ഓർക്കുകയാണ്. മഞ്ഞപിത്തം ബാധിച്ച ആളുകളുടെ കണ്ണുകൊണ്ടു നോക്കുമ്പോൾ മുഴുവൻ പേരും മഞ്ഞിച്ചതായി കാണുന്ന പ്രതീതി ഉളവാക്കുന്ന തരത്തിലുള്ള ഈ അപവാദപ്രചരണങ്ങൾ കേരളത്തിലെ ജനത എങ്ങനെ കാണാൻ പോകുന്നുവെന്നും എങ്ങനെ തിരിച്ചറിയാൻ പോകുന്നുവെന്നുമുള്ള സന്ദർഭമാണിത്. പത്ത് പെറ്റു, പത്തും ചത്തു, കണ്ണും പൊട്ടി, കെട്ടിയവനും ചത്തു, പ്രായവുമായി ഇരിക്കുന്ന ഒരു പടുകിളവിയുടെ പ്രതീതി ജനിപ്പിക്കുന്ന തരത്തിൽ ഇപ്പുറത്തിരിക്കുന്ന ബഹുമാന്യരും ആദരണീയരുമായ പ്രതിപക്ഷ മെമ്പർമാർ ഒരു തരത്തിൽ 1947-നുശേഷമുള്ള സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ 45 വർഷക്കാലം തികച്ച് ഭരിച്ച് അവസാനം

** File No. 512/EB/2001/Leg. പ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിൽനിന്നും ഗളഹസ്തം ചെയ്യപ്പെട്ട് എങ്ങും നില്ക്കക്കള്ളിയില്ലാതെ ഏടാകൂടം പിടിച്ചുനടന്നുകൊണ്ട് എവിടെയെങ്കിലും ആവർത്തിക്കണമെന്ന തരത്തിൽ ചുറ്റിപ്പറ്റി നടക്കുന്ന ചില ആളുകളെപ്പോലെ രാഷ്ട്രീയ പ്രവർത്തനം എന്താണെന്ന് പോലും അറിയാത്ത, തലയ്ക്ക് അധികാരത്തിന്റെ മത്ത് പിടിച്ച് നാളെ മുഖ്യമന്ത്രി, മന്ത്രിമാർ, ഭരണകക്ഷി എം.എൽ.എ.മാർ ആകാൻ വേണ്ടി കാത്തിരുന്ന് സ്വപ്നം കാണുന്ന ആളുകളെ എവിടെയെങ്കിലും പിടിച്ചു കെട്ടുന്നതിനുവേണ്ടി വരുന്ന രണ്ട് മാസക്കാലത്തിനിടയിൽ കേരളത്തിലെ ജനത അവരെ കാഞ്ഞിരകുറ്റിയിൽ പിടിച്ചു കെട്ടുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. അവരെ കാഞ്ഞിരക്കുറ്റിയിൽ പിടിച്ചുകെട്ടുന്നതിനുവേണ്ടി അവർക്ക് എതിരായി ഏലസ് ഓതിക്കെട്ടി ഈ കേരളത്തിലെ ജനത അവരുടെ സമ്മതിദാന അവകാശം രേഖപ്പെടുത്തുമ്പോൾ പ്രതിപക്ഷരാഷ്ട്രീയ പ്രസ്ഥാനത്തിൽ അപ്പുറത്തിരിക്കുന്ന പ്രിയപ്പെട്ട ആളുകളുടെ എണ്ണം എത്രയുണ്ടാകാൻ പോകുന്നുവെന്ന് ഏതാനും നാളുകൾക്കകം അറിയാൻ പോകുകയാണ്. കയ്യൂരിലെ ധീരപുത്രനായ സഖാവ് നായനാരെപ്പോലെയും ശ്രീ. ചന്ദ്രശേഖരൻ നായരെപ്പോലെയുമുള്ള കേരളത്തിന്റെ ആദർശ ധീരൻമാരായ ആളുകളെപ്പറ്റി അപവാദം പറയുന്നവർ ശ്രദ്ധിക്കണം. നിങ്ങൾ വിമോചനയാത്ര നടത്തിയില്ലേ ? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ കൊട്ടാരക്കര പ്രസംഗം ഞാൻ കേട്ടതാണ്. ഞാൻ നിയമസഭാ സമ്മേളനം കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ മലയത്ത് വച്ച് അദ്ദേഹത്തിന്റെ പ്രസംഗം കുറേനേരം കേൾക്കാൻ ഇടയായി. ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ഈ നിയമസഭയിൽ കടന്നുവരാൻ കഴിയാത്ത തരത്തിൽ കോടതി വിധിക്കപ്പെട്ട്, അങ്ങനെ ഒളിവിൽ പോയി. ഫോട്ടോ എടുക്കാൻ വന്നിരുന്നുവെന്ന് പറയും. തലയിൽ മുണ്ടിട്ടുകൊണ്ട് പകൽ വെളിച്ചത്തിൽ നടക്കാൻ കഴിയാത്ത ഒരു ജനപ്രതിനിധി. എന്താണ് പ്രതിപക്ഷ നേതാവിന് അതിനെപ്പറ്റിയുള്ള അഭിപ്രായം ? ഞങ്ങളുടെ പക്ഷത്തുള്ള ആർക്കും അത്തരത്തിലുള്ള ദുർഗതി കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാൻ പോകുന്നില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. തെരെഞ്ഞടുപ്പ് വരികയല്ലേ ? ആരോപണം ഉന്നയിക്കാമല്ലോ ? ഏതെങ്കിലും തരത്തിൽ ആരോപണം ഉന്നയിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ നേതാക്കൻമാരേയും അതിന്റെ മുന്നണിയേയും അതിന്റെ തിളക്കമാർന്ന നയസമീപനങ്ങളേയും ഇത്തരത്തിൽ ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിച്ച് തകർക്കാൻ ശ്രമിച്ചാൽ അതിന് ശ്രമിക്കുന്നവർ തകർന്ന് താറടിയും. അവരെല്ലാം പളുങ്ക് പാത്രം കരിങ്കല്ലിൽ വീഴുന്ന പ്രതീതിയായി മാറാൻ പോകുന്ന കാര്യം ചരിത്രം ആവർത്തിക്കാൻ പോകുന്നുവെന്നു മാത്രമേ എനിക്ക് സൂചിപ്പിക്കുവാനുള്ളൂ. ശ്രീ. മാമ്മൻ മത്തായി, ഒരു കാര്യം സൂചിപ്പിച്ചു, ഇവിടെ എന്താണ് സംഭവിച്ചത് ? കുറേ പേർക്ക് കക്കൂസ് ഉണ്ടാക്കിക്കൊടുത്തു, കുറേ പേർക്ക് വീട് ഉണ്ടാക്കിക്കൊടുത്തു ; കുറേ പേർക്ക് കുടിവെള്ളം എത്തിച്ചുക്കൊടുത്തു, അതല്ലാതെ പ്രത്യുല്പാദനപരമായ എന്ത് കാര്യം ചെയ്തു ? അതു തന്നെയാണ് ഞങ്ങളുടെയും ചോദ്യം ? ഈ രാജ്യത്തിന്റെ മാറ്റത്തിനുവേണ്ടി അടിസ്ഥാന ജനവിഭാഗത്തിന്റെ, പിന്നോക്കവിഭാഗത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി അവർക്ക് കയറി കിടക്കാൻ ഒരു കൂര

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനുവേണ്ടി, പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ഒരു കക്കൂസ് ഉണ്ടാക്കുന്നതിനുവേണ്ടി, മരിച്ചുവീണാൽ കുഴിച്ചുമൂടാൻ ആറടി മണ്ണിന്റെ തനതായ അവകാശികളാക്കി മാറ്റുന്നതിനുവേണ്ടി പ്രമാണിമാരുടെ കൈവശമുണ്ടായിരുന്ന ആ ഭൂമി എല്ലാം പാവപ്പെട്ടവർക്ക് സ്വായത്തമാക്കുന്നതിന് വേണ്ടിയുള്ള ബിൽ അവതരിപ്പിക്കുമ്പോഴും ശ്രീ. മാമ്മൻ മത്തായിയെപ്പോലുള്ള ആളുകൾക്ക് അത് കണ്ടാൽ പുച്ഛമാണ്. അധ:കൃതരുടേയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടേയും താല്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് ഇദ്ദേഹത്തെപ്പോലെയുള്ള ആളുകൾ നിലകൊള്ളുന്നുവെന്നാണ് പറയുന്നത്. എത്ര പേർക്കാണ് വീടുണ്ടാക്കി കൊടുത്തത്? കയറിക്കിടക്കാൻ ഇടമില്ലാത്തവർ അന്യന്റെ പീടിക തിണ്ണകളിൽ, മരച്ചുവടുകളിൽ, ഷട്ടറുകൾ വീഴുന്ന ശബ്ദം കേട്ടുകൊണ്ട് പഴം ചാക്കുമായി ആ ഷട്ടറുകളുടെ ഓരത്തേക്ക് മാറിക്കൊണ്ടിരിക്കുന്ന പാവപ്പെട്ട ആളുകൾക്ക് കയറികിടക്കാൻ ഒരു വീടുണ്ടാക്കികൊടുക്കാൻ ഇടതുപക്ഷ പ്രസ്ഥാനത്തിനും അതുപൊലെയുള്ള ഗവൺമെന്റിനും മാത്രമേ കഴിഞ്ഞിട്ടുള്ളൂ. 53 വർഷക്കാലത്തെ ഇന്ത്യാ രാജ്യത്തിന്റെ ഭരണത്തിനിടയിൽ 53 വർഷക്കാലം പിന്നിടുമ്പോഴും കേരളത്തിലൊഴിച്ച് എവിടെയാണ് പാവപ്പെട്ടവർക്ക് അനുകൂലമായ തരത്തിലുള്ള ഭവനനിർമ്മാണ പദ്ധതികൾ? അതുപോലെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് പറയാനുള്ള ആർജ്ജവം, അതിനുള്ള മര്യാദ എന്റെ പ്രിയ സ്നേഹിതർ കാണിച്ചുവെന്നാണ് പറയാനുള്ളത്. റെയിൽവേ പാളങ്ങളിൽകൂടി യാത്ര ചെയ്യുമ്പോൾ ഇവരെല്ലാം ഭരിച്ചിരുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പാവപ്പെട്ട മനുഷ്യർ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു കുപ്പിവെള്ളവുമായി റെയിൽവേ ഓരങ്ങളിൽ പോകുന്ന കാഴ്ച ഭൂരിപക്ഷംപേരും കണ്ടിട്ടുള്ളതാണ്. ആ അവസ്ഥ കേരളത്തിൽ ഉണ്ടാകാതിരിക്കുവാൻവേണ്ടി ശ്രമിക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്ന സമീപനങ്ങളെ എതിർക്കാൻ എങ്ങനെയാണ് കഴിയുന്നത് എന്ന് മനസ്സിലാകുന്നില്ല. ജനകീയ ആസൂത്രണത്തെ പുച്ഛമായി കാണുന്നു. ഇത് ആരാണ് കൊണ്ടുവന്നത്? രാജീവ്ഗാന്ധിയുടെ ജനകീയാസൂത്രണ പ്രസ്ഥാനവും അധികാരവികേന്ദ്രീകരണവും ഞങ്ങൾ നടപ്പിലാക്കിയതാണോ പിശക്? കേരളത്തിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി, പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചില്ലേ? എത്രയോ കുടിവെള്ള പദ്ധതികൾ, എത്രയോ പാലങ്ങൾ, റോഡുകൾ, വീടുകൾ, കക്കൂസുകൾ തുടങ്ങി കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി അഴിമതിരഹിതമായി നടപ്പാക്കുമെന്നുള്ള ഏറ്റവും വലിയ ഖ്യാതിക്ക് പാത്രീഭൂതരാകേണ്ട ഞങ്ങളെ, അഭിനന്ദിക്കേണ്ട, അഭിനന്ദനപൂർവ്വം സ്മരിക്കേണ്ട പ്രതിപക്ഷത്തുള്ള പ്രിയപ്പെട്ട സ്നേഹിതൻമാർ ജനകീയാസൂത്രണ പ്രസ്ഥാനത്തെ എതിർക്കുന്നു. അതിനെ എതിർത്തുകൊണ്ടുവേണം നിങ്ങൾ ഏതാനും ദിവസംകൂടി കഴിയുമ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടാൻ. നിങ്ങൾക്ക് പറയാൻ ധൈര്യമുണ്ടോ? നിങ്ങൾ പറയണം, ജനകീയാസൂത്രണ പ്രസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിനുവേണ്ടതല്ല, നല്ലതല്ല എന്ന് പറയാനുള്ള ആത്മധൈര്യം, അതിനുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്താൻ അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. പ്രവർത്തകർക്ക് കഴിയുമെങ്കിൽ നമുക്ക് അവിടെവച്ചു കാണാം. ആ വെല്ലുവിളി ഞങ്ങൾ ഏറ്റെടുക്കുന്നു. പൊതുവിതരണ സംമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുവേണ്ടി, റേഷൻ സംപ്രദായം ഇല്ലാതാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സമീപനമെടുത്തപ്പോൾ ഒരു വിട്ടുവീഴ്ചയുമില്ലാതെ എന്ത് നഷ്ടം സഹിച്ചാണെങ്കിലും ശരി അത് നിലനിറുത്തിക്കൊണ്ട് പോകുന്നതിന് വേണ്ടി ദുർബലജനവിഭാഗങ്ങളുടെ, പാവപ്പെട്ടവരുടെ, റേഷൻ അരി വാങ്ങിക്കഴിക്കുന്ന പട്ടിണി പാവങ്ങൾക്ക്, ഒരുനേരത്തെ ആഹാരം ഉണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി, റേഷൻ സംമ്പ്രദായം നിലനിറുത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് ആ സംപ്രദായം ഇല്ലാതാക്കിയാലും ശരി, അന്യ സംസ്ഥാനങ്ങളിൽനിന്നോ ഇന്ത്യാ രാജ്യത്തിൽനിന്നോ അരിയും ഗോതമ്പും പഞ്ചസാരയും വാങ്ങിയിട്ടാണെങ്കിലും ശരി കേരളത്തിലെ ജനതയ്ക്കുവേണ്ടി ഞങ്ങൾ എന്ത് ത്യാഗം സഹിച്ചും മുന്നോട്ട്പോകുമെന്ന് പ്രഖ്യാപിച്ച ശ്രീ. ചന്ദ്രശേഖരൻ നായരെപ്പോലുള്ള ആളുകൾക്കെതിരെയാണ് ഉണ്ടയില്ലാത്ത വെടി പൊട്ടിച്ചുകൊണ്ട് ചില ആരോപണങ്ങളുടെ കുന്നുമായി അവർ അവസാന നിമിഷത്തിൽ വന്നുകൊണ്ടിരിക്കുന്നത്. പത്രത്തിൽ വാർത്തകൾ വരണമല്ലോ. അത്തരത്തിലുള്ള അബദ്ധജയിലങ്ങളായ വാർത്തകളുമായി മുന്നോട്ട് പോകുമ്പോൾ ഒരു കാര്യം ഓർക്കണം . ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന ആ കാലഘട്ടം ഇവിടെ പലരും ചൂണ്ടിക്കാണിച്ചതാണ്. കർഷകത്തൊഴിലാളി പെൻഷൻ എത്രപേർക്കാണ് കൊടുക്കാനുണ്ടായിരുന്നത് ? കർഷകത്തൊഴിലാളി പെൻഷൻ 60 രൂപ ആയിരുന്നത് 100 രൂപയാക്കുമെന്നാണ് ഞങ്ങൾ പ്രഖ്യാപിച്ചത്. 60 രൂപപോലും കൊടുക്കാതെ 18 മാസക്കാലത്തെ കുടിശ്ശികയാണ് അന്ന് കൊടുക്കാൻ ഉണ്ടായിരുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 18 മാസത്തേയും പെൻഷൻ തുക കുടിശ്ശികരഹിതമായി കൊടുത്തു തീർത്തുവെന്ന് മാത്രമല്ല ആ ഗവൺമെന്റ് 60 രൂപ 80 രൂപയായും 80 രൂപ 100 രൂപയായും 100 രൂപ 120 രൂപയായും വർദ്ധിപ്പിച്ചു. ഇങ്ങനെയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏതാനും മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ടെന്ന കാര്യത്തിൽ ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ ഞാൻ അഭിമാനപൂർവ്വം പറയട്ടെ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ കർഷകത്തൊഴിലാളിക്ക് കൊടുക്കാനുണ്ടായിരുന്ന പെൻഷൻ തുക കൊടുത്ത് തീർത്തതിനുശേഷമേ അധികാരത്തിൽനിന്ന് പോകുവെന്ന് ബഹുമാന്യനായ മന്ത്രി ഇന്നലെ സൂചിപ്പിച്ചുകഴിഞ്ഞു. അതുപൊലെതന്നെ പാവപ്പെട്ട തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ. നിങ്ങൾ തൊഴിലില്ലായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ? ആരാണ് അതിനുത്തരവാദി ? ബഹുമാനപ്പെട്ട മാമ്മൻ മത്തായി പറഞ്ഞല്ലോ, ഇവിടെ റബ്ബർ, നാളികേരം, അടയ്ക്ക, കുരുമുളക്, ഏലം, ചുക്ക്, കറുവാപ്പട്ട, ജാതി, ഗ്രാമ്പു, തുടങ്ങിയവയ്ക്കൊന്നും വിലയില്ലാ എന്ന്. ആരാണ് ഉത്തരവാദി ? എന്തിനാണ് ഗാട്ട് കരാർ പന്നുപറയുമ്പോൾ എതിർക്കുന്നത് ? വസ്തുതയല്ലേ പറഞ്ഞത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായിയുടെ നേതാവ് ശ്രീ. പി. സി. തോമസ് എം. പി. രണ്ട് കിലോ റബ്ബറുമായി ഡൽഹിയിൽപോയി ശയനപ്രദക്ഷിണം നടത്തിയില്ലേ? ഡൽഹിയിൽ പത്രപ്രതിനിധികളെ വിളിച്ചുവരുത്തിയില്ലേ? ചുറ്റും റബ്ബർ പൊതിഞ്ഞ് ശയനപ്രദക്ഷിണം നടത്തിയില്ലേ ? അന്ന് റബ്ബറിന് 60 രൂപ ആയിരുന്നു വില. പത്രങ്ങളേയും മാധ്യമപ്രതിനിധികളേയും വിളിച്ചുവരുത്തി അദ്ദേഹം ശയന പ്രദർശനം നടത്തിയല്ലോ. ചുറ്റും റബ്ബർ പൊതിഞ്ഞു. അന്ന് വില എത്രയായിരുന്നു ? 60 രൂപയായിരുന്നു. ഏതുതരത്തിൽ വ്യാഖ്യാനിച്ചാലും എനിക്ക് ആക്ഷേപമില്ല. കാരണം അന്ന് ഡൽഹിയിലെ പാർലമെന്റ് മന്ദിരത്തിനുമുന്നിൽ പ്രദർശനം നടത്തുമ്പോൾ റബ്ബറിന് 60 രൂപയായിരുന്നു വില. ആരാണ് കൈ പൊക്കിയത് ? ശ്രി. പി.സി. തോമസിന്റെ പാർട്ടി. എന്റെ സ്നേഹിതൻ ശ്രീ. മാണിസാറിന്റെ പാർട്ടിയുടെ ഒരു എം. പി. യാണ് ഉണ്ടായിരുന്നത്. ഞാൻ ഒരാൾ മാത്രമാണുള്ളത്, അത് മോശമാണ് എന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹം രണ്ട് കൈയും പൊക്കി. ഒരാൾ ഒറ്റയാൻ ആയത് മോശമായതുകൊണ്ട് രണ്ടു കൈയും പൊക്കിയിട്ട് പറഞ്ഞു. ഗാട്ട് കരാറിന് കൈ പൊക്കി, ഒപ്പിട്ടു, അംഗീകരിച്ചു ചുവപ്പു പരവതാനി വിരിച്ചിരിക്കുന്നു എന്നു പറഞ്ഞ് അഭിമാനപൂർവ്വം നാടുനീളെ പ്രസംഗിച്ചുനടന്ന ശ്രീ. മാണിസാറിന്റെ പാർട്ടി, ശ്രീ. മാമ്മൻ മത്തായിയുടെ പാർട്ടി, ശ്രീ. പി. സി. തോമസിന്റെ പാർട്ടി ഇപ്പോൾ വിലപിക്കുകയാണ്. വിലാപഗീതത്തിന്റെ സങ്കീർത്തനങ്ങൾ ഉരുവിട്ടുകൊണ്ട്, അതിന്റെ മുഴുവൻ ഉത്തരവാദികൾ ഇടതുപക്ഷക്കാരും മാർക്സിസിറ്റ് പാർട്ടിയും ആണെന്ന് ആക്ഷേപം ഉന്നയിക്കുമ്പോൾ പ്രിയമുള്ളവരും കേരളത്തിലെ ജനതയും ഇത് കേൾക്കുന്നുണ്ട് എന്ന് കാണാൻ കഴിയും. ഈ രാജ്യത്തെ മുടിക്കുന്നതിന് വേണ്ടി ഗാട്ട് കരാറിനും ഗാട്ട് ഉടമ്പടിക്കും അംഗീകാരം കൊടുത്തുകൊണ്ട്, വർഗ്ഗീയ ഫാസിസ്റ്റുകൾക്ക് അനുമതി കൊടുത്തുകൊണ്ട് അവരുടെ കൈകളിൽ താക്കോൽ ഏൽപ്പിച്ചുകൊണ്ട് .....വർഗ്ഗീയ ഫാസിസ്റ്റുകളുടെ കൈയിലല്ലേ കേന്ദ്ര ഗവൺമെന്റ് താക്കോൽ ഏൽപ്പിച്ചത് ? ഇനി എനിക്കു പറ്റില്ല, ഞാൻ പോകുന്നു, നിങ്ങൾ കൈകാര്യം ചെയ്യൂവെന്നുപറഞ്ഞുകൊണ്ട് ഇറങ്ങിപ്പോകുന്ന കോൺഗ്രസ് എന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് 120 കൊല്ലത്തെ പ്രവർത്തന പാരമ്പര്യമാണ്, അനുഭവസമ്പത്താണ്. ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാർക്ക്, എവിടെയാണ് ജനാധിപത്യം ? ഇവിടെ കണ്ടല്ലോ ജനാധിപത്യം. 5 കൊല്ലമായി കേരള നിയമസഭയിൽ ജനാധിപത്യം കൊടികുത്തിവാഴുകയാണ്. ജനാധിപത്യം പോയിട്ട് എല്ലാ ദിവസവും മര്യാദയ്ക്ക് നിയമസഭ കൂടാൻപോലും അനുവദിച്ചിട്ടില്ല. ജനകീയ പ്രശ്നങ്ങളുമായി വരുമ്പോൾ, ബഡ്ജറ്റ് ചർച്ചയിൽ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപ്പെടുന്ന സന്ദർഭങ്ങളില്ലൊം ഏതെങ്കിലും തരത്തിലുള്ള മായാജാലം ഉണ്ടാക്കി പുകമറ സൃഷ്ടിച്ച് സഭയിൽ ബഹിഷ്കരണം നടത്തിക്കൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങളെ നേരിടാൻ, ചർച്ച ചെയ്യാൻ അനുവദിക്കാതെ, അതിന് തയ്യാറാകാതെ പ്രതിപക്ഷം ഇറങ്ങിപ്പോയ കഥയാണ് കഴിഞ്ഞ 5 കൊല്ലമായി കേരള നിയമസഭയിൽ കാണുന്നത്. അവർ ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാരാണ്. ജനാധിപത്യം കാത്തുരക്ഷിക്കാൻ, പരിരക്ഷിക്കാൻ ഞങ്ങൾ മാത്രമാണ് അവകാശികൾ എന്നാണ് അവർ

LIBRARY ARCHIVES Kerala Legislative Assembly

അവകാശപ്പെടുന്നത്. ആ ജനാധിപത്യവിശ്വാസികൾ ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാരാണ്. ഈ രാജ്യത്തിലെ ജനാധിപത്യ വിധ്വംസക പ്രവർത്തകരുടേയും വർഗ്ഗീയ ഭ്രാന്തൻമാരുടേയും കൈകളിൽ ഇൻഡ്യാ രാജ്യത്തെ കൊണ്ടുചെന്ന് എത്തിച്ചശേഷം അതിനെതിരെ ചിന്തിക്കുന്നതിന് പകരം.ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി നിലകൊള്ളുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിനെ കരിവാരി തേയ്ക്കുന്നതിനു ആക്ഷേപം ഉന്നയിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നമായിരുന്നു കുടിവെള്ള പ്രശ്നം. അതുപോലെതന്നെ ഗതാഗത പ്രശ്നം. അതെല്ലാം ശാശ്വതമായി പരിഹരിക്കാൻ കഴിയും എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ട്രഷറി പൂട്ടിയ കാര്യം ഇവിടെ പറഞ്ഞല്ലോ. വികസനപ്രവർത്തനം നടത്തുമ്പോൾ അതിന് പണം കണ്ടെത്തേണ്ടിവരും. 1996-ന് ശേഷമുള്ള പുതിയ സാമ്പത്തിക വികസനം എന്ന നിലയ്ക്ക്, പുതിയ സംവിധാനം എന്ന നിലയ്ക്ക് 4,000 കോടി രൂപ അധികാരവികേന്ദ്രീകരണ പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് ഏൽപ്പിക്കേണ്ടിവന്നു. അതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തുക കൊടുക്കുമ്പോൾ, അതുപോലെ തന്നെ സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് കൊടുക്കേണ്ടിവരുമ്പോൾ സ്വാഭാവികമായും ഖജനാവിൽ അതിനാവശ്യമായ പണം ഇല്ലാതെ വരുമ്പോൾ അതിന്റേതായ വരുമാനക്കുറവ് വരുമ്പോൾ ചെലവ് കൂടിവരുന്നു. അത് ധൂർത്ത് നടത്തിയിട്ടാണോ ? എന്ത് ധൂർത്ത് നടത്തിയെന്നാണ് പറയുന്നത് ? പത്രങ്ങളിൽക്കൂടി ഇലക്ട്രിസിറ്റിക്ക് പ്രചരണം നടത്തിയെന്ന് ഇന്നലെ ഒരാക്ഷേപം ഉന്നയിച്ചു. 33 കെ. വി. യുടേയും 110 കെ. വി യുടേയും 220 കെ. വി. സബ്സ്റ്റേഷന്റേയും ഉൽഘാടനം നടത്തുമ്പോൾ ഞങ്ങൾ പ്രചരണം കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ എന്ത് സംശയം ? പ്രചരണം കൊടുക്കണ്ടേ ? കൊടുത്തിട്ടുണ്ട്. ഇന്ന സ്ഥലങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷൻ, 220 കെ. വി. സബ്സ്റ്റേഷൻ, 110 കെ. വി. സബ്സ്റ്റേഷൻ എന്നിവയുടെ ഉൽഘാടനം നടത്തുന്നുവെന്ന് വാർത്ത കൊടുത്തിട്ടുണ്ട്. അതാണോ വലിയ പിശക് ? 18 വർഷമായി കേരളം ഇരുട്ടറയിലായിരുന്നു. മൂന്നും മൂന്നര മണിക്കൂറും ഒക്കെ ഇരുട്ടിലായിരുന്നു. കേരളത്തെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻവേണ്ടി വൈദ്യുതോൽപ്പാദന രംഗത്ത് ക്രിയാത്മകമായ നടപടി സ്വീകരിച്ചുകൊണ്ട് പവർകട്ട് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള സമീപനം സ്വീകരിച്ചു. അവിടെ ആവശ്യമായ പ്രചരണം നടത്തി. പത്രത്തിൽ വാർത്ത കൊടുത്തു. ശ്രീ. എസ്. ശർമ്മയുടെ ഫോട്ടോ പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതിന് എന്തൊരാക്ഷേപമാണ്. കഴിഞ്ഞ 18 വർഷമായി നാലും നാലരയും മണിക്കൂർ പവർക്കട്ട് ആയിരുന്നല്ലോ. വ്യവസായ പ്രതിസന്ധിയുണ്ടായിരുന്നില്ലേ ? വ്യവസായികൾക്ക് കറണ്ട് കൊടുത്തിരുന്നു. വ്യവസായ പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ട് കേരളത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ്ക്ക് നയിക്കാൻ പര്യാപ്തമായ തരത്തിൽ വൈദ്യുതി സംയമനനയം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോയി. അതുപോലെതന്നെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ക്രിയാത്മകമായ നടപടി സ്വീകരിച്ചു. സഹകരണ മേഖലയിൽ എത്രയോ പുതിയ മാറ്റങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. ഒരു സഹകരണ മെഡിക്കൽ കോളേജ് തുടങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി, ഇൻഡ്യാ ചരിത്രത്തിൽ ആദ്യമായി, കേരളത്തിൽ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അത് പുതിയ മാറ്റമല്ലേ? അതിന് കൂടുതൽ തുക കാണേണ്ടിവരും. അപ്പോൾ കുറച്ച് സാമ്പത്തിക പ്രതിസന്ധിയുണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. 10 എഞ്ചിനീയറിംഗ് കോളേജ് സഹകരണ മേഖലയിൽ തുടങ്ങി. എഞ്ചിനീയറിംഗ് കോളേജ് സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ, കേരളത്തിലെ ജനങ്ങളുടെ സ്വത്തായി മാറണമെന്ന നിശ്ചയദാർഢ്യത്തോടുകൂടി 10 എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങി. അവിടത്തെ അഡ്മിഷനും മറ്റ് നടപടികളും തുടർന്ന് വരുന്നു. ഈ പ്രശ്നങ്ങൾ വരുമ്പോൾ സാമ്പത്തികഭാരം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമുണ്ടോ? 10-ാം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് പ്രീ-ഡിഗ്രിക്ക് അഡ്മിഷൻ കിട്ടാതെവരുമ്പോൾ അതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി പ്ലസ് ടു വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങി. അതിന് ഇവിടെ എന്തെല്ലാം ബഹളമുണ്ടാക്കി? എത്ര സമരങ്ങൾ നടത്തി? എത്ര പ്രതിഷേധം ഉണ്ടായിരുന്നു? പുതിയ നയസമീപനങ്ങൾ, പുതിയ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ കാര്യങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടി വരുമ്പോൾ എന്റെ പ്രിയപ്പെട്ട പ്രതിപക്ഷ സ്നേഹിതൻമാരെല്ലാം അതിനെതിരായി ആക്ഷേപം ഉന്നയിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുന്ന പാഴ്വേല കേരളത്തിൽ നടക്കില്ല എന്ന് കണ്ടറിയാൻ പോകുന്ന വസ്തുതയാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി പിന്താങ്ങികൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. സി. ജോർജ് : സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ടി. എം. ജേക്കബുമായി വളരെ അടുപ്പമുള്ള ആളാണ് ഞാൻ. അദ്ദേഹത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ ഗവൺമെന്റിനോടും തീർത്താൽ തീരാത്ത പകയുണ്ട്. അത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. പക്ഷേ ഈ പക തീർക്കാൻ സ്വാധീകനായ ശ്രീ. ഇ . ചന്ദ്രശേഖരൻ നായരെ കരുവാക്കിയത് ശരിയായില്ല എന്നുമാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി 5 കൊല്ലം ഈ രാജ്യം ഭരിച്ച് ജനോപകാര പ്രദമായ നടപടികളുമായി മുന്നോട്ടുപോയി. അങ്ങനെയുള്ള ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്തുമ്പോൾ നിങ്ങൾ അറിയണം രണ്ടു മാസത്തിനകം നടക്കാൻപോകുന്ന തെരഞ്ഞെടുപ്പിൽ വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരാൻ പോകുകയാണ് എന്ന്. അധികാരത്തിൽവന്ന് ഒരു മാസംകൂടി കഴിഞ്ഞാൽ യു.ഡി.എഫ്-ന്റെ ഏകോപന സമിതി കൂടേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ ജയിലിലായിരിക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ നിങ്ങളാണ് ഇങ്ങോട്ട് ആരോപണം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട എ. കെ. ആന്റണിയോട് ഞാൻ ചോദിക്കട്ടെ, 45 കൊല്ലം ഇൻഡ്യാ രാജ്യം ഭരിച്ച നിങ്ങൾക്ക് 5 വർഷം ഇവിടെ പ്രതിപക്ഷസ്ഥാനത്തിരിക്കുന്നത് സഹിക്കാൻ കഴിയുന്നില്ല. ബംഗാളിൽ നിങ്ങൾ പ്രതിപക്ഷത്തിരിക്കാൻ തുടങ്ങിയിട്ട് എത്ര കൊല്ലമായി ? 24 കൊല്ലമായി. ശരിയാണോ ? തൊട്ടടുത്ത തമിഴ്നാട്ടിൽ നിങ്ങൾ ഭരണത്തിൽനിന്നും പുറത്തായിട്ട് എത്ര കൊല്ലമായി ? തിരിച്ചുകയറാൻ നിങ്ങൾക്ക് പറ്റിയോ ? ഇപ്പോൾ 5 കൊല്ലമായപ്പോൾ നിങ്ങൾക്ക് അസഹിഷ്ണുത. നിങ്ങൾ 50 കൊല്ലം പ്രതിപക്ഷത്തിരുന്നാലും ഇവിടെ ഭരണത്തിൽ വരുന്ന പ്രശ്നമില്ല. അക്കാര്യത്തിൽ യാതൊരു സംശയവും ആർക്കുംവേണ്ട. ഒരു തർക്കവും ഇല്ലാത്ത കാര്യമാണ് പറയുന്നത്. കെ. പി. സി. സി. നേതാവ് ശ്രീ. എ. കെ. ആന്റണി ഈയടുത്ത ദിവസം പറഞ്ഞത് പത്രത്തിൽ വായിച്ചു. കെ. പി.സി.സി. ഓഫീസെല്ലാം വൃത്തിയാക്കുന്നു, മോടി പിടിപ്പിക്കുന്നു, തറയെല്ലാം മാർബിളിടുന്നു, മുറികളെല്ലാം കമ്പാർട്ടുമെന്റുകളായി തിരിക്കുന്നു, പുതിയ കസേരകൾ വാങ്ങുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു അപേക്ഷയുണ്ട്. ഡെപ്യൂട്ടി ലീഡർ ശ്രീ. കാർത്തികേയനാണല്ലോ. ആ ഓഫിസിലെ കസേരയെല്ലാം തറയിൽ സ്ഥിരമായി ഉറപ്പിച്ചു പിടിക്കണം. ഇല്ലെങ്കിൽ നിങ്ങൾ പരസ്പരം തമ്മിൽത്തല്ലാൽ ആ കസേരകൾ ഉപയോഗിക്കുന്ന സാഹചര്യമുണ്ടാകും. അത്രമാത്രം പരിശുദ്ധമാണ് നിങ്ങളുടെ പാർട്ടി. പ്രതിപക്ഷനേതാവ് ഒരു ജാഥനയിച്ചുകൊണ്ട് പറഞ്ഞതെന്താണ് ? 'വിളിപ്പാടകലെയാണ്' എത്തിക്കഴിഞ്ഞു, നമ്മളിതാ സെക്രട്ടേറിയറ്റിന് വിളിപ്പാടകലെ എത്തിക്കഴിഞ്ഞു, ഇനി ഏതാനും ചുവടുകൂടി വച്ചാൽമതി. വിളിപ്പാടകലെഎത്തി നിൽക്കുകയല്ലേ സെക്രട്ടേറിയറ്റിൽ കയറാൻ. അങ്ങയുടെ ഒരു ദൂതി, ഭയങ്കരംതന്നെ. ശ്രീ. മാണിയുടെ ജാഥ ഇവിടെ വന്നപ്പോൾ എന്താണ് പറഞ്ഞത് ? 'നായനാർ സർക്കാർ താഴെ വീഴും' എന്നാണ് പറഞ്ഞത് ? നിങ്ങളുടെ രണ്ടുപേരുടേയും കൂട്ടത്തിൽ ശ്രീ. പത്മനാഭന്റെ ഒരു യാത്ര വരുന്നുണ്ട്. അതുകൂടി വരുമ്പോൾ എന്താകും ഗതി ? നിങ്ങൾക്ക് ഉളുപ്പ് വേണ്ടേ ? ഈ സംസ്ഥാനത്തിലെ ജനങ്ങൾക്കുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്തുവെന്ന് നോക്കണ്ടേ ? ശ്രീ. കുഞ്ഞാലിക്കുട്ടി അവിടിരുന്ന് ചിരിക്കരുത്. വേണമെങ്കിൽ അവിടെനിന്ന് പിരിഞ്ഞോ? രക്ഷവേണമെങ്കിൽ പിരിഞ്ഞോ ? ആ മുന്നണിയിൽനിന്നിട്ട് കാര്യമുണ്ടോ ? .ഉടൻ അധികാരത്തിൽ വരുമെന്ന് രാജ്യം മുഴുവൻ പ്രസംഗിച്ചു നടക്കുകയാണ്. പ്രതിപക്ഷനേതാവിനോട് എനിക്ക് വ്യക്തിപരമായ ബഹുമാനവും ആദരവും ഉണ്ടെങ്കിലും വളരെ വിനയത്തോടുകൂടി പറയുന്നു.....ഇന്നത്തെ കേരള ശബ്ദത്തിൽ ഒരു മിലിറ്ററി ഇന്റലിജൻസ് റിപ്പോർട്ട് വന്നിട്ടുണ്ട്. അത് വായിച്ചോ ? വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.- യു.ഡി.എഫ്- ബി.ജെ.പി. മുന്നണികളുടെ സാധ്യതകളെപ്പറ്റി തിരുവനന്തപുരത്തുനിന്നും ഡൽഹിയിലുള്ള ഹെഡ്ക്വാർട്ടേഴ്സിൽ റിപ്പോർട്ട് അയച്ചിട്ടുണ്ട്. കഴിഞ്ഞമാസം 28-ാം തീയതി അയച്ചതായി അറിയുന്ന റിപ്പോർട്ടിൽ എൽ.ഡി.എഫ്-ന് ഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത് അത് വായിക്കണം. ഇത് മിലിറ്ററി ഇന്റലിജൻസ് റിപ്പോർട്ടാണ്. മനസ്സിലായോ ? ബാക്കികൂടെ കേൾക്കണം. എൽ.ഡി.എഫ്-ന് 80-ഉം, യു.ഡി.എഫ്-ന് 59-ഉം, ബാക്കിയാണ് ദു:ഖകരം ബി.ജെ.പി.- 1. അത് നിങ്ങൾ കൂടാതെ കിട്ടുമോ ? നിങ്ങൾ കൂടും. ശ്രീ. സുപ്പി മനസാക്ഷിയില്ലാതെ വർത്തമാനം പറയരുത്. കാസർകോഡ് എൽ.ഡി.എഫ്-3, യു.ഡി.എഫ്-1, ബി.ജെ.പി.- 1 അങ്ങനെയാണ് അതിലെഴുതിയിരിക്കുന്നത്. അവിടെ ബി.ജെ.പി.- ക്ക് ഒന്ന് എന്നെഴുതി വച്ചിരിക്കുന്നു. അവിടെ ആരാണ് ബി.ജെ.പി.-ക്ക് സീറ്റു കൊടുത്തത് . ശ്രീ. ചെർക്കളം അബ്ദുള്ള അവിടെ കച്ചവടം ചെയ്യാൻ പോയിരിക്കുകയാണ്. സംശയമുണ്ടോ ? നിങ്ങളാലോചിച്ചോ ?

ശ്രീ. ബി. വിജയകുമാർ : മിലിറ്ററി ഇന്റലിജൻസിന്റെ റിപ്പോർട്ട് പത്രത്തിൽ വന്നതാണ് അങ്ങ് വായിച്ചത്. മിലിറ്ററിയുടെ ഇന്റലിജൻസ് വിഭാഗം പൊളിറ്റിക്കൽ സർവ്വേ നടത്തുകയില്ലെന്നും, അങ്ങനെ റിപ്പോർട്ട് ശേഖരിക്കുകയില്ലെന്നും ഉള്ള പ്രാഥമിക വിവരംപോലും അറിയാതെ എന്തിനാണ് പ്രസംഗിക്കുന്നത് ? ഇൻഡ്യൻ മിലിറ്ററിയുടെ ജോലി പൊളിറ്റിക്കൽ സർവ്വേയാണോ ?

ശ്രീ. പി. സി. ജോർജ് : എന്തൊരു വിവരദോഷി ? മിലിറ്ററി ഇന്റലിജൻസ് ഇല്ലെന്ന്. കോൺഗ്രസ്സുകാർ ജനിച്ചപ്പോഴും വിവരമില്ല. ഇവിടെ വന്ന് വർത്തമാനം പറയുകയാണ്. ഇടതു-വലതു മുന്നണികൾക്ക് ഏതേതു ഘടകകക്ഷികളാണ് പ്രതികൂലമാകുന്നതെന്നും റിപ്പോർട്ടിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. എൽ.ഡി.എഫ്-നെ സംബന്ധിച്ചിടത്തോളം വീണ്ടും വിജയം പ്രദാനം ചെയ്യുന്ന മുഖ്യഘടകം ഗവൺമെന്റിന്റെ ഇമേജ് തന്നെയാണ്. കുറ്റങ്ങളും കുറവുകളും സ്വാഭാവികമായി ഉണ്ടെങ്കിൽപ്പോലും തൊട്ടു മുൻപുള്ള 5 വർഷം ഭരണം നടത്തിയിരുന്ന യു.ഡി.എഫ്. ഗവൺമെന്റിനേക്കാൾ ഏറെ മെച്ചമാണ് എൽ.ഡി.എഫ് ഗവൺമെന്റ് എന്നാണത്രേ ജനാഭിപ്രായം. ഒരു പാർട്ടി എന്ന നിലയിൽ രൂപപ്പെട്ട കാലംമുതൽ സംസ്ഥാന നിയമസഭയിൽ കയറാൻ എല്ലാ വഴിവിട്ട കളികളും കളിച്ചുവരുന്ന ബി.ജെ.പി. ഇക്കുറി ലക്ഷ്യം കാണുമെന്ന് പറയുമ്പോൾ അതിൽ യു.ഡി.എഫ്-ന്റെ കൈയയച്ച സഹായമുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. മിക്കവാറും രണ്ട് സീറ്റുകളിലേയ്ക്കാണ് കണ്ണും നട്ടിരിക്കുന്നത്. ബി.ജെ.പി. രണ്ടു മണ്ഡലങ്ങളിലേയും സഹായത്തിന് പ്രത്യുപകാരമായി ശേഷിക്കുന്ന മണ്ഡലങ്ങളിൽ യു.ഡി.എഫ്-നെ സഹായിക്കാമെന്നാണ് ഏറ്റിട്ടുള്ളത്. മതിയോ ? ഈ നിലയിൽ കേരളത്തിലെ രാഷ്ട്രീയത്തെ കൊണ്ടുപോകണോ? 46 വർഷം രാജ്യം ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്സ്. ആ കോൺഗ്രസ് ഇന്ന് എവിടെ പോയി നിൽക്കുന്നു ? നിങ്ങൾ ബംഗാളിൽ 24 വർഷം പ്രതിപക്ഷത്തായിരുന്നു. പ്രതിപക്ഷത്തിരുന്നുകൊണ്ട് പ്രതിപക്ഷത്തിന്റെ ജോലി ചെയ്തിരുന്നുവെങ്കിൽ ഈ ഗതികേട് വരുമോ ? തമിഴ്നാട്ടിൽ നിങ്ങളുടെ ഗതിയെന്താണ് ? അങ്ങയുടെ പാർട്ടിയുടെ ഗതിയെന്താണ് ? ഇന്നിപ്പോൾ ശ്രീമതി ജയലളിതയില്ലെങ്കിൽ ഒരു സീറ്റുപോലും തമിഴ്നാട്ടിൽ കിട്ടാത്ത സ്ഥിതിയാണ്. ആ നിലയിൽ കോൺഗ്രസ് അധ:പതിച്ചിരിക്കുന്നു. നിഷേധിക്കാൻ കഴിയുമോ ? കേരളത്തിൽ നിങ്ങളുടെ ഗതിയെന്താണ് ? നിങ്ങളുടെ കൂട്ടത്തിൽ കൂടിയിരിക്കുന്ന കക്ഷികൾ

LIBRARY ARCHIVES Kerala Legislative Assembly

ഏതൊക്കെയാണ് ? കൂട്ടാൻ കൊള്ളാവുന്ന കക്ഷികളാണോയെന്ന് ആലോചിക്കണ്ടേ ? അതിൽ അഭിപ്രായം പറയാനുണ്ടോ ? ജാഥ നടത്തിയപ്പോൾ അങ്ങ് പറഞ്ഞതെന്താണ് ? പ്രതിപക്ഷനേതാവ് വളരെ വ്യക്തമായി എല്ലാ സ്ഥലത്തും പ്രസംഗിച്ച ഒരു കാര്യം പ്രൈവറ്റ് മേഖലയിൽ എൻജിനീയറിംഗ് കോളേജ് കൊടുക്കും എന്നാണ് ചുമ്മാ കൊടുക്കാനിരിക്കുന്ന സാധനമാണോ എന്ന് എനിക്കറിഞ്ഞുകൂടാ. പ്രൈവറ്റ് മേഖലയിൽ ഒരു എൻജിനീയറിംഗ് കോളേജ് കൊടുക്കുമ്പോൾ അവിടെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എങ്ങനെയായിരിക്കണമെന്ന് പറയണ്ടേ ? അധ്യാപക നിയമനം എങ്ങനെയായിരിക്കണമെന്ന് പറയാനുള്ള ബാധ്യതയില്ലേ ? അല്ലാതെ സൗകര്യംപോലെ പ്രൈവറ്റ് മാനേജ്മെന്റുകൾക്ക് കോഴ വാങ്ങാനുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് സൗകര്യംപോലെ മാനേജ്മെന്റുകൾക്ക് വിദ്യാഭ്യാസ സ്ഥാപനം കൊടുക്കുമെന്നു പറയുന്നത് മരാദ്യയല്ല. ഞങ്ങൾക്ക് അതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇവിടെ ഡയറക്ട് പേമെന്റ് വന്നതോടുകൂടി ചില പ്രൈവറ്റ് മാനേജുമെന്റുകളെ ഒരു കാരണവശാലും നിയന്ത്രിക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരിക്കുന്നു. അഴിമതിയും കോഴയും കൊടികുത്തി വാഴുന്നു. നിഷേധിക്കാൻ പറ്റുമോ ? ബഹുമാനപ്പെട്ട ആന്റണി ട്യൂട്ടോറിയൽ കോളേജിനെ കോളേജാക്കാൻ നോക്കിയതാണ്. അങ്ങ് ഇവിടെ പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ പ്രൈവറ്റ് മേഖലയെ കയറൂരി വിടണമെന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അങ്ങ് ഈ സഭയിൽ അതുപറയണമെന്ന് എനിക്ക് ഒരു അപേക്ഷയുണ്ട്. ഒരു തെരഞ്ഞെടുപ്പുവരുമ്പോൾ വിജയത്തിന് വേണ്ടി മാത്രമായി യാതൊരു ഉളുപ്പുമില്ലാതെ പ്രസ്താവന നടത്തുന്നതിലെ മര്യാദയെന്താണ് ? അങ്ങ് 1991 മുതൽ 1996 വരെ ഭരിച്ചില്ലേ ? ഒരു എൻജിനീയറിംഗ് കോളേജെങ്കിലും കൊടുക്കാൻ കഴിഞ്ഞോ? കൊടുത്തോ ? കൊടുത്ത സ്ഥലത്തെ നിലയെന്താണ് ? അക്കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട സൂപ്പിക്ക് അറിയാമല്ലോ. വാളാഞ്ചേരിയിലെ ഗതിയെന്താണ് ? വിശദീകരിക്കണോ ? ആ നില ഈ രാജ്യത്തെ കോളേജുകൾക്ക് വരണമെന്നാണ് നിങ്ങൾ പറയുന്നത് . ബഹുമാനപ്പെട്ട ആന്റണിയുടെ അഭിപ്രായം അതാണോ ? നിങ്ങൾ 1991 മുതൽ 1996- വരെ ഭരിച്ചിട്ട് ഒരു കോളേജ് കൊടുത്തോ ? ഞങ്ങൾക്ക് അതിനെക്കുറിച്ചൊക്കെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടുള്ളതുകൊണ്ടാണ് ഇവിടുത്തെ സാമൂഹ്യസ്ഥിതി, ജനങ്ങളുടെ വികാരം, ജനവിഭാഗങ്ങളുടെ പ്രത്യേകതയൊക്കെ കണക്കിലെടുത്തുകൊണ്ട് വിദ്യാർത്ഥികളുടെ അഡ്മിഷനും അധ്യാപകരുടെ നിയമനവുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് നിയന്ത്രണം അംഗീകരിക്കുന്ന മാനേജ്മെന്റുകൾക്ക് കോളേജുകൾ കൊടുക്കുമെന്ന തീരുമാനമെടുത്തത്. പ്രൈവറ്റ് കോളേജ് എന്നു പറയുമ്പോൾ അവർ വിദ്യാഭ്യാസ മേഖലയിലാണ് സേവനമനുഷ്ഠിക്കുന്നതെങ്കിൽ അവർ സേവനമനുഷ്ഠിക്കുന്ന നിലയിലേയ്ക്ക് കടന്നുവരണം. അല്ലാതെ കച്ചവടമന സ്ഥിതിയോടുകൂടി വിദ്യാർത്ഥികളെ ചൂഷണം ചെയ്യണം, മാതാപിതാക്കളെ ചൂഷണം ചെയ്യണം എന്ന കാഴ്ചപ്പാടോടുകൂടി വന്നിട്ട് അതിന് അംഗീകാരം കൊടുക്കുന്നത് മര്യാദയാണെന്ന കാഴ്ചപ്പാട് ഇടതുപക്ഷ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിക്ക് ഇല്ല. വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരമാണ് ഉണ്ടാക്കേണ്ടത്. നിങ്ങൾ ഭരിക്കുമ്പോൾ 3,700 സീറ്റുകളാണ് എൻജിനീയറിംഗ് മേഖലയിൽ ഉണ്ടായിരുന്നതെങ്കിൽ അത് 9,400 സീറ്റുകളായി ഉയർത്തി. അതിലെന്താണ് കുഴപ്പം? ഏതു മേഖലയിലായാലും ഈ സംസ്ഥാനത്ത് പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കി കൊടുക്കണം. അതിൽ രാഷ്ട്രീയം കാണുന്ന നടപടിയോട് യോജിക്കാൻ കഴിയുകയില്ല. ഇവിടെ ഞാനൊരു കാര്യം സൂചിപ്പിക്കുകയാണ്. നാലഞ്ച് എം.എൽ.എ.മാർ സത്യാഗ്രഹമായി പോയതു ഞാൻ കണ്ടതാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ റവന്യൂബോർഡ് നിർത്തലാക്കുമെന്ന് പറഞ്ഞിട്ട് എത്രകൊല്ലമായി ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ വന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി വന്നപ്പോൾ അതിനു നടപടി സ്വീകരിച്ചു. നിങ്ങൾ പറഞ്ഞു ; പക്ഷേ നിങ്ങൾ ചെയ്തില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ശ്രീ. കെ. ഇ. ഇസ്മയിൽ പുതുതായി വില്ലേജുകൾ സൃഷ്ടിച്ചു. മലയോര കൃഷിക്കാർക്ക് പട്ടയംകൊടുക്കുമെന്ന് പറഞ്ഞു, അഞ്ച് വർഷം ഭരിച്ചിട്ട് കൃഷിക്കാർക്ക് പട്ടയം കൊടുക്കുവാൻ കഴിഞ്ഞോ ? ഈ ഗവൺമെന്റിന്റെ കാലത്ത് ലക്ഷക്കണക്കിന് മലയോര കർഷകർക്ക് പട്ടയം കൊടുക്കുവാൻ കഴിഞ്ഞു.

ശ്രീ. ബി. വിജയകുമാർ : (മൈക്ക് ഓഫ്).....സർ,.....

ശ്രീ. പി. സി. ജോർജ് : എന്റെ വായിൽനിന്ന് കേൾക്കരുത് കേട്ടോ ; കച്ചവടക്കാരനിരുന്ന് വർത്തമാനം പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.....പ്ലീസ്.....

ശ്രീ. പി. സി. ജോർജ് : കുറച്ചുനേരമായി കച്ചവടക്കാരനിരുന്ന് വർത്തമാനം പറയുകയാണ്. കച്ചവടംകൊണ്ട് നടക്കുന്നവനാണ് നിങ്ങൾ . നിങ്ങൾ കോൺഗ്രസ്സിലെ കച്ചവടക്കാരനാണ്. രണ്ടുരൂപാ പാർട്ടി, നാണംകെട്ടവൻ. സഭയിൽവന്ന് വർത്തമാനം പറയുകയാണ്. മര്യാദകെട്ട വർത്തമാനം. കുറച്ചുനാളായി ഈ സഭയിൽ വന്നതുമുതൽ ഞാൻ ശ്രദ്ധിക്കുകയാണ്. അയാൾ ആവശ്യമില്ലാതെ വർത്തമാനം പറയുകയാണ്. ഇയാൾ വർത്തമാനം പറഞ്ഞാൽ അതിനു മറുപടി മറയാതെ പോവില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറഞ്ഞേക്കാം. മനസ്സിലായോ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.....പ്ലീസ്.....

ശ്രീ. ബി. വിജയകുമാർ : മതി പോകാം.

ശ്രീ. പി. സി. ജോർജ് : നിങ്ങളുടെ അനുവാദം വേണോ എനിക്ക് പോകാൻ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്,.....(ബഹളം).....

ശ്രീ. പി. സി. ജോർജ് : ഞാൻ അങ്ങോട്ടുവരാം.....മര്യാദകെട്ടവൻ പറയുകയാണ് അവിടെനിന്നുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു മെമ്പറെ അഭിസംബോധന ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ എന്നേ പറയാവൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : (മൈക്ക് ഓഫ്).....

ശ്രീ. പി. സി. ജോർജ് : ശ്രീ. ഡൊമിനിക് പ്രസന്റേഷനോട് സംസാരിച്ചിട്ട് കാര്യമുണ്ടോ ? ചെന്ന് ചോദിക്ക്, ...ഭ്രാന്തിപ്പശു രോഗമാണല്ലോ പിടിച്ചിരിക്കുന്നത്. ചാടുകയാണ്. 16 താലൂക്കുണ്ടാക്കി,..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. സി. ജോർജിന് പ്രസംഗം തുടരാം.

ശ്രീ. പി. സി. ജോർജ് : എന്താ പറയണോ? പറയണമെങ്കിൽ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, ...പ്ലീസ്.....

ശ്രീ. പി. സി. ജോർജ് : വൃത്തികെട്ട വർത്തമാനം പറയുന്നു. ശ്രീ. കെ. ബാബുവിന്റെ അനുജൻ കമുകറ പോലീസ് സ്റ്റേഷനിൽ കിടക്കുകയാണ്. കള്ളനോട്ട് കേസ്സിൽ പ്രതിയാണ്. ശ്രീ. ബാബുവിന്റെ അനുജൻ, ...എന്നിട്ട് ഇവിടെ പ്രസംഗിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി.സി. ജോർജിന് മാത്രമേ മൈക്കുള്ളൂ. അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ് : കള്ളനോട്ട് കേസ്സിൽ പ്രതിയാണ് ശ്രീ. ബാബുവിന്റെ അനുജൻ, ജയിലിൽ കിടക്കുകയാണ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പി.സി. ജോർജ് അങ്ങേയ്ക്കേ മൈക്കുള്ളൂ. അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ് : എണീറ്റുനിന്ന് സംസാരിക്കുമ്പോൾ വൃത്തികെട്ട വർത്തമാനം ഇങ്ങോട്ട് പറഞ്ഞാൽ ഞാനും പറയും. സംശയം വേണ്ട. വൃത്തികേട് പറഞ്ഞാൽ വൃത്തികേട് തന്നെ അങ്ങോട്ടും പറയും. അതിന് പേടിയില്ല. മനസ്സിലായോ? ഇവിടെനിന്നും പോകുവാൻ നിങ്ങളുടെ ഔദാര്യം വേണോ? അതു മനസ്സിൽ വച്ചാൽ മതി. എനിക്ക് മൈക്ക് ഉള്ളിടത്തോളം ഞാൻ സംസാരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, ...പ്ലീസ്.....

ശ്രീ. പി. സി. ജോർജ് : എന്നെ പറയുവാൻ അനുവദിക്കണ്ടേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പി.സി. ജോർജ് അങ്ങേയ്ക്ക് സംസാരിക്കാം. മൈക്ക് അങ്ങേക്ക് മാത്രമേയുള്ളൂ.

ശ്രീ. പി. സി. ജോർജ് : ഇങ്ങോട്ട് വർത്തമാനം പറഞ്ഞാൽ ഞാനും പറയും. മനസ്സിലായോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. സി. ജോർജ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി. സി. ജോർജ് : ഇവിടെ വില്ലേജ് പുനഃസംഘടിപ്പിച്ചു. ..... (ബഹളം). .....കുറച്ച് കഴിഞ്ഞേ പറയുന്നുള്ളൂ. ഇവർ നിർത്തട്ടെ. അവരുടെ അവസാനത്തെ പറച്ചിലാണ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. സി. ജോർജ് .....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. സി. ജോർജ് : അവർ മുഴുവൻ പറഞ്ഞ് തീർക്കട്ടെ. കുറച്ച് കഴിഞ്ഞിട്ടേ ഞാൻ പറയുന്നുള്ളൂ. കുറച്ച് കഴിഞ്ഞ് പോയാൽ മതി. ഇന്ന് മുഴുവൻ പറഞ്ഞ് കഴിഞ്ഞിട്ടേ പോകുന്നുള്ളൂ. ഇന്ന് സഭ തീരുകയല്ലേ, അവർ എല്ലാം കേട്ടിട്ട് പോകാമെന്ന് കരുതി. അത് ശരിയല്ലല്ലോ ; ഈ സഭയിൽ വന്നിട്ട് അഞ്ചു വർഷമായി. അന്നു മുതൽ ശ്രദ്ധിക്കുകയാണ്. അവിടെ രണ്ടര അംഗങ്ങളുണ്ട്. ആര് സംസാരിച്ചാലും വൃത്തികെട്ട വർത്തമാനം അവിടെനിന്നും പറയും. ഭ്രാന്തിപ്പശു രോഗം പിടിച്ചവൻ വർത്തമാനം പറയുന്നു. നിങ്ങൾ പറഞ്ഞാൽ മറുപടി പറയും. ഇവിടെ മറ്റ് പലരും മിണ്ടില്ലായിരിക്കും. എനിക്ക് ജീവനുണ്ടെങ്കിൽ ഞാൻ മറുപടി പറഞ്ഞിട്ടേ പോകൂ. ഇപ്പോൾതന്നെ പറഞ്ഞേക്കാം. അങ്ങനെ പേടിച്ച് പോകുന്നവനല്ല. ശ്രീ. കെ. സി. വേണുഗോപാൽ, അതിൽ കൂടണ്ട. ശ്രീ. വേണു കൂട്ടത്തിൽ ഇല്ലല്ലോ; മറ്റ് രണ്ടുപേരാണ് . ആ നടപടി ശരിയല്ല. .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്, ...

ശ്രീ. പി. സി. ജോർജ് : ഭ്രാന്തിപ്പശുരോഗം പിടിച്ചിരിക്കുകയാണ്. മനസ്സിലായോ ? ഭ്രാന്തിപ്പശുരോഗം പിടിച്ചവൻ ചാടി എണീക്കുന്നു. വർത്തമാനം പറയുന്നു.

മി. സ്പീക്കർ : പ്ലീസ്, ...പ്ലീസ്.....

ശ്രീ. പി. സി. ജോർജ് : മുഖ്യമന്ത്രി പറയുമ്പോഴും എണീറ്റ് നിന്ന് സംസാരിക്കും. ഭ്രാന്തിപ്പശുരോഗം പിടിച്ചവൻ വർത്തമാനം പറയുന്നു.

മി. സ്പീക്കർ : പ്ലീസ് കൺട്രോൾ ശ്രീ. പി. സി. ജോർജ്.

ശ്രീ. പി. സി. ജോർജ് : ഈ സഭയിൽവന്ന അന്നുമുതൽ ഞാൻ ശ്രദ്ധിക്കുന്നു. സ്ഥിരമായി സഭയിൽ എണീറ്റുനിൽക്കുക, ആര് സംസാരിച്ചാലും വൃത്തികേട് പറയുക. എനിക്ക് മൈക്കുള്ളപ്പോൾ നിങ്ങൾ എന്തിന് സംസാരിക്കുന്നു. മര്യാദ വേണ്ടേ ?

മി. സ്പീക്കർ : പ്ലീസ്, ...

ശ്രീ. പി. സി. ജോർജ് : ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. പി. സുലൈമാൻ റാവുത്തർ, ...

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. പി. സുലൈമാൻ റാവുത്തർ, ...

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സ്പീക്കർ സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനേയും വോട്ട് ഓൺ അക്കൗണ്ടിനേയും അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായി തുക ചെലവഴിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് വികസന രംഗത്ത് വൻപ്പിച്ച കുതിച്ചുചാട്ടമാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ളത്. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും നിയോജകമണ്ഡലതലത്തിലും ഒക്കെ പരിശോധിക്കുമ്പോൾ ഏതുകാലത്തേക്കാളും കൂടുതൽ വികസനം ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. സാമ്പത്തിക പ്രതിസന്ധികൾക്ക് നടുവിൽനിന്നുകൊണ്ടാണ് ഈ വികസന ലക്ഷ്യം നേടുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുള്ളത്. തികഞ്ഞ അച്ചടക്കത്തോടുകൂടി നടത്തിയ സാമ്പത്തിക മാനേജ്മെന്റിന്റെ ഫലം കൊണ്ടു തന്നെയാണ് ഈ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്. അടിസ്ഥാന ജനവിഭാഗങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ ഈ ഗവൺമെന്റ് വലിയ താല്പര്യം കാണിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗിരിവർഗ്ഗഭൂമി കൈമാറ്റത്തിന്റെ പേരിലുള്ള പ്രശ്നം നമ്മുടെ സംസ്ഥാനത്ത് കത്തിക്കാളി നിന്നിരുന്നു. എന്റെ ജില്ലയിലെ മലയോര മേഖലകളിൽ കൃഷിക്കാരും ആദിവാസികളും തമ്മിൽ നിലനിന്നിരുന്ന പ്രശ്നം, എത്രയോ കാലമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. 1975-ൽ കേന്ദ്ര ഗവൺമെന്റ് ഒരു നിയമം പാസ്സാക്കി. ആ നിയമം നടപ്പാക്കുവാൻ കഴിഞ്ഞില്ല. ഈ സംസ്ഥാനത്ത് എത്രയോ ഗവൺമെന്റുകൾ മാറിമാറിവന്നു. ആ ഗവൺമെന്റുകൾ ഒന്നും ഈ പ്രശ്നം കാര്യമായി എടുക്കുവാനോ പരിഹരിക്കുവാനോ തയ്യാറായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻതന്നെ ആ നിലയ്ക്കുള്ള നീക്കങ്ങൾ ആരംഭിച്ചു. ഒരു ഭേദഗതി നിയമം ഈ സഭയിൽ പാസ്സാക്കിക്കൊണ്ട് ആ രംഗത്ത് ശാശ്വതമായ സമാധാനം കണ്ടെത്തുവാൻ ഈ ഗവൺമെന്റ് മുൻകൈയെടുത്ത് പ്രവർത്തിക്കുകയുണ്ടായി. വർഷങ്ങളായി സ്വന്തം ഭൂമിയിൽ അദ്ധ്വാനിച്ചു കഴിയുന്ന മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്ന പ്രശ്നം എത്രയോ കാലമായി അവശേഷിക്കുകയായിരുന്നു. ഇവിടെ യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണക്കാലത്ത് ആ പ്രശ്നം സജീവമായി നിലനിന്നിരുന്നു. ആ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന്, ആ പ്രശ്നത്തിൽ സജീവമായി ഇടപെട്ട് കോടതിയിൽ ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കി പട്ടയം കൊടുക്കുവാൻ മുൻകൈയെടുത്ത് പ്രവർത്തിക്കുകയുണ്ടായി. ഇന്ന് പട്ടയവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. സുപ്രീം കോടതിവിധിക്ക് വിധേയമായി എന്ന് പട്ടയങ്ങളിൽ രേഖപ്പെടുത്തിയതിനാൽ അതു ഈടായി സ്വീകരിച്ചുകൊണ്ട് ധനകാര്യസ്ഥാപനങ്ങൾ പണം

4 P.M.]

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാത്ത സാഹചര്യം ഇന്നുണ്ട്. ഈ പ്രശ്നം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഒരിക്കൽക്കൂടി വളരെ ഗൗരവമായി ഈ പ്രശ്നം ഉന്നയിക്കുന്നു. ഈ സംസ്ഥാനത്തിലെ മലയോര മേഖലയിലുള്ള പതിനായിരക്കണക്കിനു കർഷകർ ഇന്ന് ധനകാര്യസ്ഥാപനങ്ങളുടെ പടികയറി ഇറങ്ങുകയാണ്. ഒരു തുണ്ട് ഭൂമിയിൽ വീടുനിർമ്മിക്കുവാൻ വേണ്ടി, പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ടി, അങ്ങനെ നിരവധിയായ ജീവൽ പ്രശ്നങ്ങൾക്കുവേണ്ടി പണം കണ്ടെത്താൻ പട്ടയവുമായി ധനകാര്യ സ്ഥാപനങ്ങളുടെ പടികയറി ഇറങ്ങുമ്പോൾ അവർക്ക് അനുഭവിക്കേണ്ടിവരുന്ന ദു:ഖകരമായ സാഹചര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതിനു യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുവാൻ കഴിയണം. അതുപോലെ മറ്റൊരു പ്രശ്നം ചൂണ്ടിക്കാണിക്കുകയാണ്. സഭയിൽ പല പ്രാവശ്യം ഞാൻ ഉന്നയിച്ചിട്ടുള്ള പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്തെ ലക്ഷം വീട് നിവാസികളുടെ പ്രശ്നമാണ്. ഭവനനിർമ്മാണ രംഗത്ത് ഈ ഗവൺമെന്റിന് അഭിമാനാർഹമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനം ഭരിച്ചിട്ടുള്ള മറ്റേതൊരു ഗവൺമെന്റിനേക്കാൾ, ഭവനനിർമ്മാണ രംഗത്ത് മുൻപോട്ടു പോകാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണിത്. പ്രത്യേകിച്ച്, പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഭവന നിർമ്മാണ സംരംഭങ്ങളുടെ ഭാഗമായി, അതിനു സമാന്തരമായി കേരളത്തിലെ ലക്ഷംവീടുകളുടെ പ്രവർത്തനത്തെക്കൂടി കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. അതൊരു യാഥാർത്ഥ്യമാണ്. ആ രംഗത്ത് തീർച്ചയായും ഒരു കണ്ണുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് നമ്മുടെ സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരുടെ കാര്യമാണ്. അവരുടെ സ്റ്റാറ്റസ് എന്താണ് ? അവരുടെ ജോലി എന്താണ് ? അവരുടെ വേതനമെന്താണ് ? അറുന്നൂറോ എഴുന്നൂറോ രൂപ വാങ്ങി ഒരു മാസം ജീവിക്കേണ്ട ഗതികേടിലാണ് സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർ. കേന്ദ്രത്തിൽ നിന്ന് പണം കിട്ടുന്നില്ല എന്നുമാത്രം പറഞ്ഞുകൊണ്ട് അവരുടെ കാര്യത്തിൽ മൗനം പാലിക്കാൻ കഴിയില്ല എന്നാണ് എന്റെ അഭിപ്രായം. എന്റെ ജില്ലയിലെ തേയിലത്തോട്ടം തൊഴിലാളികളുടെ പ്രശ്നം ഇവിടെ പറയാതെ കടന്നുപോകുന്നത് ശരിയല്ല. ഈ സഭ പലപ്പോഴും അക്കാര്യം കാതോർത്തിരുന്നുകേട്ടിട്ടുള്ളതാണ്. ഉപ്പുത്തുറ പഞ്ചായത്തിലെ ചിന്തലാർ തേയിലത്തോട്ടത്തിലെ തൊഴിലാളികൾക്ക് ഏഴ് മാസമായി ജോലിയില്ല. ഏഴ് മാസം ഒരു തോട്ടത്തിൽ ജോലിയില്ലെങ്കിൽ ആ തോട്ടത്തിലെ തൊഴിലാളികളുടെ സ്ഥിതി എന്താണ് ? അവർ എങ്ങനെയാണ് ജീവിക്കുന്നത് ? ആ തൊഴിലാളി കുടുംബങ്ങൾ എങ്ങനെയാണ് ഭക്ഷണം കഴിക്കുന്നത് ? അവിടത്തെ കുഞ്ഞുങ്ങളുടെ അവസ്ഥ എന്താണ് ? ഇക്കാര്യം വളരെ ഗൗരവമായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് ജില്ലാ-ഗ്രാമ പഞ്ചായത്തുകൾ ഗ്രാമീണ വൈദ്യുതീകരണത്തിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ പണം കെട്ടിവച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് രൂപ ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിവച്ചിട്ട് വൈദ്യുതീകരണത്തിനുവേണ്ടി കാത്തുനിൽക്കുകയാണ്. ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന് മെറ്റീരിയൽസ് കൊടുക്കാൻ കഴിയുന്നില്ല. വളരെ ഗൗരവമായി ഈ പ്രശ്നത്തെ കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും വേഗം ആ പ്രശ്നം പരിഹരിക്കാൻ കഴിയണം. റൂൾ 300 അനുസരിച്ചുള്ള ഒരു പ്രസ്താവനയിൽ നമ്മുടെ സംസ്ഥാനത്ത് 16 താലൂക്കുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്ത് എത്രയോ കാലമായി ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണത്. റവന്യൂ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിന്, ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ഭരണ സ്ഥാപനത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് അധികാരവികേന്ദ്രീകരണം ആവശ്യമാണ്. അതിന്റെ പാതയിലേയ്ക്കാണ് നമ്മൾ ത്രിതല പഞ്ചായത്തുകൾ രൂപീകരിച്ചതും ശക്തിപ്പെടുത്തിയതും. ഇവിടെ ഇന്ന് 16 താലൂക്കുകൾ രൂപീകരിച്ചു. എല്ലാ സ്ഥലത്തും താലൂക്കുകൾ കൊടുക്കാൻ കഴിയില്ല. പക്ഷേ അതിൽ എന്തടിസ്ഥാനത്തിലുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് നമുക്കു കാണാൻ കഴിയും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ ജില്ലയിലെ കാര്യം ഇവിടെ സൂചിപ്പിച്ചതനുസരിച്ച് ഞാൻ മനസ്സിലാക്കുന്നത് ഉടുമ്പൻചോല-ദേവികുളം താലൂക്കുകൾ വിഭജിച്ച് ഒരു താലൂക്കുണ്ടാക്കുമെന്നാണ്. ഈ രണ്ട് താലൂക്കുകളിൽ ഏറ്റവും വലിയ താലൂക്ക് ഉടുമ്പൻചോല താലൂക്കാണ്. ഉടുമ്പൻചോല താലൂക്കിൽ 13 പഞ്ചായത്തുകളുള്ളപ്പോൾ ദേവികുളം താലൂക്കിൽ ഒൻപത് പഞ്ചായത്തുകൾ മാത്രമാണുള്ളത്. 13 പഞ്ചായത്തുകളുള്ള ഉടുമ്പൻചോല താലൂക്ക് വിഭജിച്ച്, പുതിയ താലൂക്ക് രൂപീകരിക്കുകയും ഉടുമ്പൻചോല താലൂക്കിൽവരുന്ന ഏതെങ്കിലും പ്രദേശത്ത് ആ താലൂക്കിന്റെ ആസ്ഥാനം സ്ഥാപിക്കുകയും ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വളരെയേറെ ഗിരിവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന ഇടുക്കിയിൽ ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു മോഡൽ റസിഡൻഷ്യൻ സ്ക്കൂൾ സ്ഥാപിക്കുമെന്നു പറഞ്ഞത് വളരെ സന്തോഷകരമാണ്.

മി. സ്പീക്കർ : പ്ലീസ്, ...

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഈ സഭയിൽ ഇനി സംസാരിക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട് അവസാനമായി ഒരു അഭ്യർത്ഥന കൂടിവയ്ക്കുകയാണ്.

മി. സ്പീക്കർ : അങ്ങനെ തീർത്തു പറയേണ്ട. അവസരം ഇനിയും ഉണ്ടാകും.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : ഇടുക്കിയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി ഇടുക്കിയിലെ ജനങ്ങൾ നടത്തുന്ന സമരത്തെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ അനുഭാവപൂർവ്വമായ, അനുകൂലമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ ധനവിനിയോഗബില്ലുകളെ പിൻതുണയ്ക്കുകയാണ്. ഇവിടെ പല കാര്യങ്ങളും പ്രതിപക്ഷത്തുനിന്ന് ഉയർന്നു വന്നു. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ആദ്യമായി

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ച ശ്രീ. തമ്പാനൂർ രവി പറഞ്ഞത്, ഈ ഗവൺമെന്റിന് അഴിമതി, ധൂർത്ത്, സാമ്പത്തിക തകർച്ച, കെടുകാര്യസ്ഥത, ക്രമസമാധാന തകർച്ച എന്നൊക്കെയാണ്. നാക്കെടുത്താൽ പുറത്തും പ്രതിപക്ഷം ഇതുതന്നെയാണ് പറയുന്നത്. ഇപ്പോൾ ഈ അവസാനനിമിഷത്തിലും പറയുകയാണ്. യഥാർത്ഥ വസ്തുത അതാണോ ? അഴിമതിയെ സംബന്ധിച്ച് അവർ പറയുമ്പോൾ, പ്രതിപക്ഷ നേതാക്കൻമാരിൽ ബഹുമാനപ്പെട്ട എ. കെ. ആന്റണിയും, ശ്രീ. ജി. കാർത്തികേയനും ഒഴികെ മറ്റ് നേതാക്കൻമാർ ഇവിടെയുണ്ടോ ? യു.ഡി.എഫ്-ലെ വിവിധ കക്ഷികളിലെ മറ്റു നേതാക്കൻമാർ എവിടെ ? അവർ എങ്ങോട്ട് പോകാൻ തയ്യാറെടുക്കുന്നു ? അതിനെക്കുറിച്ചെല്ലാം ഇവിടെ പറഞ്ഞതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാവരുംകൂടി ഒരുമിച്ച് ജയിലിൽപോയി സ്വകാര്യമായി, സൗകര്യമായി, സുഖപ്രദമായി യു.ഡി.എഫ്- ന്റെ ഏകോപനസമിതി ജയിലറയിൽ കൂടാനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. അത് ശ്രീ. തമ്പാനൂർ രവി കാണുന്നില്ലേ ? അത്രയ്ക്ക് അഴിമതി കാണിച്ച് ഇപ്പോൾ കോടതി ശിക്ഷയും കാത്തുനിൽക്കുകയാണ്. യു.ഡി.എഫ് നേതാക്കൻമാരെ കയ്യാമംവച്ച് ജയിലിലേക്ക് കൊണ്ടുപോകണമോ ? കയ്യാമം വയ്ക്കാതെ കൊണ്ടുപോകണമോ എന്നുള്ളതാണ് കോടതി ഇപ്പോൾ ആലോചിക്കുന്നത്. ആ രീതിയിലുള്ള അഴിമതിയാണ് നടത്തിയത്. അങ്ങനെയുള്ള ആളുകൾ സഭയിൽ പറയുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഴിമതിയുടെ ഗവൺമെന്റാണെന്ന്. നാണമില്ലേ നിങ്ങൾക്ക് ? ധൂർത്തും സാമ്പത്തിക തകർച്ചയും വരുത്തിവച്ചവരാണ് ഇങ്ങനെ പറയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 18 പ്രാവശ്യം ട്രഷറി അടച്ചുപൂട്ടിയിരുന്നു. അത് ഓർമ്മയില്ലാതെ ഇവിടെ സാമ്പത്തിക തകർച്ച, ധൂർത്ത് എന്നാണ് പറയുന്നത്. ധൂർത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ, യു.ഡി.എഫ്-നെ വിഷമിപ്പിച്ച ചരിത്രം അവർ മറച്ചുവയ്ക്കുകയാണ്. കെടുകാര്യസ്ഥതയെക്കുറിച്ചും അവർ പറയുന്നുണ്ട്. പിന്നീട് അവസാനം അതിശയകരമായി പറയുന്നത് ക്രമസമാധാന തകർച്ചയാണ്. അതാണ് വീണ്ടും ആവർത്തിക്കുന്നത്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം യു.ഡി.എഫ് ഭരിച്ചപ്പോൾ ക്രമസമാധാനതകർച്ച എങ്ങനെയിരുന്നു എന്ന് കണ്ടു. വർഗ്ഗീയ സംഘട്ടനങ്ങൾ എത്ര നടന്നു എന്ന് കണ്ടു. എത്ര ആളുകൾ മരിച്ചു എന്നുള്ളതും കണ്ടു. എൽ.ഡി.എഫ്. ഭരണം ഏറ്റെടുത്തിട്ട് 5 കൊല്ലം തികയാൻ പോകുകയാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നശേഷം ഈ അഞ്ച് കൊല്ലക്കാലത്തിനിടയിൽ ഒരു വെടിവയ്പോ, വർഗ്ഗീയ സംഘട്ടനമോ ഉണ്ടായി ആളുകൾ മരിച്ച ചരിത്രം ചൂണ്ടിക്കാണിക്കാനുണ്ടോ ? ഇല്ല. അങ്ങനെയുള്ള ഒരു ഗവൺമെന്റിനെ ആക്ഷേപിക്കുന്നു. ജനങ്ങൾ ഒരു കാര്യം തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ അഴിമിതയും ധൂർത്തും കെടുകാര്യസ്ഥതയും ക്രമസമാധാന തകർച്ചയുമായിരുന്നുവെന്നുള്ള യു.ഡി.എഫ്-ന്റെ ആരോപണം ശരിയായിരുന്നുവെങ്കിൽ, എന്തുകൊണ്ട് അഞ്ചു കൊല്ലക്കാലം അവസാനിക്കാൻ പോകുന്ന സമയത്ത് പത്ത് പ്രാവശ്യം അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ നിങ്ങൾക്ക് അവസരമുണ്ടായിട്ട് അതിനു സാധിച്ചില്ല ? അത് കാണിക്കുന്നത് എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ആറു മാസത്തിലൊരിക്കൽ അവിശ്വാസപ്രമേയം അവതരിപ്പിക്കാം. ഈ അഞ്ച് കൊല്ലക്കാലത്തിനിടയിൽ പത്ത് പ്രാവശ്യം അവിശ്വാസപ്രമേയം അവതരിപ്പിക്കാമെന്നിരിക്കെ, ഇത്ര മോശമായ ഒരു ഗവൺമെന്റായിരുന്നുവെങ്കിൽ എന്തുകൊണ്ട് പ്രതിപക്ഷം ഒരു പ്രാവശ്യംപോലും അതിനു മിനക്കെട്ടില്ല എന്നുള്ളതാണ് കേരളത്തിലെ ജനങ്ങൾ ചോദിക്കുന്നത് ? അഞ്ച് വർഷക്കാലത്തിനിടയിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആറ് ഉപതെരഞ്ഞെടുപ്പുകൾ നമ്മുടെ സംസ്ഥാനത്ത് നടന്നു. ഒരൊറ്റ ഉപതെരഞ്ഞെടുപ്പിലെങ്കിലും യു.ഡി.എഫ്-ന് ജയിക്കാൻ കഴിഞ്ഞിട്ടുണ്ടോ ? കഴിഞ്ഞിട്ടില്ല. അതുപോലെ അടുത്ത കാലത്ത് നടന്നിട്ടുള്ള പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടത്തിയ തെരഞ്ഞെടുപ്പുകളിൽ 88 നിയോജക മണ്ഡലങ്ങളിൽ എൽ.ഡി.എഫ്. മുന്നിട്ടു നിൽക്കുകയാണ്. യു.ഡി.എഫ് താഴെയാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് തീർച്ചയായും വരുന്ന തെരഞ്ഞെടുപ്പിൽ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി ഈ ഗവൺമെന്റ് അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. ഈ ഗവൺമെന്റിന്റെ ജനപിന്തുണ വളരെ വർദ്ധിച്ചിരിക്കുകയാണ്. ഇത്ര നാണംകെട്ട പ്രചാരവേല നടത്തുന്ന ഈ പ്രതിപക്ഷത്തെ വരുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ നിലംപരിശാക്കാൻ പോവുകയാണ്. ആ കാര്യത്തിൽ തർക്കമില്ല. ഏതെങ്കിലും കാരണവശാൽ വ്യാമോഹംകൊണ്ട് അധികാരത്തിൽ തിരിച്ചുവരുമെന്ന് ദിവാസ്വപ്നം കണ്ടുകൊണ്ട് നടക്കുന്ന ആളുകൾക്ക് വൻപിച്ച തിരിച്ചടി നൽകിക്കൊണ്ട് കേരളത്തിൽ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വൻപിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ കൊണ്ടുവരുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ആ വിധത്തിലുള്ള ജനോപകാരപ്രദമായ നടപടികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത് .....ബഹളം.....ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കോൺഗ്രസ് (എ)യും (ഐ) യും തമ്മിൽ ഐക്യമില്ല, പിന്നെ (ബി) യുടെ കാര്യം ചോദിക്കണമോ ? 'അപ്പക്കോൽ ഇരുചട്ടി അപ്പത്തിൽ കഥയെന്തിഹ' എന്ന് അർത്ഥോക്തി അലങ്കാരത്തിന്റെ വിവരണം പോലെ യു.ഡി.എഫ്-ലെ പ്രഗത്ഭമായ മറ്റു പാർട്ടികൾ തകരുമ്പോൾ പിന്നെ (ബി)യുടെ കഥ എന്തിന് പറയണം ? അതാണ് ഞാൻ പറയുന്നത് 'അപ്പക്കോൽ ഇരുചട്ടി അപ്പത്തിൽ കഥയെന്തിഹ' എന്ന്. അപ്പം ചുട്ട് ഇളക്കുന്ന ആ അപ്പക്കോലില്ലേ ചട്ടുകം. അതുവരെ എലികടിച്ചുകൊണ്ടു പോകും. അപ്പോൾപ്പിന്നെ അപ്പത്തിന്റെ കഥ പറയണോ ? എന്നുപറഞ്ഞതുപോലെ നിങ്ങൾ ആർ.എസ്.പി.(ബി) യെപ്പറ്റി എന്തിനു പറയണം ? അവർ കാണുകയില്ല എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അതുകൊണ്ട് ഈ കാര്യത്തിൽ തെറ്റായ പ്രചാരവേല നടത്തി ജനങ്ങളെ കബളിപ്പിക്കാൻവേണ്ടി നടക്കുന്ന പ്രതിപക്ഷങ്ങളെ അടുത്ത തെരഞ്ഞെടുപ്പിൽ രാഷ്ട്രീയമായി തകർത്ത് തരിപ്പണമാക്കിക്കൊണ്ട് ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വൻപ്പിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ കൊണ്ടുവരും എന്ന് ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലുകളെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. പത്താം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന് ഇന്ന് തിരശ്ശീല വീഴുകയാണ്. 33 മാസങ്ങൾക്കുമുൻപാണ് ഞാൻ ഈ നിയമസഭാ മന്ദിരത്തിലേക്ക് ഈ സഭയിലെ ഏറ്റവും പുതിയ അംഗമായി കടന്നുവന്നത്. ചരിത്രം സൃഷ്ടിക്കുകയും റിക്കോർഡുകൾ സൃഷ്ടിക്കുകയും ചെയ്ത സഭ എന്നാണ് ഈ നിയമസഭ പ്രകീർത്തിക്കപ്പെടുന്നത് . അടിസ്ഥാനപരമായി ഒരു പ്രതിപക്ഷ സ്വഭാവം അല്ലെങ്കിൽ പ്രതിപക്ഷ മനോഭാവം ഉള്ളതുകൊണ്ടാകാം പ്രതിപക്ഷനേതാവിന്റെ പ്രവർത്തനരീതിയെക്കുറിച്ചാണ് ഞാൻ ഈ സീറ്റിലിരുന്ന് കൂടുതലും ഒബ്സർവ് ചെയ്തുകൊണ്ടിരുന്നത്. പ്രതിപക്ഷം നിഷ്ക്രിയമായിരുന്നു എന്ന ആരോപണം അവരുടെ ഭാഗത്തുനിന്നുംതന്നെ ഉണ്ടായിട്ടുണ്ട്. നിഷ്ക്രിയമെന്ന വാക്കിനേക്കാൾ ഉപരിയായി നിരുത്തരവാദപരമായും നിഷേധാത്മകമായും പ്രവർത്തിച്ച പ്രതിപക്ഷത്തിന്റെ ചിത്രമാണ് ഇപ്പോൾ എന്റെ മനസ്സിലുള്ളത്. പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിൽ പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾക്ക്, പ്രതിഷേധിക്കുന്ന അവകാശങ്ങൾക്കപ്പുറം നിരുത്തരവാദപരമായ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളെ നിരസിക്കാനുള്ള ഒരു പ്രവർത്തനം കാഴ്ച വച്ച പ്രതിപക്ഷത്തിന്റെ വിചിത്രമായ, വികൃതമായ ചിത്രങ്ങൾ മനസ്സിൽ സൃക്ഷിച്ചുകൊണ്ടാണ് നമ്മൾ പിരിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഒട്ടേറെ ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഒരു സമ്പൂർണ്ണ ഫയലിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ അപ്പുറത്ത് നമ്മുടെ സുഹൃത്തുക്കൾ അത് വേശ്യയുടെ ചാരിത്രപ്രസംഗമാണെന്ന് വിശേഷിപ്പിച്ചു. ചെകുത്താൻ വേദമോതുന്നു എന്നുവേണമെങ്കിൽ പറയാം. അതിനേക്കാളൊക്കെ ഉപരിയായി നമുക്ക് ഒറിജിനലായിത്തന്നെ പറയാം. ശ്രീ. ടി. എം. ജേക്കബിന്റെ അഴിമതി ആരോപണം എന്നുപറഞ്ഞാൽ അർത്ഥം പൂർണ്ണമാകും. ശ്രീ. ടി. എം. ജേക്കബ് ആദരണീയനായ അഡ്വക്കേറ്റ് ജനറൽ എം.കെ. ദാമോദരനെതിരെയാണ് ഒളിയമ്പുകൾ എയ്തതെന്ന് വ്യക്തമാണ്. അദ്ദേഹം ഒരു ചേരമൂർഖനെപ്പോലെ വിഷം ചീറ്റുകയായിരുന്നു. എന്താണ് അതിന്റെ പിന്നിലുള്ള ചോതോവികാരം, മനോവികാരമെന്ന് നമുക്കറിയാം. യു.ഡി.എഫ്. നേതാക്കൻമാർ അവരുടെ ഏകോപനസമിതി സെൻട്രൽ ജയിലിൽ കൂടേണ്ട സാഹചര്യമുണ്ടാകുമെന്ന് നമ്മുടെ സുഹൃത്തുക്കൾ പറയുന്നുണ്ട്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് പല പരാമർശങ്ങളുമുണ്ടായിട്ടുണ്ട്. ശ്രീ. ടി. എം. ജേക്കബിന്റെ അവസ്ഥയെന്താണ് ? അദ്ദേഹത്തിന്റെ കേസുകളെക്കുറിച്ച്, ഏതെല്ലാം കേസുകളിൽ അദ്ദേഹം പ്രതിസ്ഥാനത്ത് നിൽക്കുന്നു, ഏതെല്ലാം കേസുകളിൽ അദ്ദേഹം ശിക്ഷിക്കപ്പെട്ടേക്കാം ? ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയുടെ ഗതിയോ ദുർഗതിയോ അല്ലേ നാളെ അദ്ദേഹത്തെ കാത്തിരിക്കുന്നത് എന്നൊക്കെയുള്ള കാര്യങ്ങൾ നമുക്ക് അറിയാവുന്നതാണ്. കുരിയാർകുറ്റി-കാരപ്പാറ കേസ് സംബന്ധിച്ച് കോഴിക്കോട് സ്പെഷ്യൽ കോടതിയിൽ വിചാരണ നടന്നുവരികയാണ്. ശ്രീ. ടി. എം. ജേക്കബ് ആ കേസിൽ പ്രതിയാണ്. ആ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. ആ കേസിന്റെ

ബാക്കി ഭാഗങ്ങൾ അന്വേഷണം പൂർത്തിയാക്കുന്നതിനും പ്രോസിക്യൂഷന്റെ അനുമതിക്കുമായി കാത്തുനിൽക്കുകയാണ്. കുരിയാർകുറ്റി-കാരപ്പാറ കേസ് ഇങ്ങനെ നിൽക്കുന്നോൾ അടുത്ത കേസോ ? മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ട് കേസുകൾ, അത് ഒന്നും രണ്ടുമല്ല 9 കേസുകളുണ്ട്. ഈ 9 കേസുകളിൽ രണ്ടെണ്ണം അന്വേഷണം പൂർത്തിയായി ട്രൈബ്യൂണൽ എൻകയറിക്ക് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നു. മറ്റൊരു കേസിൽ പ്രോസിക്യൂഷന് അനുമതി തേടുന്നു. ബാക്കി കേസുകളിൽ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുരിയാർകുറ്റി-കാരപ്പാറ കേസിലും മൂവാറ്റുപ്പുഴ വാലി ഇറിഗേഷൻ പ്രോജക്ട് കേസിലുമായി ഒന്നും രണ്ടുമല്ല, രണ്ടരക്കോടി രൂപയുടെ അഴിമതിയാണ് ആരോപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ കല്ലട കേസുകളുടെ കാര്യത്തിലേയ്ക്ക് പോകുന്നില്ല. കാരണം അദ്ദേഹം മന്ത്രിയായിരുന്ന കാലഘട്ടത്തിൽ കല്ലട പ്രോജക്ടുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് 53 വിജിലൻസ് കേസുകളിലെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈ കേസുകളിൽനിന്നും രക്ഷപ്പെടുന്നതിന് വേണ്ടി അദ്ദേഹം നിരവധി പ്രാവശ്യം ഹൈക്കോടതിയേയും സുപ്രീം കോടതിയേയും സമീപിച്ചിട്ടുണ്ട്. ഈ കേസുകളിലൊക്കെ അദ്ദേഹത്തിന്റെ വാദ മുഖങ്ങളെ എതിർത്തുകൊണ്ട് സർക്കാരിനുവേണ്ടി അല്ലെങ്കിൽ പ്രോസിക്യൂഷൻ ഏജൻസിക്കുവേണ്ടി സമർത്ഥമായി കേസുകൾ നടത്തിയിട്ടുള്ള അഡ്വക്കേറ്റ് ജനറൽ ശ്രീ. എ. വി. ദാമോദരനെതിരെ ശ്രീ. ടി. എം. ജേക്കബിന് വിരോധമുണ്ടാകുന്നത് അല്ലെങ്കിൽ പകയുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. അതിനുവേണ്ടി അദ്ദേഹം ഇവിടെ വളരെ തരംതാണതും വിലകുറഞ്ഞതുമായ പദപ്രയോഗങ്ങൾ ഉന്നയിച്ചുകൊണ്ട് ചില ആക്ഷേപങ്ങളും ആരോപണങ്ങളും നടത്തുകയുണ്ടായി. സമയച്ചുരുക്കംകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ അഴിമതിയിൽ മുങ്ങിക്കുളിച്ചുവെന്ന് സാധാരണ ഗതിയിൽ ഒരു മറുപക്ഷം ആരോപിക്കുന്നത് അല്ല. അഴിമതി ആരോപണങ്ങൾ ഒന്നൊന്നായി അന്വേഷണത്തിലും വിചാരണയിലും തെളിഞ്ഞ് കോടതി ശിക്ഷിക്കുകയും ആ ശിക്ഷ ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിലും തിരിഞ്ഞുനിന്ന് അഴിമതി എന്ന ആരോപണം ഇപ്പുറത്തേയ്ക്ക് ഉന്നയിക്കുമ്പോൾ ആ വിചിത്രമായ മനോഭാവത്തെ, മനോഗതിയെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്. എന്നെനിക്കറിയില്ല. ഇവിടെ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം ധനവിനിയോഗ ബില്ലിനെ പിന്താങ്ങുക എന്നുള്ളതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നതിന് എനിക്കിപ്പോൾ സമയമില്ല. നമുക്ക് പഴയ കഥകളിൽ പരിചയമുള്ള ഒരു പ്രതീകമുണ്ടല്ലോ-പന്റോറയുടെ പെട്ടി. ദേവൻമാർ പന്റോറയ്ക്ക് നിർമ്മിച്ചു നൽകിയ പെട്ടിയാണ് അത്. പക്ഷേ ആ പെട്ടി നിറയെ പന്റോറയ്ക്ക് ഒരു സമ്മാനമായി കുത്തി നിറച്ചിരുന്നത് പ്രശ്നങ്ങളായിരുന്നു എന്നാണ് കഥ. എൽ.ഡി.എഫ്. മന്ത്രിസഭ 1996-ൽ അധികാരമേൽക്കുമ്പോൾ യു.ഡി.എഫ്-ൽ നിന്നും ഏറ്റുവാങ്ങിയത് ഒരു പന്റോറാക്സ് ബോക്സായിരുന്നു. ആ പെട്ടിയിൽ നിന്നും പ്രശ്നങ്ങൾ ഒന്നിനുപിന്നാലെ ഒന്നായി പുറത്തുവന്നു എന്നത് ശരിയാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കികൊണ്ടുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നത്. പക്ഷേ പന്റോറയുടെ പെട്ടിയിൽ നിന്നും എല്ലാ പ്രശ്നങ്ങളും പുറത്തേയ്ക്ക് വന്നുകഴിഞ്ഞപ്പോഴും ആ പെട്ടിയിൽ അവശേഷിച്ചത് ഒന്നുമാത്രമായിരുന്നു, അതാണ് പ്രത്യാശ. ആ അവശേഷിക്കുന്ന പ്രത്യാശയുടെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയതിലുള്ള ചാരിതാർത്ഥ്യത്തോടെ, സംതൃപ്തിയോടെ, അവശേഷിക്കുന്ന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന പ്രത്യാശയോടെ ഞങ്ങൾ മുന്നോട്ടുപോവുകയാണ്. ഈ ഗവൺമെൻറ് ഏറ്റവും അവസാനമായി അവതരിപ്പിച്ചിരിക്കുന്ന 2001-ലെ കേരള ധനവിനിയോഗ ബില്ലിന് സർവ്വാത്മനാ പിന്തുണ നൽകിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലുകളെ ഞാൻ എതിർക്കുകയാണ്. ഇന്നിവിടെ നടന്ന ചർച്ചകളിൽ ഭരണ കക്ഷിയിൽനിന്നും വളരെ വിമർശനങ്ങളുണ്ടായി. ഐശ്വര്യപൂർണ്ണമായ ഒരു കേരളം സൃഷ്ടിക്കാൻ സാധിച്ചു എന്ന അവകാശ വാദമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. യാഥാർത്ഥ്യം അംഗീകരിക്കാൻ ഭരണകക്ഷി അംഗങ്ങൾക്ക് സാധിക്കുമെങ്കിൽ അത്തരത്തിലൊരു പരമാർശനത്തിന് അവർ മുന്നോട്ടുവരുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ ഗവൺമെന്റ് വന്ന കാലത്തുള്ള ഐശ്വര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടോ ? അന്നത്തെ സാഹചര്യമാണോ ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ളത് ? നിങ്ങൾ ഏത് മേഖല വേണമെങ്കിലും എടുത്ത് നോക്കൂ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന ഐശ്വര്യം ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ടോ ? അതുണ്ടെങ്കിൽ നിങ്ങൾ പറയുന്നതിൽ യാഥാർത്ഥ്യമുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. കാരണം എന്തുമാകട്ടെ, കാർഷിക മേഖലയിലാണെങ്കിലും ശരി, അതിലെ പ്രശ്നങ്ങളാണല്ലോ ഈ കഴിഞ്ഞ ദിവസങ്ങൾ മുഴുവൻ ചർച്ച നടത്തിയത്. ഇവിടെ ഐശ്വര്യപൂർണ്ണമായ അന്തരീക്ഷമാണോ ഉള്ളത്. വ്യാവസായിക മേഖലയിൽ ആ അന്തരീക്ഷമാണോ ഉള്ളത് ? ഏതു മേഖലയിലായാലും ശരി ഒരു ഗവൺമെന്റ് അവരുടെ അവകാശവാദം ഉന്നയിക്കുമ്പോൾ അതിന് അടിസ്ഥാനപരമായ ചില കണക്കുകളും കാര്യങ്ങളും ഉണ്ടാകണം. കേരളത്തിൽ ഇത്രമാത്രം വിഷമകരമായ സാഹചര്യമുണ്ടായ ഒരു കാലഘട്ടം ഇതിനുമുൻപുണ്ടായിട്ടില്ല. എന്നു സമ്മതിക്കാതെ നിർവ്വാഹമില്ല. അതിൽ രാഷ്ട്രീയ വ്യത്യാസത്തിന്റെ ആവശ്യമില്ല. യാഥാർത്ഥ്യം അംഗീകരിക്കുക. സാമ്പത്തിക തകർച്ചയുടെ വിഷമതകളെപ്പറ്റി ഇവിടെ പറഞ്ഞല്ലോ ? മന്ത്രിമാരുടെ ഓഫീസിൽ സാമ്പത്തിക പ്രയാസങ്ങളുണ്ടെന്ന് ഇവിടെ പറയാം. നമ്മുടെ ഭാഷയിൽ സാമ്പത്തികമായ തകർച്ച എന്നും മുരടിപ്പ് എന്നും പ്രതിസന്ധി എന്നുമൊക്കെ പറയാം. അതൊക്കെ ഓരോ ഭാഷാ പ്രയോഗം ആണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില അത്രമാത്രം ശോഭനമല്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണല്ലോ ? ആ യാഥാർത്ഥ്യം അംഗീകരിക്കണ്ടേ ? സാമ്പത്തികമായ തകർച്ചമൂലമുള്ള കൂട്ട ആത്മഹത്യകൾ

LIBRARY ARCHIVES Kerala Legislative Assembly

പെരുകിവരികയാണ്. കച്ചവടങ്ങൾ നടക്കുന്നില്ല, വ്യാപാരങ്ങൾ നടക്കുന്നില്ല, ജനങ്ങളുടെ കൈയിൽ പണമില്ലാത്ത സാഹചര്യം വരുന്നു ; റവന്യൂ വരുമാനം കുറഞ്ഞു വരുന്നു. ഇതൊക്കെ ഐശ്വര്യപൂർണ്ണമായ കേരളത്തിന്റെ നിദർശനമാണോ ? എന്തിന്റെ അടിസ്ഥാനത്തിലാണ് ഐശ്വര്യപൂർണ്ണമായ കേരളമെന്ന് നാം അവകാശപ്പെടുന്നത് ? നാല്പതു വർഷംകൊണ്ടുള്ള കടം പത്ത് കോടി നൂറ്റിപ്പതിമൂന്നുലക്ഷം രൂപയായിരുന്നത് ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു. ഇരുപത്തിയേഴു കോടി രൂപയിൽ എത്തിനിൽക്കുകയാണ്. അത്ര മാത്രം പരിതാപകരമായ അവസ്ഥയാണ് ഇവിടെയുള്ളത്. വികസനപരമായ കാര്യങ്ങളിൽ കൂടുതൽ ചെയ്തുവെന്നു പറഞ്ഞല്ലോ ? ഓരോ മേഖലയിലേയും കാര്യങ്ങൾ ഇവിടെ എടുത്തു പറഞ്ഞു. ഞങ്ങളുടെ അനുഭവത്തിൽക്കൂടി പറയാൻ കഴിയും. വികസനങ്ങളൊന്നും നടന്നിട്ടില്ല. വികസനപരമായ കാര്യങ്ങൾ എല്ലാ നിയോജകമണ്ഡലങ്ങളോടും നീതി പുലർത്തിയിട്ടില്ല. വികസന പ്രവർത്തനങ്ങൾ നടക്കാത്ത മണ്ഡലങ്ങളുണ്ട്. ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സപ്ലിമെന്ററി ഗ്രാന്റിൽ റോഡുകൾ ഏറ്റെടുത്തതിനെ സംബന്ധിച്ചും അതുപോലെയുള്ള വിഷയങ്ങളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ കാര്യങ്ങളിലൊന്നും ഒരു നടപടിയും എടുക്കാൻ സാധിച്ചിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഈ സഭയുടെ ദിവസം ഇന്ന് അവസാനിക്കുകയാണ്. കേരളത്തിൽ പ്രതിപക്ഷങ്ങളെ വിശ്വാസത്തിലെടുത്ത് കൊണ്ട് മുന്നോട്ടുപോകാൻ വല്ല പരിശ്രമങ്ങളും കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുണ്ടോ ? കേരളത്തിന് എന്തെല്ലാം പൊതുവായ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. കേന്ദ്രത്തിന്റെ അവഗണന, കേരളത്തിന്റെ പ്രശ്നങ്ങൾ, എന്നിവ നേടിയെടുക്കാൻ വേണ്ടിയുള്ള കൂട്ടായ യത്നവും യോജിച്ചുള്ള പോരാട്ടവും ആവശ്യമായ ഘട്ടങ്ങളിൽ പ്രതിപക്ഷങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരെ ക്കൂടികൊണ്ടുപോയി പ്രശ്നങ്ങള പരിഹരിക്കാൻവേണ്ടിയുള്ള വല്ല നടപടിയും, താൽപ്പര്യവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ ? ഞങ്ങൾ തന്നെ എല്ലാം ചെയ്താൽ മതിയെന്നുള്ള ഭാവം. മന്ത്രിമാരേയും പ്രധാനമന്ത്രിയേയും കണ്ട് അർത്ഥപൂർണ്ണമായ ചർച്ചകൾ നടത്തുന്നതിനുപകരം ഫാക്സും കത്തുമെഴുതി സ്വസ്ഥാനത്തിരിക്കുന്നു എന്നതിനപ്പുറമായി പ്രതിപക്ഷങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട്, അവരുമായി ചർച്ച നടത്തിയോജിച്ച് പറയേണ്ട അവസരങ്ങളിൽ യോജിച്ച് പറയാനുള്ള അവസരം ഉണ്ടാക്കിക്കൊണ്ടുള്ള എന്തെങ്കിലും നടപടി കഴിഞ്ഞ കാലങ്ങളിൽ ഈ ഗവൺമെന്റിനുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ ? സാധിച്ചിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ സഭ പിരിയുന്നതിനോടനുബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ഒരൊറ്റ ദിവസം പോലും ചോദ്യോത്തരവേള സസ്പെന്റ് ചെയ്തിട്ടില്ല എന്ന് വളരെ അഭിമാനത്തോടുകൂടിയാണ് അങ്ങ് പറഞ്ഞത്. അതിന്റെ ക്രെഡിറ്റ് ആർക്കാണ് ? കേരളത്തിലെ പ്രതിപക്ഷം സഹകരിക്കാവുന്ന രീതിയിൽ, ക്രിയാത്മകമായ പ്രതിപക്ഷമെന്ന നിലയിൽ ഈ ഗവൺമെന്റുമായി സഹകരിച്ചുപോയിട്ടുണ്ട്. ഈ സഭ നന്നായി പോകുന്നതിന് സഹകരിച്ചിട്ടുണ്ട്. പക്ഷേ പ്രതിപക്ഷങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് അതനുസരിച്ച് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. എന്തെല്ലാം സംഘർഷാത്മ

LIBRARY ARCHIVES Kerala Legislative Assembly

കമായിട്ടുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ട് ? പൂന്തുറയിൽ ഇപ്പോൾ നടന്ന സംഭവത്തെപ്പറ്റി പറഞ്ഞല്ലോ ? ഇവിടെ അതിനെക്കുറിച്ച് അടിയന്തിര പ്രമേയം ഞങ്ങൾ ഉന്നയിച്ചു. അങ്ങാണ് അത് വിശദീകരിച്ചത്. അത്തരമൊരു സമീപനമാണോ ഇവർ പ്രതിപക്ഷത്തായിരുന്നപ്പോൾ സ്വീകരിച്ചത് ? ഒരു പ്രശ്നം വരുമ്പോൾ അത് അവതരിപ്പിക്കാനുള്ള ഞങ്ങളുടെ അവകാശംപോലും മാറ്റിവച്ചുകൊണ്ട്, ...എരി തീയിൽ എണ്ണയൊഴിക്കാൻ പ്രതിപക്ഷങ്ങൾ മുന്നോട്ട് വന്നിട്ടില്ല. ഇവിടെ അത്തരത്തിലുള്ള ഒരു സമീപനമാണ് പ്രതിപക്ഷങ്ങൾ സ്വീകരിച്ചത്. നിങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ആ ഒരു സമീപനം ഇവിടെ സ്വീകരിച്ചിരുന്നോ ? സ്വീകരിച്ചിരുന്നില്ല എന്നാണ് എനിക്കു പറയാനുള്ളത്. നാദാപുരം പ്രശ്നമുണ്ടായപ്പോൾ എത്ര സമചിത്തതയോടുകൂടിയാണ് ഞങ്ങൾ കാര്യങ്ങൾ പറഞ്ഞത് ? ഇതുപോലെ ഈ ഗവൺമെന്റുമായി സഹകരിച്ച്, അവർ ചെയ്യുന്ന നല്ല കാര്യങ്ങളുമായി സഹകരിച്ച് സഭ നടത്തിക്കൊണ്ട് പോകാനുള്ള ഇത്രമാത്രം സഹകരണം നടത്തിയിട്ടുള്ള ഒരു സഭ, ഒരു പ്രതിപക്ഷം ഇതിനുമുൻപുണ്ടായിട്ടില്ല എന്നാണ് എനിക്ക് അങ്ങയെ ബോധ്യപ്പെടുത്താനുള്ളത്. ഈ ഒരു സമീപനം നിങ്ങളിൽനിന്നുണ്ടായിട്ടില്ല. ഇവിടെ സാമ്പത്തികമായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. എന്താണ് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് ? ഇപ്പോൾ വ്യവസായ വകുപ്പുമന്ത്രി വിദേശയാത്ര പോയിരിക്കുകയാണ്, കൂടെ ഉദ്യോഗസ്ഥരുമുണ്ട്. കാലാവധി അവസാനിക്കുമ്പോൾ മന്ത്രിമാർ വിദേശ യാത്ര നടത്തുന്നതിന് എന്ത് ന്യായീകരണമാണുള്ളത് ? വകുപ്പുമന്ത്രിയും അവരുടെ കൂടെ ഉദ്യോഗസ്ഥ വൃന്ദവും വിദേശയാത്രയിലാണ്. സഭയുടെ അവസാനത്തെ സെഷനാണ്. വേറൊരു മന്ത്രി അടുത്ത ദിവസം വിദേശത്തേയ്ക്ക് പോകുന്നു എന്നാണ് ഞാൻ അറിഞ്ഞത്. എന്താണ് ധനകാര്യ വകുപ്പുമന്ത്രീ, ഇതിന്റെയൊക്കെ അർത്ഥം ? എന്താണ് നമ്മുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും കാര്യങ്ങളുമെന്ന് അങ്ങ് പരിശോധിച്ചു നോക്കണം. കാലാവധി അവസാനിക്കാൻപോകുന്ന ഒരു ഗവൺമെന്റാണിത്. വിദേശയാത്ര നടത്തുന്നതിന് ഞാൻ എതിരൊന്നും പറയുന്നില്ല. ഒരു സംശയമുണ്ട്. കാലാവധി അവസാനിക്കാൻ പോകവേ. തെരഞ്ഞെടുപ്പിന്റെ ശബ്ദം കേട്ടുകൊണ്ടിരിക്കവേ നമ്മുടെ മന്ത്രിമാർ വിദേശ യാത്ര നടത്തുകയാണ്. അത്രമാത്രം ഭദ്രമാണോ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ? അങ്ങ് സ്വസ്ഥമായി ഒന്നു ചിന്തിച്ചുനോക്കണം. പറയുന്നത് പ്രതിപക്ഷമാണോയെന്നുള്ളത് നോക്കണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങും ആലോചിച്ചുനോക്കണം. ആരാണ് പറയുന്നത് എന്നല്ല, എന്താണ് പറയുന്നത്, വിമർശനം എന്താണ് എന്നാണ് നോക്കേണ്ടത്. നിയമസഭയുടെ അകത്തുനിന്നുള്ള വിമർശനം ഉൾക്കൊള്ളാൻ കഴിയണം. ശ്രീ. ടി. എം. ജേക്കബ് അഴിമതിയാരോപണം ഉന്നയിച്ചത് ചട്ടപ്രകാരമാണ്. മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവസരമില്ലേ ? എന്തിന് അത്ര അസ്വാരസ്യം. സത്യസന്ധമാണെങ്കിൽ ആ കാര്യങ്ങൾ സത്യസന്ധമായി തുറന്നു പറയാനുള്ള സഭയുടെ അവസരം ഉപയോഗപ്പെടുത്തുന്നതിനുപകരം അത് ഉന്നയിക്കുന്ന പ്രതിപക്ഷങ്ങളേയും മെമ്പർമാരേയും വിമർശിക്കുന്ന നിലപാട് ഗുണകരമാണോ ? എനിക്ക് അത് ശരിയാണെന്ന് തോന്നിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിന് അവകാശപ്പെടാനുള്ള നേട്ടങ്ങളെന്താണെന്നുള്ളത് അവർ പറയേണ്ടതാണ്. വ്യവസായ മേഖലയിലെ കാര്യങ്ങൾ പറയണ്ട. വിവിധ രാജ്യങ്ങളിലായി, ഏകദേശം 17 ലക്ഷത്തോളം വരുന്ന മലയാളികൾ അവിടെ നിക്ഷേപം സ്വീകരിച്ച് വ്യവസായങ്ങൾ ഉണ്ടായില്ലല്ലോ? വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമം നടത്തി. ഗൾഫിൽനിന്ന് മടങ്ങിവരുന്നവരെ പുനരധിവസിപ്പിക്കാനോ അവർക്ക് കാര്യങ്ങൾ ചെയ്തുകൊടുക്കാനോ ഉള്ള നടപടികൾ എന്തെങ്കിലുമുണ്ടോ?. ക്രിയാത്മകമായ ഒരു നടപടിയും ഇവിടെ സ്വീകരിക്കുന്നില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ മോചന യാത്രയെ സംബന്ധിച്ച് എന്നും ചർച്ചയാണ്. ആ ജാഥ നിങ്ങളെ ബുദ്ധിമുട്ടിച്ചു എന്ന് ഇപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. ശ്രീ. സത്യൻ മൊകേരിപോലും ഇങ്ങനെ പറയാൻ തുടങ്ങിയാൽ എന്താണ്? എന്തിനാണ് ഈ മോചനയാത്രയെ ഇങ്ങനെ ഭയപ്പെടുന്നത്? ശ്രീ. ആന്റണി അങ്ങനെ നടത്തിക്കൊണ്ടുപോകില്ലേ? നിങ്ങളുടെ രണ്ട് ജാഥ ഇവിടെ നടന്നില്ലേ? അതിനെപ്പറ്റി ഒരാളും ഒരു വർത്തമാനവും പറയില്ല. ആദ്യം ഞങ്ങൾ ജാഥ നടത്തിയപ്പോൾ അവരും ജാഥ നടത്തി. അതു ക്ലച്ചു പിടിക്കാത്തതുകൊണ്ട് പിന്നീട് ഒരു ജാഥ നടത്തി. ആ ജാഥ പോയതിനെപ്പറ്റി ഒരു ചർച്ചയും ഇവിടെയില്ല. അത് ആരും അറിഞ്ഞിട്ടില്ല. ഞങ്ങൾ ആദ്യമായിട്ടാണ് ഒരു ജാഥ നടത്തിയത്. അതിന് നിങ്ങൾ എന്തിനാണ് ഇത്ര ബേജാറാകുന്നത്? ആ ജാഥ നിങ്ങൾ മൈന്റ് ചെയ്യണ്ട. ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ പ്രസംഗിച്ച എല്ലാ ദിവസവും മോചനയാത്രയെ പറ്റിയാണ് പറഞ്ഞത്. അത്ര വലിയ ജാഥ ഞങ്ങൾ നടത്തിയോ? പിന്നെ കോൺഗ്രസ്സിലെ കുഴപ്പത്തെക്കുറിച്ചാണ് നിങ്ങൾക്ക് പറയാനുള്ളത്. കോൺഗ്രസ്സ് നശിച്ചാൽ നിങ്ങൾക്ക് സന്തോഷിച്ചുകൂടേ? ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് രണ്ടു ഗ്രൂപ്പാണ്, അവർ കുഴപ്പത്തിലാണ്, ഞങ്ങൾക്ക് ഒന്നിച്ച് നിൽക്കാൻ പറ്റില്ലെന്നാണ് ശ്രീ. ബാലൻ വൈദ്യരുടെ വാദമെങ്കിൽ നിങ്ങൾ സന്തോഷിക്കുകയല്ലേ വേണ്ടത്? കോൺഗ്രസ്സ് തമ്മിൽ തല്ലി, യു.ഡി.എഫ്-ന് തനിയെ നിൽക്കാൻ കഴിയില്ല, യു.ഡി.എഫ് ഭരണത്തിൽ വരികയില്ല എന്നതിന് നിങ്ങൾ എന്തിനാണ് പരിഭ്രമിക്കുന്നത്.....(ബഹളം).....ഞങ്ങളുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങൾ ബേജാറാകണ്ട. എന്താണ് ചെയ്യേണ്ടത് എന്ന് ജനങ്ങൾക്കറിയാം. അവരത് ചെയ്തുകൊള്ളും. ഞങ്ങൾ മോചനയാത്ര നടത്തുകയോ എന്തോ ചെയ്തുകൊള്ളട്ടെ, ഞങ്ങൾക്ക് ഇഷ്ടമുള്ളത് ഞങ്ങൾ ചെയ്തു കൊള്ളാം. നിങ്ങൾ വളരെ ഭദ്രമാണോ? നിങ്ങൾക്ക് ഒരു കുഴപ്പവുമില്ലേ? ഇന്നലെ ബഹുമാനപ്പെട്ട കോഴിക്കോട് മെമ്പർ നാദാപുരം സംഭവത്തെ സംബന്ധിച്ച് മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന ചില കാര്യങ്ങൾ പറഞ്ഞു. ആ വിഷയം ഇവിടെ വീണ്ടും പറയേണ്ട എന്നു വിചാരിച്ചതാണ്. മാധ്യമം വീക്കിലിയിൽ വന്ന കാര്യങ്ങൾ അദ്ദേഹം കാട്ട് ചെയ്തു. ദേശാഭിമാനിയിൽ വന്ന വാർത്ത മാധ്യമം കാട്ടു ചെയ്തതിനെപ്പറ്റി ആണ് അദ്ദേഹം പറഞ്ഞത്. ദേശാഭിമാനിയിൽ വന്ന വാർത്ത മാധ്യമം എഴുതിയതാണെന്നാണ് അവർ പറയുന്നത്? ദേശാഭിമാനിയിൽ എഴുതിയത് വായിച്ചാൽ പോരേ? എന്തിനാണ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത്? മാധ്യമം നല്ല പത്രമാണ്. സത്യസന്ധമായ പത്രമാണ്. അതിൽ വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ വർഗ്ഗസ്വഭാവമുണ്ടല്ലോ, അത് ഈ സഭയിൽ പറയരുത്. ദേശാഭിമാനിയിൽ പറഞ്ഞു എന്നു പറഞ്ഞാൽത്തന്നെ ഞങ്ങൾ നിശ്ചയിക്കുമല്ലോ ? എന്തിനാണ് മാധ്യമം പറഞ്ഞു എന്ന് പറയുന്നത് ? നിങ്ങളുടെ കോഴിക്കോട് മെമ്പർ പറഞ്ഞു, മാധ്യമം ആഴ്ചപ്പതിപ്പിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. പി. ടി. നാസറുടെ ഒരു ലേഖനം. അതിൽ ദേശാഭിമാനിയിൽ കൊടുത്ത ഒരു കാര്യം അദ്ദേഹം ഇവിടെ പറഞ്ഞിരിക്കുകയാണ്. ..... (ബഹളം).....എന്തു പറ്റി ? ഞാൻ പ്രസംഗമാണ് നടത്തുന്നത്.

ശ്രീ. ആന്റണി രാജു : മാധ്യമത്തിൽ വന്ന ദേശാഭിമാനിയുടെ പരാമർശം എടുത്തു പറഞ്ഞിട്ട്, അതിന്റെ അവസാനത്തെ സെന്റൻസ്-ഇത് സത്യമാണെന്ന് മാധ്യമം റിപ്പോർട്ട് ചെയ്ത വാചകം അങ്ങേയ്ക്കു വായിക്കാമോ ?

ശ്രീ. കെ. പി. എ. മജീദ് : ശ്രീ. ആന്റണി രാജു ഞാൻ പത്രം തരാം. പത്രം എന്റെ കൈയിലുണ്ട്. അതിൽ അങ്ങനെയൊരു വാചകമുണ്ടോയെന്ന് നോക്കണം. ഈ സഭ പിരിയുമ്പോൾ എന്ത് തോന്ന്യാസവും പറയാമെന്നാണോ ? മാധ്യമം പത്രമാണ് നിങ്ങൾ എടുക്കുന്നതെങ്കിൽ അതിലുള്ള ഒരു വാചകം ഞാൻ വായിക്കാം. ചില ആൾക്കാർ എതിരായിരുന്നുവെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചില മാർക്സിസ്റ്റുകാരും തന്നെ ശ്രമിച്ചതാണ്. ഇതിലെ ഒരു വാചകം അദ്ദേഹത്തിനുവേണ്ടി വായിച്ചില്ലായെങ്കിൽ മോശമാകുമെന്നുള്ളതുകൊണ്ടാണ് വായിക്കുന്നത്. "സി.പി.എം. കാരേയും ബി.ജെ.പി.ക്കാരേയും തിരിച്ചറിയാൻ ആകാത്തവിധം മുസ്ലീം വിരുദ്ധ വികാരത്തോടെയാണ് അക്രമങ്ങൾ സംഘടിപ്പിച്ചത്." ഇനി വായിക്കണോ ? ഈ ഒരു പ്രശ്നം ഇവിടെ രമ്യമായി പരിഹരിക്കാൻ മുഖ്യമന്ത്രി വിളിച്ച യോഗത്തിലും മറ്റും പരിപൂർണ്ണമായി സഹകരിച്ചതാണ്. ആ രീതിയിലുള്ള ഒരു ചർച്ചയും ഇവിടെ ഉണ്ടായിട്ടില്ല. അഞ്ച് കൊല്ലം കൊണ്ട് ശ്രീ. പി. പി. സുലൈമാൻ റാവുത്തർ പ്രതിപക്ഷ ശബ്ദത്തോടുകൂടി പറഞ്ഞതാണ് ഇടുക്കിയിൽ ഒരു മെഡിക്കൽകോളേജ് വേണമെന്നുള്ളത്. ഇതുവരേയും ഇടുക്കിയിൽ ഒരു മെഡിക്കൽകോളേജ് വന്നിട്ടില്ല. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. ടി. കെ. നൗഷാദ് : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം വളരെ ദീർഘ വീക്ഷണത്തോടും ലക്ഷ്യബോധത്തോടുംകൂടിയുള്ള ഭരണമായിരുന്നു ഇടതു പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാഴ്ചവെച്ചത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കൂടുതൽ പിൻതുണയ്ക്കുവാനും വൻപിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ കൊണ്ടുവരുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ഇത് മനസ്സിലാക്കിയ പ്രതിപക്ഷ നേതാക്കൻമാർക്ക് സ്ഥലകാലഭ്രമം പിടിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലും കുരിയാർകുറ്റി കാരപ്പാറ പദ്ധതിയിലും രണ്ടരക്കോടി രൂപയുടെ അഴിമതി നടത്തിയതിന്റെ പേരിൽ കേസ് നേരിട്ടുകൊണ്ടിരിക്കുകയാണ്. വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ കേസുണ്ട്. അതിൽ പ്രതിയായ ശ്രീ. ടി. എം. ജേക്കബ് ആധികാരികമെന്ന് തോന്നിപ്പിക്കുന്ന കുറേ രേഖകളെക്കുറിച്ച് പറഞ്ഞു. അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ കംപ്യൂട്ടറൈസേഷനെക്കുറിച്ചൊക്കെ പറഞ്ഞു. അതിനെക്കുറിച്ച് ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ നായരും മറ്റ് മന്ത്രിമാരും മറുപടി പറയും. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് 1996 മുതൽ, ഈ സഭയിൽ വന്ന അന്നുമുതൽ, ശ്രീ. ടി. എം. ജേക്കബ് ഓരോ പ്രസംഗം നടത്തുമ്പോഴും ആധികാരികമായ രേഖകളെന്ന ഭാവേനകുറേ അഴിമതി ആരോപണങ്ങളും കുറേ ഫയലുകളുമായി വരും. എനിക്ക് വിനയപൂർവ്വം അദ്ദേഹത്തോട് ചോദിക്കാനുള്ളത് കഴിഞ്ഞ നാലരവർഷക്കാലം കേരളത്തിൽ ഇടതുമുന്നണി നേതൃത്വം കൊടുക്കുന്ന ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ ഈ രൂപത്തിൽ രേഖകൾ കൊണ്ടുവന്ന് പ്രസംഗിക്കാമെന്നല്ലാതെ ഒരു പരാതി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? സഖാവ് നായനാർ മുഖ്യമന്ത്രിയായി ചുമതലയേറ്റശേഷം, നമുക്കെല്ലാവർക്കും അറിയാം വിജിലൻസ് ഡിപ്പാർട്ടുമെന്റിനെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയാക്കി ഉയർത്തി. അതുപോലെ ലോക് ആയുക്ത കൊണ്ടുവന്നു. അങ്ങനെ ഒരാൾക്ക് കേസ് കൊടുക്കാനുള്ള ഒട്ടനവധി അവസരങ്ങൾ ഉണ്ടാക്കി. എന്നാൽ ഈ കഴിഞ്ഞ നാലുവർഷക്കാലമായി ആദരണീയനായ ശ്രീ. ടി. എം. ജേക്കബിന് ആരോപണങ്ങളുന്നയിക്കാൻ കഴിയുന്നുവെന്നല്ലാതെ ഒരു പരാതി കൊടുക്കാൻ കഴിഞ്ഞോ? ഇതുതന്നെയാണ് പ്രതിപക്ഷത്തിലെ എല്ലാ മെമ്പർമാരുടേയും സ്ഥിതി. നിയമസഭയുടെ പരിരക്ഷ ഉപയോഗിച്ചുകൊണ്ട് ഈ സഭയ്ക്കുള്ളിൽ ആരോപണമുന്നയിക്കുന്നുവെന്നുള്ളതല്ലാതെ അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനോ, തെളിയിക്കാനോ ഒരു കേസുപോലും കൊടുക്കാൻ കഴിയാത്ത പ്രതിപക്ഷമായി കേരളത്തിലെ പ്രതിപക്ഷം അധഃപതിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഇവരെ പോക്കണംകെട്ട പ്രതിപക്ഷം എന്ന് പത്രമാദ്ധ്യമങ്ങളും മറ്റുചിലരും വിശേഷിപ്പിച്ചത്. ശ്രീമാൻ കരുണാകരൻ പറഞ്ഞത് ഇത് പോക്കണം കെട്ട പ്രതിപക്ഷമാണെന്നാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലരവർഷക്കാലമായി നടത്തിയ വികസന പ്രവർത്തനങ്ങൾ ഒന്നൊന്നായി എണ്ണിയെണ്ണി പറയുന്നില്ല. കഴിഞ്ഞ നാലരവർഷക്കാലം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയ വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ 40 വർഷക്കാലം നടത്തിയ വികസന പ്രവർത്തനങ്ങളേക്കാൾ കൂടുതലാണ്. പ്രതിപക്ഷബഞ്ചിലിരിക്കുന്ന ശ്രീമതി സാവിത്രി ലക്ഷ്മണൻ കൈരളി ചാനലിന് നൽകിയ ജനവിചാരണയിൽ പറഞ്ഞല്ലോ അവരുടെ മണ്ഡലത്തിൽ അൻപത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നതെന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ ഐക്യജനാധിപത്യമുന്നണിയിലെ അംഗമായ ശ്രീമതി സാവിത്രി ലക്ഷ്മണന്റെ മണ്ഡലത്തിൽപ്പോലും 50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവെന്ന് പറഞ്ഞില്ലേ? അതുപോലെ തന്നെ ഓരോ അംഗങ്ങളുടെ മണ്ഡലങ്ങളിലും ധാരാളം വികസന പ്രവർത്തനങ്ങൾ നടന്നു. ഞാൻ പ്രതിനിധീകരിക്കുന്ന പാലക്കാട് മണ്ഡലത്തിലെ ജനങ്ങളുടെ ഒരു ആഗ്രഹമായിരുന്നു യാക്കരപ്പാലം വീതികൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

പുനർനിർമ്മിക്കണമെന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ആ പാലം വീതികൂട്ടി പുനർനിർമ്മാണം നടത്തുകയുണ്ടായി. അതുപോലെതന്നെ കോട്ടായി കാളികാവ് പാലം ഈ മാസം 5-ാം തീയതിയാണ് ഉദ്ഘാടനം കഴിഞ്ഞത്. അങ്ങനെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽപ്പോലും നടക്കുകയാണ്. ഗ്രാമപ്രദേശങ്ങളിലെല്ലാം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യമെത്തിക്കുന്നതിനുവേണ്ടി, കുടിവെള്ളമായാലും റോഡായാലും വൈദ്യുത പദ്ധതികളായാലും അവ നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ നിഷേധിക്കാൻ കഴിയുമോ? 4600 കോടി രൂപ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് . 1991 മുതൽ 1996 - വരെ കേരളം ഭരിച്ച ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ആകെ നൽകിയത് 119 കോടി രൂപയായിരുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഡി.വൈ.എഫ്.ഐ.-ഉം എസ്.എഫ്.ഐ.-ഉം സ്വാശ്രയ കോളേജുകളേയും സ്വകാര്യ കോളേജുകളേയും എതിർത്ത് ഈ രാജ്യത്ത് സമരവും വെടിവയ്പ്പും ലാത്തിച്ചാർജുമൊക്കെ നടത്തിയിട്ടും ഇതുരണ്ടും അങ്ങയുടെ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ എസ്. എഫ്. ഐ.-ഉം ഡി.വൈ.എഫ്.ഐ. യുമൊക്കെ പിരിച്ചുവിടുകയല്ലേ വേണ്ടത് ?

ശ്രീ. ടി. കെ. നൗഷാദ് : വിദ്യാഭ്യാസ രംഗത്ത് കച്ചവടം അനുവദിക്കില്ലാ എന്ന പ്രതിജ്ഞാബദ്ധമായ നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി എടുത്തിട്ടുള്ളത്. അതുകൊണ്ടുതന്നെ സ്വകാര്യ കോളേജുകൾ അനുവദിക്കുമ്പോൾ സോഷ്യൽ കൺട്രോൾ വേണമെന്ന് ദീർഘവീക്ഷണത്തോടുകൂടി നടപ്പിലാക്കാൻ പോകുന്നുണ്ട്. അതിൽ നിങ്ങൾ ബേജാറാകേണ്ട ഒരു കാര്യവുമില്ല.

ശ്രീ. ജോൺ ഫെർണാണ്ടസ് : ശ്രീ. എം. വി. രാഘവൻ സ്വന്തം പേരിൽ മെഡിക്കൽ കോളേജ് ആരംഭിച്ച് ലക്ഷങ്ങൾ കോഴവാങ്ങിയതിനെതിരായിട്ടാണ് അന്ന് കൂത്തുപറമ്പിൽ നമ്മുടെ സഖാക്കൾ പൊരുതിയതെന്ന കാര്യം മറച്ചുവച്ച് സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. ടി. കെ. നൗഷാദ് : വിദ്യാഭ്യാസം കച്ചവടം നടത്തിയ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പാതയല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി പിൻതുടരുന്നത്. പ്ലസ്ടു-വിന്റെ കാര്യത്തെക്കുറിച്ച് കൂടുതലായി ഞാൻ വിശദീകരിക്കുന്നില്ല. അതിനെക്കുറിച്ച് നിങ്ങൾക്കറിയാം. കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ വിജയിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് വീറും വാശിയോടുകൂടി പ്രസംഗിച്ചു യു.ഡി.എഫ്. അധികാരത്തിൽ തിരിച്ചു വരുമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ മോചനയാത്രയെ ബേജാറായി കാണുകയൊന്നുമല്ല. ശ്രീ. എ. കെ. ആന്റണി മോചനയാത്രയിൽ പ്രസംഗിച്ചു. കോൺഗ്രസ് നേതാക്കൻമാരോട് പായസം വയ്ക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. പ്രതിപക്ഷ നേതാവിനോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ആഗ്രഹിക്കുകയാണ്, ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യങ്ങളൊന്നും കേരളത്തിലെ ജനങ്ങൾ ചെവിക്കൊള്ളില്ല. അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. നൂറുകൊല്ലക്കാലം മാർക്സിസ്റ്റ് പാർട്ടി ഇനി കേരളത്തിൽ അധികാരത്തിൽ വരുകയില്ലയെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു. എന്നാൽ 1987-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ അധികാരത്തിൽ വന്നു, സഖാവ് നായനാർ മുഖ്യമന്ത്രി. 1996-ൽ വീണ്ടും മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നു. സഖാവ് നായനാർ മുഖ്യമന്ത്രി. അപ്പോൾ ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യങ്ങളൊന്നും കേരളത്തിലെ ജനങ്ങൾ ചെവിക്കൊള്ളില്ലായെന്നുള്ളതാണ് ഈ കാര്യങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. 1996-ലെ തെരഞ്ഞെടുപ്പിനുശേഷം എന്തൊക്കെയാണ് നിങ്ങൾ പറഞ്ഞു നടന്നത്? ഭൂരിപക്ഷത്തിന്റെ കാര്യം പറഞ്ഞുകൊണ്ട് നിങ്ങൾ ചില കാര്യങ്ങൾ സൂചിപ്പിച്ചു. എന്നാൽ 1996-ലെ തെരെഞ്ഞെടുപ്പിനുശേഷം കേരളത്തിലെ ജനങ്ങൾ വൻപിച്ച ഭൂരിപക്ഷം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കു നൽകി. വിശദാംശങ്ങളിലേയ്ക്ക് പോകേണ്ട കാര്യമില്ല. തലശ്ശേരി, പുനലൂർ, വൈക്കം, ചാത്തന്നൂർ, മാള, യു. ഡി. എഫ്. ന്റെ കോട്ട എന്ന് അവകാശപ്പെടുന്ന എറണാകുളം എന്നിവിടങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചല്ലോ. പിന്നെ പഞ്ചായത്ത് മുനിസപ്പൽ തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിലും ഐക്യജനാധിപത്യ മുന്നണിയേക്കാൾ നാല് ലക്ഷം വോട്ടുകൾ അധികം നേടിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി 88 നിയമസഭാ മണ്ഡലങ്ങളിൽ വ്യക്തമായ ഭൂരിപക്ഷം നേടിയിട്ടുണ്ട്. എന്തടിസ്ഥാനത്തിലാണ് കോൺഗ്രസ്സുകാർ യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന് അട്ടഹസിക്കുന്നതെന്ന് ഞങ്ങൾക്കു മനസ്സിലാക്കുന്നില്ല. അത് മനഃപ്പായസമായിട്ട് തന്നെയിരിക്കും. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരാൻ പോകുകയാണ്. അതിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ കേരളത്തിൽ ആകെ പ്രശ്നങ്ങളാണെന്ന് യു.ഡി.എഫ്. പറയുന്നു. സാമ്പത്തിക പ്രതിസന്ധിയും മറ്റു പല കാര്യങ്ങളും പറഞ്ഞുകൊണ്ട് കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള പ്രവർത്തനമാണല്ലോ ഇവിടെ നടക്കുന്നത്? ഇപ്പോൾ ഇവരുടെ പ്രസംഗങ്ങൾ കേട്ടാൽ തോന്നും കേരളത്തിലെ ജനങ്ങൾ 1996-നുശേഷം ജനിച്ചവരാണെന്ന്. 1991 മുതൽ 1996 വരെ കേരളത്തിൽ അഴിമതിയിൽ മുങ്ങിക്കുളിച്ച ഭരണം നടത്തിയതിന്റെ ഉത്തരവാദിത്വം ഐക്യജനാധിപത്യ മുന്നണിക്കല്ലേ? കേരളം കൂരിരുട്ടിൽ ആയിരുന്നില്ലേ? അതൊന്നും ജനങ്ങൾ മറന്നിട്ടില്ല. പകൽ മൂന്ന് മണിക്കൂർ ലോഡ് ഷെഡ്ഡിംഗ്, രാത്രി ഒരു മണിക്കൂർ ലോഡ് ഷെഡ്ഡിംഗ്, മറ്റൊന്ന്, നമ്മുടെ പോക്കറ്റിൽ കാശുണ്ട്, നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള കടകളിൽ സാധനമുണ്ട്. പക്ഷേ രാത്രി എട്ടുമണിക്കുശേഷം ഏതെങ്കിലും കടയിൽപോയി സാധനം വാങ്ങിക്കാൻ നമ്മൾ മോഹിച്ചാൽ നടക്കുമോ? നടക്കുകയില്ല. കാരണം എട്ട് മണിക്കുശേഷം ലൈറ്റ് ഓഫ് ചെയ്യണം; കട അടച്ചു പൂട്ടണം. ആ രൂപത്തിൽ കേരളത്തെ കൂരിരുട്ടിൽ ആഴ്ത്തിയ ഒരു ഭരണമായിരുന്നു 1991 മുതൽ 1996 വരെ ഉണ്ടായിരുന്നതെങ്കിൽ 1996-ൽ അധികാരത്തിൽ വന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വൈദ്യുതി രംഗത്ത് കേരളത്തെ ഒരു മിച്ച സംസ്ഥാനമാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചു. ഇന്നത്തെ പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയനായിരുന്നു അന്ന് വൈദ്യുതി വകുപ്പിന്റെ ചുമതല വഹിച്ചിരുന്നത്. വൈദ്യുതി രംഗത്ത് കേരളത്തെ ഒരു മിച്ച സംസ്ഥാനമാക്കി മാറ്റുമെന്ന് കേരള നിയമസഭയിൽ പ്രഖ്യാപിച്ചപ്പോൾ അന്ന് അപ്പുറത്തിരിക്കുന്ന ശ്രീ. കെ. സുധാകരനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ ഉറഞ്ഞ് തുള്ളുകയായിരുന്നു. എന്തൊക്കെയാണ് അന്ന് പറഞ്ഞത് ? ഇത് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കാനാണ്; ഇതൊന്നും നടക്കാൻപോകുന്ന കാര്യമല്ല എന്നൊക്കെയാണ് പറഞ്ഞത്, ഇന്ന് ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്ത, പവർകട്ട് ഇല്ലാത്ത, വൈദ്യുതി മിച്ചമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. അക്കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ ? മാത്രമല്ല വൈദ്യുതി പദ്ധതികൾ നടപ്പിലാക്കുമ്പോൾ എന്തൊക്കെ അഴിമതിയാരോപണങ്ങളാണ് വന്നത് ? ഇവിടെ ബഹുമാനപ്പെട്ട ശർമ്മ അതിശക്തമായി മറുപടി നൽകി. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ഉമ്മൻ ചാണ്ടിയുമൊക്കെ ഒരക്ഷരംപോലും മറുപടി പറയാതെ തരിച്ചിരുന്നുപോയി. അവകാശലംഘനത്തിന് നോട്ടീസ് കൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ടു. നോട്ടീസ് നൽകിയോ ? ആർക്കും നോട്ടീസ് നൽകാൻ കഴിയുകയില്ല. പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങൾ ഉണ്ടായി. കഴിഞ്ഞ നിയമസഭയിൽ ശ്രീ. കെ. സുധാകരൻ ഉറഞ്ഞുതുള്ളിക്കൊണ്ട് അഴിമതി ആരോപണം ഉന്നയിച്ചു. അന്ന് ഞങ്ങളുടെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ ശ്രീ. സുധാകരന്റെ മുഖത്തുനോക്കി പറഞ്ഞകാര്യം സഭാ രേഖകളിൽ ഇന്നുമുണ്ട്. കേരള നിയമ സഭയിലെ എല്ലാ അംഗങ്ങളും ഓർക്കുന്നുണ്ടാകും. അന്ന് ശ്രീ. സുധാകരന്റെ മുഖത്തുനോക്കി, പ്രതിപക്ഷത്തുള്ള ആളുകളെ നോക്കിക്കൊണ്ട് എല്ലിൻകഷണത്തിനു പിന്നിൽ നടക്കുന്ന എച്ചിൽ പട്ടികളല്ല ഞങ്ങളെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം സഖാവ് പിണറായി വിജയൻ വ്യക്തമാക്കി. അന്ന് അഴിമതിയാരോപണം ഉന്നയിച്ചുകൊണ്ട് പ്രസംഗിച്ച ശ്രീ. കെ. സുധാകരൻ ഇന്നുവരെ അതിനെ സംബന്ധിച്ച് സഖാവ് പിണറായി വിജയനെതിരായോ അല്ലെങ്കിൽ മന്ത്രിസഭയിൽ ആർക്കെങ്കിലുമെതിരായോ ഒരു കടലാസ് എഴുതിക്കൊടുത്തിട്ടുണ്ടോ ? അതുപോലെ ശ്രീ . തിരുവഞ്ചൂർ രാധാകൃഷ്ണൻ കനേഡിയൻ കമ്പനിയുടെ സഹായത്തെക്കുറിച്ച് പറയുകയുണ്ടായി. കനേഡിയൻ കമ്പനിയുടെ സഹായത്തെക്കുറിച്ച് രണ്ട്-മൂന്ന് കൊല്ലക്കാലം വലിയ വാദകോലാഹലമായിരുന്നു. എന്താണ് ഇപ്പോൾ അതിന്റെ സ്ഥിതി ? അതിനെ സംബന്ധിച്ച് ഒരു പരാതി കൊടുത്തിട്ടുണ്ടോ ? ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പുകമറ സൃഷ്ടിക്കുക എന്നുള്ളതിലപ്പുറം മറ്റെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ? എന്നാൽ അപ്പുറത്തിരിക്കുന്നവരുടെ നേർക്ക് കൃത്യമായി കേസ്സ് കൊടുത്ത് അവരെ ശിക്ഷിച്ച സ്ഥിതിവിശേഷം നമ്മുടെ മുൻപിലുണ്ട്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ കേസ്. നമ്മുടെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ എൽ.ഡി.എഫ്-ന്റെ ജാഥയുടെ ഒരു കാര്യം പ്രഖ്യാപിച്ചു. അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ളത്, ശക്തമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമുന്നതനായ നേതാവ് എന്നുള്ള നിലയിലും പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി എന്നുള്ള നിലയിലും ഞാൻ ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നു. അഴിമതിക്കേസ്സുകളിൽപ്പെട്ട ഒരാൾക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥി പട്ടികയിൽ സ്ഥാനം ഉണ്ടാവുകയില്ല. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒരു കാര്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു, അഴിമതിക്കേസ്സിൽപ്പെട്ട ആൾ പോകട്ടെ, ഒരു തവണ വിചാരണ കോടതിയും ശിക്ഷിച്ച ആൾ പോകട്ടെ, വിചാരണക്കോടതിയും അപ്പീൽ കോടതിയും ശിക്ഷിച്ച ഒരാളേയും ഞങ്ങൾ ഇപ്പുറത്തെ സ്ഥാനാർത്ഥി പട്ടികയിൽ ഉൾപ്പെടുത്തുകയില്ലെന്നു പറയാൻ ആദർശത്തിന്റെ പരിവേഷം അണിഞ്ഞു പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കഴിയുമോ ? ഞങ്ങൾ വളരെ വിനയപൂർവ്വം ചോദിക്കുന്നു. അഴിമതിക്ക് എതിരെ ശക്തമായി പോരാടുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മദ്യദുരന്തം സംഭവിച്ചതിനുശേഷം വൈപ്പിൻ മദ്യദുരന്തംപോലെ കൈകാര്യം ചെയ്തില്ല. മുഴുവൻ അബ്കാരി മുതലാളിമാരേയും കൽത്തുറുങ്കിൽ അടച്ചു. മത്രമല്ല ഇച്ഛാശക്തിയോടുകൂടി ഇനി കേരളത്തിൽ മദ്യദുരന്തമുണ്ടാകരുതെന്നു പ്രഖ്യാപിക്കുകയും ചെയ്തു. സ്വകാര്യ മുതലാളിമാർ അമിതലാഭത്തിനുവേണ്ടി നടത്തുന്ന ഈ മദ്യ വ്യാപാരം അവരുടെ കൈകളിൽനിന്ന് മാറ്റണം, മാറ്റുമെന്ന് പ്രഖ്യാപിച്ചുകൊണ്ട്, വിദേശമദ്യ വ്യാപാരമായാലും കള്ള് വ്യാപാരമായാലും അതിനെ സൊസൈറ്റികളെ ഏല്പിച്ച് പൊതുമേഖലയിലാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടി അതിശക്തമായ നടപടികളുമായി മുന്നോട്ട് പോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ നെഞ്ചിലേറ്റിയിരിക്കുകയാണ്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ അധികാരത്തിൽ തിരിച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിക്കുവാൻ പോകുകയാണ്. ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സഹായകരമായ ഈ ധനവിനിയോഗബില്ലുകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, ഞാൻ ഈ രണ്ട് ബില്ലുകളേയും എതിർക്കുകയാണ്. പത്താം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. നിയമസഭാംഗങ്ങളുടെ പ്രശ്നങ്ങളുടെ അവസാനത്തെ പ്രസംഗവുമാണ്. അതുകൊണ്ട് മാത്രമാണ് ഈ ചർച്ചയിൽ പങ്കെടുക്കാൻ ഞാൻ തീരുമാനിച്ചത് . പക്ഷേ അവസാനം 10-ാം നിയമസഭയുടെ സഭാചുമരുകൾക്ക് ഉള്ളിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കാനുള്ള അവസാന പ്രസംഗത്തിന്റെ സന്ദർഭം എന്റെ പാർട്ടി എന്നെ ഏൽപ്പിച്ചപ്പോൾ അത് വേണ്ടെന്ന് വയ്ക്കുന്നത് ശരിയല്ലെന്ന് പറഞ്ഞതുകൊണ്ട് ചരിത്രത്തിന്റെ ഭാഗമാകാൻപോകുന്ന നിയമസഭയുടെ അവസാനത്തെ നിയമസഭാ സമ്മേളനത്തിലെ അവസാനത്തെ നിയമസഭാംഗം എന്ന നിലയ്ക്ക് ഞാൻ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ രണ്ടു ബില്ലുകളേയും എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ

അവതരിപ്പിച്ചത് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഭദ്രമായ അടിത്തറ പാകിയത് ഈ കാലയളവിലാണെന്ന വസ്തുത ചരിത്രം രേഖപ്പെടുത്തും എന്ന് പറയുകയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ബഹുമാനത്തോടെ ചോദിക്കട്ടെ, അങ്ങയുടെ മനസ്സാക്ഷിയിൽതൊട്ട് ഇത് പറയാൻ നിങ്ങൾക്ക് സാധിക്കുമോ? അതിന് ഈ പദപ്രയോഗം മാറ്റി ഞാൻ വകഭേദം നിർദേശിച്ചാൽ അങ്ങയുടെ മനസ്സാക്ഷി അത് സ്വീകരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. സംസ്ഥാനത്തിന്റെ എന്നതിനുപകരം എന്റെ പാർട്ടിയുടെ സാമ്പത്തിക വികസനത്തിന് ഭദ്രമായ അടിത്തറ പാകിയത് ഈ കാലഘട്ടത്തിലാണ് എന്ന് അങ്ങ് തിരുത്തിപറഞ്ഞാൽ അത് കേരളത്തിലെ ജനങ്ങളോടുചെയ്യുന്ന നീതിപൂർവ്വകമായ ഒരു സമീപനമായിരിക്കും. ഞാൻ കണക്കുകളൊന്നും ഉദ്ധരിക്കുന്നില്ല. ഇവിടെ കണക്കുകളുടെ കസർത്തുക്കൾ കാണിച്ചു. കണക്കുകളൊന്നും വേണ്ട. ഈ നിയമസഭ അഞ്ച് വർഷം പൂർത്തിയാക്കി പുറത്തു പോകുമ്പോൾ ഈ രാജ്യത്തിലെ സാധാരണക്കാരന്റെ മുൻപിൽ കടന്നുവരുന്ന ചിത്രം ഈ സംസ്ഥാനത്തെ സംബന്ധിച്ച്, ഈ സംസ്ഥാനത്തിന്റെ ഭരണസംവിധാനത്തെ സംബന്ധിച്ച്, ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാരത്തെ സംബന്ധിച്ച് സാധാരണക്കാരന്റെ മനസ്സിൽ കടന്നുവരുന്ന ചിത്രം അപ്പുറത്തിരിക്കുന്ന ഓരോ അംഗങ്ങളും നടത്തിയ പ്രസംഗത്തിന്റെ ഗൗരവം ഒന്നും കുറച്ചുകൊണ്ടല്ല. പക്ഷേ ചുരുങ്ങിയ പക്ഷം തന്റെ മനസ്സാക്ഷിയോട് നീതി പുലർത്താനെങ്കിലും ഒന്ന് ഭാവനയിൽ കാണാൻ നിങ്ങൾക്ക് സാധിച്ചാൽ ഒരു സാധാരണക്കാരന്റെ മനസ്സിൽ കടന്നുവരുന്ന ചിത്രം ഏതാണ്? അഴിമതിയാരോപണത്തിന്റെ ചീഞ്ഞളിഞ്ഞ കഥകൾ ഈ നിയമസഭയ്ക്കകത്ത് എത്രവട്ടം തലപൊക്കി. ശ്രീ. ടി. എം. ജേക്കബ് അഴിമതിയാരോപണം ഉന്നയിച്ചത് ചട്ടങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ്, എഴുതി കൊടുത്തിട്ടാണ്. സർക്കാർ ഓഫീസിലെ ഫയലിന്റെ പൂർണ്ണമായ രൂപം അക്കമിട്ട് നിരത്തി പറഞ്ഞുകൊണ്ടാണ് ശ്രീ. ചന്ദ്രശേഖരൻ നായർ ലക്ഷങ്ങൾ വാങ്ങി എന്നൊന്നും പറഞ്ഞിട്ടില്ല. ഈ നിയമസഭയ്ക്കകത്ത് അഴിമതിയാരോപണം ഉന്നയിക്കാൻ പാടില്ലായെന്ന് ചട്ടം ഭേദഗതി ചെയ്യണം. ചട്ടം ഉണ്ടെങ്കിൽ അത് ഒരു അംഗത്തിന്റെ അവകാശമാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ പണം വാങ്ങിയെന്ന് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞു. നിങ്ങൾ ലക്ഷങ്ങൾ കൊള്ളയടിച്ചുവെന്ന് പറഞ്ഞു. അങ്ങയുടെ കൈയിലിരിക്കുന്ന ഒരു ഫയലിന്റെ പൂർണ്ണരൂപം അക്കമിട്ട് അക്കമിട്ട് നിരത്തുക, ഇതിനപ്പുറത്ത് ഒരു അഴിമതിയാരോപണം ഒരു നിയമസഭയ്ക്കകത്ത് എങ്ങനെയാണ് ഉന്നയിക്കുക? കോടതിയിൽ പോയിക്കൂടേയെന്ന് നിങ്ങളോട് ഞങ്ങൾ ചോദിക്കട്ടെ, ഞങ്ങൾ അഞ്ച് വർഷം ഭരിച്ചപ്പോഴും നിങ്ങൾ അതുപോലെ ഒരുപാട് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചവരാണ്. ഞങ്ങൾ അന്ന് ഇവിടെ നിശ്ചയിച്ച അഴിമതി അന്വേഷണ കമ്മീഷൻ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജി ഉൾപ്പെട്ട കമ്മിറ്റിയാണ്. ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെ ചെയർമാനാക്കിക്കൊണ്ട് അന്വേഷണ കമ്മീഷനെ ഞങ്ങളും വച്ചിരുന്നു. ഞങ്ങൾ 5 വർഷം ഭരിച്ചപ്പോൾ നിങ്ങൾ എത്ര അഴിമതിയാരോപണം ഈ നിയമസഭയിൽ ഉന്നയിച്ചു? ഏതെങ്കിലും ഒരു ആരോപണവുമായി നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ പോയോ ? ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ആശ്രിതവൽസലൻമാരെ വച്ച് ലോകായുക്ത ഉണ്ടാക്കിയതിലേക്ക് ഞങ്ങൾ കേസുംകൊണ്ട് പോയില്ല എന്ന് പറയുന്നത് എന്ത് ന്യായത്തിന്റെ പുറത്താണ് ? ആരോപണങ്ങൾ ഉന്നയിക്കുന്നത് സ്വാഭാവികമല്ലേ? ഞാൻ ചോദിക്കുന്നു, മുൻ നിരയിൽ ഇരിക്കുന്ന ആളുകൾ, വിരലിൽ എണ്ണാവുന്ന ആളുകൾ ഒഴിച്ച് എല്ലാ അംഗങ്ങളും അഴിമതിയാരോപണത്തിന് വിധേയരായില്ലേ ? നാണംകെട്ട കേസുകൾ ഇപ്പോഴുമുണ്ട്. ഞാൻ ഒരു ഉദാഹരണം ബഹുമാനപ്പെട്ട ശ്രീ. ടി. ശിവദാസമേനോനോട് പറയുന്നു, ശ്രീ. ടി. കെ. രാമകൃഷ്ണൻ അദ്ദേഹത്തിന്റെ സ്വാധീനം ദുരുപയോഗപ്പെടുത്തി മരുമകന് ബാർ ലൈസൻസ് കൊടുത്തു എന്ന് ഞാൻ മൂന്ന് വർഷം മുൻപ് ആരോപണം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചാടി എഴുന്നേറ്റിട്ട് പറഞ്ഞു, തെറ്റുപറ്റി ശ്രീ. രാമകൃഷ്ണന്, ഞങ്ങൾ അത് തിരുത്തി. അത് മാറ്റും, അത് മാറ്റിയിരിക്കും എന്ന് . 5 വർഷം തികയുകയല്ലേ ? നിങ്ങൾ പുറത്തു പോകാൻ പോവുകയല്ലേ ? ഇന്നും ആ ബാർ നടത്തുന്നത് ആരാണ് ? നിങ്ങൾക്ക് മാറ്റാൻ പറ്റിയോ ? മാറ്റിയോ ? നേരത്തെ ശ്രീ. ടി. എം. ജേക്കബ് ഇവിടെ ആർക്കെതിരായിട്ടാണ് ആരോപണം ഉന്നയിച്ചത് ? അതേ അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തെ രക്ഷിക്കാൻ, ആ ബാർ ലൈസൻസ് റദ്ദാക്കപ്പെടാതിരിക്കാൻ ഹൈക്കോടതിയിൽ നിയമം ദുർവ്യാഖ്യാനം ചെയ്തില്ലേ ? എതിരായി വാദിക്കേണ്ട വക്കീൽ അനുകൂലമായി ഹൈക്കോടതിയിൽ വാദിച്ചില്ലേ ? നിങ്ങൾ സംരക്ഷിച്ചുകൊടുത്തില്ലേ? ആർക്കെതിരെയാണ് ആരോപണങ്ങൾ ഇല്ലാത്തത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ അധികാര ദുർവിനിയോഗം നടത്തിയെന്ന അഴിമതിയാരോപണം ഈ നിയമസഭയിൽ ഉയർന്നു വന്നിട്ടില്ലേ? അഴിമതിയാരോപണത്തിന്റെ ചെളിക്കുണ്ടിൽ നിറഞ്ഞുനിൽക്കുന്ന നിങ്ങളുടെ തൊപ്പിക്കകത്തെ അവസാനത്തെ തുവൽ അല്ലേ ? നിങ്ങളുടെ സഹയാത്രികൻ ശ്രീ. കെ.പി.പി. നമ്പ്യാരാണ് ഈ അഴിമതിയാരോപണം ഉന്നയിച്ചിരിക്കുന്നത്. ഞങ്ങൾ അല്ലല്ലോ ? ശ്രീ. കെ.പി.പി. നമ്പ്യാർ കോൺഗ്രസ്സോ യു.ഡി.എഫ്-ഓ ആണെന്ന് നിങ്ങൾ പറയുമോ ? നിങ്ങളുടെ സഹയാത്രികൻ അല്ലേ ? നിങ്ങൾ കൊണ്ടുവന്ന ആളല്ലേ ? നിങ്ങളുടെ ബന്ധു അല്ലേ ? ശ്രീ. കെ.പി.പി. നമ്പ്യാർപോലും സ്വന്തം പാർട്ടിയിലെ നേതാവിനെതിരെ അഴിമതിയാരോപണം ഉന്നയിച്ചുവെന്ന് വന്നാൽ പ്രിയപ്പെട്ട ജയദേവൻ, അങ്ങ് എന്തിനാണ് ക്ഷുഭിതനാകുന്നത് ? നിയമവും ചട്ടവും അറിയാത്ത ആൾ അല്ല ശ്രീ. ചന്ദ്രശേഖരൻ നായർ. ഫയലിനെക്കുറിച്ച് അറിവില്ലാത്ത ആളാണോ ശ്രീ. ചന്ദ്രശേഖരൻ നായർ ? അദ്ദേഹം പറയട്ടെ. നമുക്ക് കേൾക്കാം. ശ്രീ. ടി. എം. ജേക്കബ് അഴിമതി വീരനാണെന്ന് നിങ്ങൾ പറഞ്ഞു. ശ്രീ. ടി. എം. ജേക്കബിന്റെ പേരിലുള്ള കേസ് ഏതാണ് ? കഥയറിയാതെ ആട്ടം കാണണ്ട. മനസ്സിലാക്കണം. കുര്യാർകുറ്റി-കാരാപ്പാറ പ്രോജക്ടിലെ ഡിപ്പാർട്ടുമെന്റലായി പ്രവർത്തിയെടുത്ത കരാറുകാരന് ഗൂഢാലോചന നടത്തി 57 ലക്ഷം രൂപ ലാഭമുണ്ടാക്കികൊടുത്തു എന്ന കേസിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നറിയാൻ കോടതിയിൽ പരിഗണനയിൽ കിടക്കുകയാണ്. പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെന്ന് കണ്ടിട്ടില്ല. പിന്നെ ശ്രീ. ടി. എം. ജേക്കബിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കേസ് ഏതാണ്? അതിൽ ശ്രീ. കൃഷ്ണൻകുട്ടിയുടെ കത്തും ഉണ്ട്. അതുകൊണ്ട് അഴിമതിയാരോപണത്തിന്റെ കഥകളും ചുരുളുകളും ഒന്നൊന്നായി അഴിയുമ്പോൾ വികാരംകൊണ്ടിട്ട് കാര്യമില്ല. അധികാരം കൈയിൽ കിട്ടിയപ്പോൾ സ്വന്തം പോലീസുകാരെ, അന്വേഷണ ഉദ്യോഗസ്ഥൻമാരെ വച്ച് കോടതികളിലും വിജിലൻസിലും കള്ള കേസുണ്ടാക്കി കൊടുത്ത് പ്രതിപക്ഷ രാഷ്ട്രീയ നേതാക്കൻമാരെ ഒന്നൊന്നായി കശക്കുന്നത് രാഷ്ട്രീയ ജനാധിപത്യ സംസ്ക്കാരത്തിന് അനുയോജ്യമല്ല എന്ന് ഇടതുപക്ഷ നേതാക്കൻമാർ ഓർക്കണം. ഞാൻ ചോദിക്കട്ടെ, കേരളത്തിൽ ഏതെങ്കിലും കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഇതുപോലെ അഴിമതിക്ക് വിധേയരായോ? അഴിമതി ആരോപണത്തിന് വിധേയരായ ഒരു മന്ത്രിസഭ ഇൻഡ്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഇല്ല എന്നാണ് എന്റെ അറിവും വിശ്വാസവും. സാമ്പത്തിക ഭദ്രത, സാമ്പത്തിക രംഗത്തെ എഫിഷ്യൻസി മാനേജുമെന്റിന്റെ പ്രകടനമാണ് എന്ന് പറയുന്ന ബഹുമാനപ്പെട്ട ശിവദാസമേനോനോട് ഞാൻ ചോദിക്കട്ടെ, ഡീസൽ അടിക്കാൻ കാശില്ലാത്ത ഒരു ഗവൺമെന്റ് വെട്ടും കുത്തും നടക്കുന്നിടത്ത് പോലീസിന് പോകണ്ടേ? പെട്രോൾ ഇല്ല എന്നല്ലേ പോലീസ് സ്റ്റേഷനിൽനിന്നും കിട്ടിയ വിവരം. കോടികൾ കൊടുക്കാൻ ബാക്കിയിട്ട് എണ്ണ കിട്ടാതെ വണ്ടികൾ കട്ടപ്പുറത്ത് വയ്ക്കുന്ന ഒരു ഗവൺമെന്റ്. കേരളത്തിലെ സാമ്പത്തിക വികസനത്തിന്റെ അടിത്തറ ഭദ്രമാണെന്ന് അവകാശപ്പെടുന്നുവെങ്കിൽ.....ഞാൻ തൊലിക്കട്ടി എന്ന് പറയുന്നില്ല. അത് പറയാനുള്ള ആർജ്ജവം അങ്ങേയ്ക്ക് അല്ലാതെ മറ്റ് ആർക്കാണ് ഉണ്ടാകുക? സർക്കാർ ഓഫീസുകളിലെ ടെലിഫോൺ ഒന്നൊന്നായി നിശ്ചലമാവുകയാണ്. ഞാൻ കണ്ണൂർ ലേബർ ഓഫീസിൽ വിളിച്ചു. റിപ്ലൈയില്ല. റിംഗ് ചെയ്യുന്നു. റെസ്പോൺസില്ല. ഞാൻ ടെലിഫോൺ എക്സ്ചേഞ്ചിൽ വിളിച്ചു ചോദിച്ചു. അപ്പോൾ പറയുന്നു ബിൽ അടയ്ക്കാത്തതുകൊണ്ട് ഡിസ്കണക്ട് ചെയ്തുവെന്ന്. പോലീസ് സ്റ്റേഷനുകളിൽ ഫോണുകൾ ഇല്ല. നിശ്ചലമാകുന്നു. എന്നിട്ടും സാമ്പത്തിക വികസനംകൊണ്ട് എന്റെ സംസ്ഥാനം ഭദ്രമാണെന്ന് അഭിമാനത്തോടെ പറയാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കുന്നു? പി .എഫ്. ന്റെ കാര്യം എടുക്കാം. അദ്ധ്വാനിച്ച്, കഷ്ടപ്പെട്ട് ജോലിചെയ്യുന്ന ജീവനക്കാരന് കിട്ടേണ്ട ആനുകൂല്യം 90 ദിവസത്തിനകം കൊടുക്കണം എന്ന കീഴ്വഴക്കം നമ്മുടെ സംസ്ഥാനത്ത് ഇല്ലേ? 90 ദിവസം പോയിട്ട്, 150 ദിവസം ആയിട്ട് നിങ്ങൾ ആനുകൂല്യം കൊടുത്തോ? പിഎഫ്-ൽ നിന്ന് ലോൺ എടുത്ത് മക്കളുടെ കല്യാണം നടത്താമെന്ന് നിശ്ചയിച്ച് ലോൺ കിട്ടുമെന്ന പ്രതീക്ഷയിൽ കാത്തിരുന്ന എത്രയോ രക്ഷിതാക്കളുടെ മക്കളുടെ കല്യാണങ്ങൾ മുടങ്ങി. എന്നിട്ടും നിങ്ങൾ പറയുന്നു എന്റെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്ന്. എങ്ങനെ പറയാൻ സാധിക്കുന്നു നിങ്ങൾക്ക്? സർക്കാർ കാർ ജപ്തിചെയ്ത നടപടി കേരളത്തിൽ എന്നല്ല ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടോ? കരാറുകാരന് കാശുകിട്ടാൻ കോടതിയിൽ പോയി കോടതിയിൽ നിന്ന് ഓർഡർ വാങ്ങി കാർ അറ്റാച്ച് ചെയ്യാൻ ഓർഡറുംകൊണ്ട് ആമീൻ സെക്രട്ടേറിയറ്റിൽ വന്ന ചരിത്രം ഇന്ത്യാരാജ്യത്ത് നിങ്ങളുടെ സർക്കാരിന്റെ മാത്രം റിക്കോർഡല്ലേ? വേറെ ആർക്കാണ് ആ റിക്കോർഡ്? എന്നിട്ടും പറയുന്നു എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഖജനാവ് ഭദ്രമാണെന്ന്, എന്നുപറയാൻ എങ്ങനെ സാധിക്കുന്നു, അപാരമല്ലേ ? നേരത്തെ ശ്രീ. നാരായണൻ പറഞ്ഞില്ലേ ചെക്ക് കൊടുക്കുമെന്ന്, എന്ത് ചെക്ക് ? വണ്ടി ചെക്കോ ? ട്രഷറി ചെക്ക് എന്നുപറഞ്ഞാൽ വിശ്വാസ്യതയുടെ പ്രതീകമാണ്. ഏത് ചെക്കും മാറാതിരിക്കും, ഏത് ചെക്കും മടങ്ങാം, എന്നാൽ ട്രഷറി ചെക്ക് മടങ്ങരുത്. നിങ്ങൾ അഭിമാനിക്കുന്നു, നിങ്ങൾ ട്രഷറി ബാൻ ആക്കിയിട്ടില്ല എന്ന്. ഞങ്ങൾ ബാൻ ആക്കിയിട്ടുണ്ട്, ഞങ്ങൾ ബാൻ ആക്കിയതെന്തിനാണ് ? ചെക്കും കൊണ്ട് ട്രഷറിയിൽ പോയി ദിവസവും പണം വന്നോ, പണം വന്നോ എന്ന് ചോദിക്കാതിരിക്കാനാണ് ; ചെക്കിന്റെ മാന്യത സംരക്ഷിക്കാനാണ്. നിങ്ങൾ ട്രഷറി ചെക്കിന്റെ അന്തസ്സും, അഭിമാനവും കളഞ്ഞുകുളിച്ചില്ലേ, വിശ്വാസം നഷ്ടപ്പെടുത്തിയില്ലേ ? ഈ സംസ്ഥാനത്ത് ട്രഷറി ചെക്ക് മടങ്ങാമോ ? ട്രഷറി ചെക്ക് മടങ്ങി, ആ ട്രഷറി ചെക്കിന്റെ പരിപാവനതയെ നഷ്ടപ്പെടുത്തിയ ഒരു ഗവൺമെന്റ്, ജനങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് എന്റെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്നുപറയാൻ എന്റെ പ്രിയപ്പെട്ട ശ്രീ. മേനോൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചു ? അൽഭുതമല്ലേ ? വികസനത്തിന്റെ പാത തേടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് എവിടെയൊക്കെ ചുറ്റി. നേരത്തെ ശ്രീ. തമ്പാനൂർ രവി ചൂണ്ടിക്കാണിച്ച ബുക്കാണ് ഇത്. 'മുഖ്യമന്ത്രിയും മാർപ്പാപ്പയും ഭഗവത്ഗീതയും' എന്തു മനോഹരമായ ബുക്ക് (ബുക്ക് സഭയിൽ ഉയർത്തിക്കാണിക്കുകയുണ്ടായി) മുഖ്യമന്ത്രിയുടെ ഫോട്ടോ എന്ത് സുന്ദരമാണ് ഇതിനകത്ത്. കാണിച്ചിരിക്കുന്നത്. കണ്ടാൽ അങ്ങാണെന്ന് മനസ്സിലാവില്ല. ഒരു വെസ്റ്റേണിന്റെ സ്റ്റൈലാണ്. പല ഫോട്ടോയിലും മുഖ്യമന്ത്രി ചെത്ത് സ്റ്റൈലിലാണ്. ഞാൻ ചോദിക്കട്ടെ, ഈ പുസ്തകത്തിൽ അങ്ങ് എന്തൊക്കെ കിനാവുകളാണ് നിരത്തിവച്ചത് ? സർക്കാരിന്റെ ഖജനാവിൽനിന്ന് പണം എടുത്ത് അച്ചടിച്ച് പ്രസിദ്ധീകരിച്ച ഇതിന്റെ കടലാസ് വിലപോലും തിരിച്ചുകിട്ടിയോ ? ആകെ ആ യാത്രയിൽ മുഖ്യമന്ത്രിക്ക് കിട്ടിയിരിക്കുന്ന ഒരു ആനുകൂല്യം മാർപാപ്പയെ കാണാനും വന്ദിക്കാനും സാധിച്ചു എന്നതാണ്. അതിൽ ഞാൻ ചാരിതാർത്ഥ്യം കൊള്ളുന്നു. നിങ്ങൾ ഈ ബുക്കിൽ പറഞ്ഞിട്ടുണ്ട് നിങ്ങൾ ഒരുപാട് സ്ഥലത്തുപോയി എന്ന്. നിങ്ങൾ കാനഡയിൽ പോയി, ഇറ്റലിയിൽ പോയി, ഫ്രാൻസിൽ പോയി, ലണ്ടനിൽ പോയി, അമേരിക്കയിൽ പോയി, നിങ്ങൾ വെനീസ് കണ്ടപ്പോൾ ആലപ്പുഴ കായലിനെക്കുറിച്ച് ഓർത്ത് ഹരം കൊണ്ടു, നയാഗ്ര കണ്ടപ്പോൾ ആതിരപ്പള്ളി വെള്ളച്ചാട്ടത്തെക്കുറിച്ച് നിങ്ങൾ പുളകംകൊണ്ട്, ഷിക്കാഗോയിൽ പോയപ്പോൾ രക്തസാക്ഷി മണ്ഡപത്തിന്റെ മുൻപിൽ ശ്രീ. പിണറായി വിജയനും, ശ്രീ. ഇ. കെ. നായനാരും മുട്ടുചുരുട്ടി ലാൽസലാം സഖാക്കളെ എന്നുപറഞ്ഞ് കേരളത്തിന്റെ വികസനത്തിനുവേണ്ടി പ്രതിജ്ഞ ചെയ്തു, ഈഫൽ ടവറിൽ പോയി നിങ്ങൾ പാരീസിന്റെ സൗന്ദര്യം ആസ്വദിച്ചു. എന്നിട്ട് നിങ്ങൾ പറഞ്ഞു. ഞങ്ങളുടെ യാത്ര ഉല്ലാസ യാത്രയല്ല. എൽ.ഡി.എഫ്. മന്ത്രിസഭയിലെ അംഗങ്ങൾ നടത്തുന്ന വിദേശ യാത്ര സംസ്ഥാനത്തിന് പ്രയോജനപ്പെടും, വിനോദത്തിനായി വിദേശയാത്ര നടത്താറില്ല എന്ന് പറഞ്ഞു. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഇതിൽ ഏതെങ്കിലും ഒന്ന് നടന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

അധികമൊന്നും വേണ്ട, ഒന്നു നടന്നു. എന്തേ കാനഡയിൽ നിങ്ങൾ പോയപ്പോൾ നിങ്ങൾ ചർച്ച നടത്തിയ തലശ്ശേരിയിലെ മലബാർ മെഡിക്കൽ സെന്റർ 105 കോടി രൂപയാണ് കണക്ക്, 15 കോടി രൂപ ചെലവഴിച്ചിരിക്കുന്നു, ബാക്കി എന്തായി എന്നറിയില്ല. അതൊഴിച്ച് ബാക്കിയൊന്നും നടന്നില്ലല്ലോ. ഇത്തരം ഫ്രഞ്ച് സോൺ വ്യവസായ പാർക്കിൽ ഉണ്ടാക്കുന്നത് ഫ്രാൻസിൽ നിന്നുള്ള വ്യവസായ സംരംഭകരെ ഉദ്ദേശിച്ചായിരിക്കും എന്നുള്ളതുകൊണ്ട് അവരുടെ രീതിയിലുള്ള വ്യവസായ സംസ്കാരം ഈ സോണിൽ ആവിഷ്ക്കരിക്കാൻ സാധിക്കുന്നത് കൂടുതൽ ഫ്രഞ്ച് വ്യവസായികളെ ആകർഷിക്കാൻ സഹായിക്കും എന്ന് നിങ്ങൾ പ്രത്യാശിച്ചു. ഏത് ഫ്രഞ്ചാണ് ? ഒന്ന് പറയണ്ടേ, പറയണം. നിങ്ങൾ ഇതിനകത്ത് ഒരുപാട് പറഞ്ഞിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തെക്കുറിച്ച് മുഖ്യമന്ത്രി പാരീസിൽ ചർച്ച നടത്തുകയുണ്ടായി, ഇനി അത് വരുമോ ? എന്റേയും നിങ്ങളുടേയും ജില്ലയല്ലേ ? വരുത്താൻ ഞാൻ നിങ്ങളുടെ ഒപ്പം നിൽക്കും. പക്ഷേ വരുമോ ? വരുത്താൻ സാധിക്കുമോ ? കൊച്ചി വ്യവസായ പാർക്കിൽ ഫ്രഞ്ച് സോൺ വരുന്നു, ഇറ്റാലിയൻ വ്യവസായികൾ വരും എന്ന് മുഖ്യമന്ത്രിയാണ് പറഞ്ഞിരിക്കുന്നത്. എന്നിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നത് ജപ്പാൻ, ആസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള സാധനങ്ങൾ എളുപ്പം എത്തിക്കാനുള്ള തന്ത്രപ്രധാനമായ സ്ഥലമായിട്ടാണ് ഇറ്റാലിയൻ വ്യവസായികൾ കേരളത്തെ കാണുന്നത് എന്നാണ്. എവിടെ ഇറ്റലിക്കാർ? ശ്രീമതി സോണിയാഗാന്ധിയേ ഇവിടെ ഉള്ളൂ. വേറെ ആരും ഇല്ല. (.....ബഹളം.....)

അങ്ങനെ പറഞ്ഞാൽ ഷെയിം എന്താണ് ? ഒരു ഷെയിമും ഇല്ല. സോണിയാജി ഇറ്റലിയിൽ നിന്നാണ് വന്നത് എന്നറിയാത്തവർ ആരാണ് ഈ നാട്ടിലുള്ളത് ? ഈ ലോകത്ത് ആർക്കാണ് അറിയാത്തത് ? അതിൽ എന്താണ് തെറ്റ് ? ഇതിൽ വേറെ ആരും വന്നില്ല, ഒരു വ്യവസായിപോലും നമ്മുടെ സംസ്ഥാനത്ത് വന്നില്ല, ഒരു വ്യവസായിപോലും നമ്മുടെ നാട് തിരിഞ്ഞുനോക്കിയില്ല. (.....ബഹളം.....)

പുതിയ വ്യവസായി പോട്ടെ, പഴയ വ്യവസായങ്ങൾ സംരക്ഷിക്കാൻ നമുക്ക് സാധിച്ചോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്, എന്റേയും നിങ്ങളുടേയും ജില്ലയാണ് കണ്ണൂർ ജില്ല, അവിടെ തിരുവേപ്പതി മിൽ പൂട്ടിയിരിക്കുന്നു, മുഖ്യമന്ത്രിയുടെ മന്ത്രിസഭയിലെ ആരും ശ്രദ്ധിച്ചില്ല അതുകൊണ്ടാണ് അത് പൂട്ടേണ്ടി വന്നത് എന്ന് ഞാൻ കുറ്റം പറയുന്നില്ല, വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തി. അങ്ങയുടെ സ്വന്തം പ്രദേശമല്ലേ ? അങ്ങയുടെ സ്വന്തം പ്രദേശത്ത് ഒരു മിൽ പൂട്ടി നാല് വർഷമായി 350-ഓളം തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണ്. 13 കുടുംബങ്ങൾ ആത്മഹത്യ ചെയ്തിട്ട് സ്വന്തം ജില്ലയിലെ വ്യവസായശാല തുറപ്പിക്കാൻ സാധിച്ചോ ? ഉള്ള വ്യവസായങ്ങൾപോലും കാണാൻ സാധിക്കാത്ത വിധം ഈ സംസ്ഥാനം മാറിയില്ലേ ? ഇത് അവസാനത്തെ നിയമസഭയാണ്, ഞങ്ങൾ വിമർശനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ നടത്തിയിട്ടുണ്ട്. നേടിയവരും,

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടവരുമുണ്ട്. വിമർശനം കൊണ്ട് ജയിച്ചവരും, വിമർശനം കൊണ്ട് തറച്ചവരുമുണ്ട്. എനിക്കറിയാം. പക്ഷേ ഈ നിയമസഭയുടെ മനസാക്ഷിക്ക് മുൻപിൽ കേരളത്തിന്റെ രാഷ്ട്രീയമണ്ഡലത്തിൽ ഉയർന്നുവരാൻ പോകുന്ന ഭീതിതവും, ഭീകരവുമായ ഒരു പുതിയ സംസ്കാരത്തെ നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാതെ പോകുന്നത് അനീതിയായിരിക്കും എന്നെനിക്ക് തോന്നുന്നു. പാറക്കടവിനേയും, പന്നിയൂരിനേയും പറ്റി പലരും ഇവിടെ സംസാരിച്ചിട്ടുണ്ട്. പക്ഷേ പന്നിയൂരിലും പാറക്കടവിലും നടന്ന സംഭവത്തെക്കുറിച്ച് സംസാരിച്ചപ്പോൾ അതിന്റെ പുറകിലുണ്ടായ, അതിന്റെ പുറകിൽ വളർന്നുവരാൻ പോകുന്ന ഒരു പുതിയ സംസ്ക്കാരത്തിന്റെ ധ്വനിയോ, നാന്ദിയോ നിങ്ങൾ ആരെങ്കിലും ദർശിച്ചോ? പന്നിയൂരിൽ 46 കുടുംബങ്ങൾ കൊള്ളയടിക്കപ്പെട്ടപ്പോൾ 46 വീടുകളിലും കേറിയിറങ്ങിയവനാണ് ഞാൻ. നിങ്ങൾ പലരും ഇവിടെ അഭിമാനത്തോടെ പറഞ്ഞില്ലേ വർഗ്ഗീയ സംഘട്ടനം ഉണ്ടാകാത്തത് ഞങ്ങളുടെ നേട്ടമാണെന്ന്. ആണോ? ഈ പ്രതിപക്ഷ സ്ഥാനത്ത് നിങ്ങളായിരുന്നു എങ്കിൽ പന്നിയൂരിൽ നടന്ന സംഭവം ഈ സംസ്ഥാനത്ത് പൊട്ടിത്തെറിക്കുന്ന വർഗ്ഗീയ സംഘട്ടനമായിട്ട് നിങ്ങൾ വളർത്തുമായിരുന്നില്ലേ? പാറക്കടവിലെ സംഭവം നിങ്ങൾ വളർത്തുമായിരുന്നില്ലേ? അത് വളർത്താത്ത നമ്മുടെ മനസ്ഥിതിയെ നിങ്ങൾ പുച്ഛിക്കുന്നു, അല്ലേ? അത് നിങ്ങളുടെ നേട്ടമായി ചിത്രീകരിക്കുന്നു, അല്ലേ? പന്നിയൂരിൽ 46 മുസ്ലീം വീടുകൾ കൊള്ളയടിച്ചവർ ആ പ്രദേശത്ത് അറിയപ്പെടുന്ന സി. പി. ഐ. (എം) കാരാണ്. കണ്ണൂർ ജില്ലയിലെ കൊള്ളയടിക്കപ്പെട്ടവർക്ക്, നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കണം എന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. എന്ത് തീരുമാനം എടുത്തു എന്ന് എനിക്കറിയില്ല. പക്ഷേ കൊള്ളയടിച്ചിരിക്കുന്നു എന്ന് ഒരു ജില്ലാ കളക്ടർ സമ്മതിച്ചിരിക്കുന്നു. അങ്ങയുടെ പോലീസ് അവിടെ കൊള്ളയുടെ പേരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു എന്ന് അവകാശപ്പെടാൻ അങ്ങേക്ക് സാധിക്കുമോ? കഴുത്തിൽ വാളുവച്ച് 104 പവനും, രണ്ട് ലക്ഷം രൂപയും ഒരു വീട്ടിൽനിന്ന് കവർന്നിട്ട് കൊള്ളയ്ക്ക് കേസ് എടുത്തില്ല എന്നുപറഞ്ഞാൽ ആ കൊള്ളമുതൽ കണ്ടെടുക്കാൻ ഒരു പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ ഉണ്ടായില്ല എന്നുപറഞ്ഞാൽ എന്തിനേറെ, അത് സാമൂഹ്യ വിരുദ്ധരോ, പാർട്ടിയുടെ അറിവോ ഇല്ലാതെ സി.പി.ഐ. (എം) ന്റെ ഗുണ്ടകൾ നടത്തിയ അക്രമം ആണെങ്കിൽ അവരെ തള്ളിപ്പറയാനെങ്കിലും നിങ്ങളുടെ പാർട്ടി തയ്യാറായോ? പാറക്കടവിലെ സംഭവം ഒറ്റപ്പെട്ടതാണ്. പക്ഷേ അത് പലതിന്റേയും തുടക്കമാണ്. ശ്രീ. സത്യൻ മൊകേരി ഇവിടെയിരുന്ന് വിലസി ന്യായീകരിച്ചില്ലേ? ഇവിടെ നടത്തിയ പ്രസംഗം അങ്ങ് നാദാപുരത്ത് പോയി പ്രസംഗിക്കുമോ? നാദാപുരത്ത് ഇടതുപക്ഷത്തിന്റെ ഒരു പൊതുയോഗത്തിൽ മുഖ്യമന്ത്രി പ്രസംഗിച്ചു. എന്താണെന്ന് അറിയാമോ? പോലീസിനെ കയറൂരി വിട്ടു എന്ന പരാതി ഒഴിവാക്കാനാണ് നാദാപുരത്തെ സംഘർഷത്തിനിടയിൽ അനങ്ങാതിരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയത് എന്നാണ് പറഞ്ഞത്. ശ്രീ. ഇ. കെ. നായനാർ കല്ലാച്ചിയിലെ എൽ. ഡി. എഫ് -ന്റെ ഒരു പൊതുയോഗത്തിൽ പ്രസ്താവിച്ചു. വളരെ ഗൗരവമായി കാണേണ്ട കാര്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

കല്ലാച്ചിയിലെ വീടുകൾ ഒന്നൊന്നായി കൊള്ളയടിച്ച്, ആഭരണങ്ങളും ടേപ്പ് റെക്കോർഡുകളും കംപ്യൂട്ടറും മറ്റും സാങ്കേതിക സാധനങ്ങളും തട്ടിയെടുത്തു കൊണ്ട് പോകുമ്പോഴും കഴുത്തിൽ വാൾവച്ച് സഹോദരിയുടെ മാനം കവർന്നപ്പോഴും ഗുണ്ടകളെ നിയന്ത്രിക്കേണ്ട പോലീസിന് നിർദ്ദേശം കൊടുക്കേണ്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു 'ഞാൻ പറഞ്ഞിരിക്കുന്നു പോലീസിനോട് അനങ്ങാൻ പാടില്ലായെന്ന്' എവിടത്തേയ്ക്കാണ് ഈ ഗവൺമെന്റ് പോകുന്നത് ? ഇരിക്കൂറിലെ സി. പി. ഐ. (എം)-ന്റെ സമുന്നതനായ നേതാവ് ശ്രീ. കെ. എം. ജോസഫിന്റെ വീട്ടിൽ ബോംബ് കെട്ടുമ്പോൾ ആ ബോംബ് പൊട്ടിത്തെറിച്ച് രണ്ടുപേർ മരിച്ചു, ഒരാൾ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ ആയി, അവരുടെ ആശ്രിതർക്ക് പാർട്ടി ഫണ്ടിൽ നിന്ന് 12 ലക്ഷം രൂപ കൊടുത്തുകൊണ്ട് ശ്രീ. പിണറായി വിജയൻ ശ്രീകണ്ഠപുരത്ത് പ്രസംഗിച്ചു. ഇരിക്കൂർ മണ്ഡലം പിടിക്കണം, ഇതു വർഗ്ഗീയ സമരമാണ്, ഈ വർഗ്ഗ സമരത്തിൽ ഇതുപോലുള്ള അപകടങ്ങൾ സംഭവിക്കും. ഇത്തരം വർഗ്ഗ പോരാട്ടത്തിൽ അപകടത്തിൽ മരിക്കുന്നവരെ കണ്ണിലെ കൃഷ്ണമണിപോലെ പാർട്ടി സംരക്ഷിക്കുമെന്ന് ശ്രീ. പിണറായി വിജയൻ പ്രസംഗിച്ചിരിക്കുന്നു. ഞാൻ സ്നേഹിക്കുന്ന എന്റെ പ്രിയപ്പെട്ട കണാരേട്ടൻ ഈ നിയമസഭയിൽ വന്ന് പ്രസംഗിക്കുന്നു പാറക്കടവിലെ സംഭവം വർഗ്ഗ പോരാട്ടത്തിന്റെ ഭാഗമാണെന്ന്, ഞാൻ എന്റെ പ്രിയപ്പെട്ട കണാരേട്ടനോട് ചോദിക്കട്ടെ പാവപ്പെട്ട, നിരാലംബയും നിസ്സഹായയുമായ ഒരു പെൺകുട്ടിയെ വാൾമുന കാട്ടി ബലാൽസംഗം ചെയ്തത് വർഗ്ഗീയപോരാട്ടമാണെങ്കിൽ കമ്മ്യൂണിസം മാറ്റിയെഴുതണം, കമ്മ്യൂണിസം തിരുത്തിക്കുറിക്കണം. വർഷങ്ങളായി തൊഴിലാളി വർഗ്ഗത്തിന്റെ മുൻപിൽ ഉയർത്തിക്കാട്ടിയ വർഗ്ഗപോരാട്ടം ഇതാണ് എന്ന് നിങ്ങൾ മാറ്റിപ്പറയണം. നാദാപുരത്ത് ഒരു ഭാഗത്ത് പോലീസിനെ നിയന്ത്രിക്കുന്നു. ഒരു ഭാഗത്ത് പോലീസിനെ കയ്യാമം വയ്ക്കുന്നു. മറുഭാഗത്ത് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി ബോംബ് വയ്ക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകികൊണ്ട് വർഗ്ഗീയപോരാട്ടത്തിന്റെ മുഖമായ മാറ്റുന്നു. ഒരു ഭാഗത്ത് മുസ്ലീം സമുദായത്തെ വേട്ടയാടി മാനവും സ്വർണ്ണവും പണവും കട്ടു കൊണ്ടുപോയ നാദാപുരത്തെ അക്രമികളെ വർഗ്ഗപോരാട്ടത്തിന്റെ ധീരസഖാക്കളായി മാർക്സിസ്റ്റ് പാർട്ടിയുടെ സീനിയർ നേതാവ് ശ്രീ. കണാരേട്ടൻ വിശേഷിപ്പിക്കുന്നു.

മി. സ്പീക്കർ : നോ, നോ, ശ്രീ. സുധാകരൻ

ശ്രീ. കെ. സുധാകരൻ : പോലീസ് നീതിപൂർവ്വകമായി പ്രവർത്തിച്ചു എന്ന് പറഞ്ഞില്ലേ, പാറക്കടവിൽ മൊയ്തുഹാജിയെ കൊന്നതിന് നേതൃത്വം കൊടുത്തത് ആരാണ് ? ചാക്കോ, പാർട്ടിമെമ്പർ ആണ്. അറസ്റ്റ് ചെയ്തോ ? പാർട്ടിയിൽനിന്ന് പുറത്താക്കിയോ ? ഇല്ലല്ലോ.

മി. സ്പീക്കർ : ചർച്ച അവസാനിപ്പിക്കണ്ടേ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : മാനഭംഗപ്പെടുത്തിയെന്നു പറയുന്നത് കുമാരൻ മാസ്റ്റർ, രാജൻ (സി.പി.ഐ. (എം) പഞ്ചായത്ത് മെമ്പർ) എന്നിവരാണ്. കുമാരൻ മാസ്റ്റർ പ്രാദേശിക നേതാവാണ്. പോലീസ് അറസ്റ്റ് ചെയ്തോ ? കേസ് എടുത്തോ ? അവർക്ക് നേരെ കേസ് ഉണ്ടോ ? പോലീസ് നീതിപൂർവ്വമായി പ്രവർത്തിച്ചു എന്ന് ശ്രീ സത്യൻ പറഞ്ഞില്ലേ. എങ്ങനെ അങ്ങനെ പറയാൻ സാധിച്ചു ? ഈ നിയമസഭയിൽ രാഷ്ട്രീയ അക്രമത്തിന്റെ തിരശ്ശീല വീഴുമ്പോൾ പുതിയ സംസ്കാരത്തിന്റെ പുതിയ തിരശ്ശീല മറുഭാഗത്ത് ഉയരുന്നു എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലുകളെ ഞാൻ എതിർക്കുന്നു.

X വ്യക്തിപരമായ വിശദീകരണം

(1) ബി.ജെ.പി. യുമായി കോൺഗ്രസ് ബന്ധപ്പെടുന്നു എന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. സത്യൻ മൊകേരി ഇവിടെ സംസാരിക്കുന്ന സന്ദർഭത്തിൽ ബി.ജെ.പി.യുമായി കോൺഗ്രസ് ബന്ധപ്പെടുന്നുവെന്നും ഞാനും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പത്മനാഭനെ കണ്ട് ഈ കാര്യം സംസാരിച്ചു എന്നും പറഞ്ഞു, അത് ഒരിക്കലും സത്യമല്ല, എന്നു മാത്രമല്ല ശ്രീ. വെളിയം ഭാർഗ്ഗവനും ശ്രീ. പത്മനാഭനും തമ്മിൽ സംസാരിച്ചത് മറച്ചുപിടിക്കാൻ അവർ തമ്മിൽ ഏർപ്പാട് ഉണ്ട്, പഞ്ചാബിലൊക്കെ ജനസംഘത്തിന്റെകൂടെ ഭരിച്ച പാർട്ടിയാണ് സി.പി.ഐ. * * * * * * * * * * * അതിന് സത്യവുമായി യാതൊരു ബന്ധവുമില്ല.

മി. സ്പീക്കർ : നോ, നോ, അതൊന്നും രേഖയിൽ ഉണ്ടാവില്ല, ശ്രീ. ആര്യാടന് വ്യക്തിപരമായി വിശദീകരിക്കാം, അങ്ങ് വച്ച മറിച്ചുള്ള ആരോപണം രേഖയിൽ ഉണ്ടാവില്ല, രേഖയിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നു. അത് പത്രത്തിലും വരാൻ പാടില്ല.

(2) മൂവാറ്റുപുഴവാലി അടക്കം കേസ് ഉണ്ടെന്നത് സംബന്ധിച്ച്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇവിടെ സംസാരിച്ചതിനുശേഷം ശ്രീ. സെബാസ്റ്റ്യൻ പോൾ പറഞ്ഞത്, എനിക്ക് എതിരായിട്ട് മൂവാറ്റുപുഴ വാലി പ്രോജക്ട് അടക്കം 53 കേസ് ഉണ്ടെന്നാണ്. അദ്ദേഹം ഭാവനയിൽ പറഞ്ഞത്. അടിസ്ഥാനരഹിതമാണ്. ഈ കേസിന്റെ നടപടിക്രമമനുസരിച്ച് എനിക്ക് ഒരു സമൻസ് കിട്ടിയത് കുരിയാർകുറ്റി-കാരപ്പാറ കേസിൽ ഡിപ്പാർട്ട്മെന്റൽ ആയിട്ട് വർക്ക് എക്സിക്യൂട്ട് ചെയ്തപ്പോൾ കരാറുകാരന് 57 ലക്ഷം രൂപ ലാഭം ഉണ്ടാക്കികൊടുത്തത് നിയമസഭാ കമ്മിറ്റിയിൽ ഞാൻ നടത്തിയ ഒരു പരാമർശം

*****സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII (a)

പത്താം കേരള നിയമസഭ
ബിൽ നമ്പർ 303

LIBRARY ARCHIVES Kerala Legislative Assembly

2001-ലെ കേരള ധനവിനിയോഗ ബിൽ

പത്താം കേരള നിയമസഭ
ബിൽ നമ്പർ 303

2001-ലെ കേരള ധനവിനിയോഗ ബിൽ

2000—2001 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു
ബിൽ

പീഠിക:—2000-2001 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി രണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :

(1) ചുരുക്കപ്പേർ:— ഈ ആക്ടിന് 2001-ലെ കേരള ധനവിനിയോഗ ആക്ട് എന്ന് പേർ പറയാം.

(2) 2000-2001 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 2427,08,16,000 രൂപ നൽകൽ.— 2000-2001 സാമ്പത്തിക വർഷത്തിൽ വന്നു ചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിലേക്കായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം രണ്ടായിരത്തി നാനൂറ്റി ഇരുപത്തിയേഴു കോടി എട്ട് ലക്ഷത്തി പതിനാറായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

(3) ധനവിനിയോഗം:—ഈ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2000-2001 സാമ്പത്തിക വർഷം സംബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സർവീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

(1)	(2)	(3)			
		കവിയാൻ പാടില്ലാത്ത തുകകൾ			
ക്രമ നമ്പർ	ധനാഭ്യർത്ഥന നമ്പർ	സർവ്വീസുകളും ആവശ്യങ്ങളും	നിയമസഭ വോട്ട് ചെയ്തത്	സഞ്ചിത നിധിയിൽ ചാർജ്ജ് ചെയ്തത്	ആകെ
			(രൂപ)	(രൂപ)	(രൂപ)
1	II	സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	റവന്യൂ	2,26,40,000	73,56,000	2,99,96,000
2	III	നീതിന്യായ നിർവ്വഹണം	റവന്യൂ	45,23,000	92,00,000	1,37,23,000
3	IV	തെരഞ്ഞെടുപ്പുകൾ	റവന്യൂ	50,00,000	..	50,00,000
4	V	കാർഷികാദായ നികുതിയും വില്പന നികുതിയും	റവന്യൂ	..	2,75,000	2,75,000
5	VI	ഭൂനികുതി	റവന്യൂ	27,75,000	..	2,75,000
6	VII	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	റവന്യൂ	1,45,01,000	..	1,45,01,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
7	കടബാദ്ധ്യതകൾ	റവന്യൂ	..	67,44,47,000	67,44,47,000
8 X	ട്രഷറികളും അക്കൗണ്ടുകളും	റവന്യൂ	1,00,75,000	..	1,00,75,000
9 XI	ജില്ലാഭരണവും പലവകയും	റവന്യൂ	22,67,60,000	3,12,000	22,70,72,000
10 XII	പോലീസ്	മൂലധനം	91,07,000	1,53,000	92,60,000
11 XIII	ജയിലുകൾ	റവന്യൂ	2,65,79,000	..	2,65,79,000
12 XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	റവന്യൂ മൂലധനം	3,30,32,000 50,00,000	.. ..	3,30,32,000 50,00,000
13 XV	പൊതുമരാമത്ത്	റവന്യൂ	8,15,00,000	..	8,15,00,000
14 XVI	പെൻഷനു പലവകയും	റവന്യൂ	2,46,61,000	..	2,46,61,000
15 XVII	വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം	റവന്യൂ	1,80,40,000	..	1,80,40,000
16 XVIII	വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	റവന്യൂ മൂലധനം	2,50,01,000 2,00,00,000	9,94,000 ..	2,59,95,000 2,00,00,000
17 XXI	ഭവന നിർമ്മാണം	റവന്യൂ	1,000	1,49,000	1,50,000

LIBRARY ARCHIVES Kerala Legislative Assembly

18	XXIII	വാർത്താ വിതരണവും പ്രചരണവും	റവന്യൂ	25,00,000	.....	25,00,000
19	XXIV	തൊഴിലും തൊഴിലാളിക്ഷേമവും	മൂലധനം	62,02,000	....	62,02,000
20	XXV	പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾഎന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം.	റവന്യൂ	12,60,92,000	....	12,60,92,000
			മൂലധനം	7,22,00,000	....	7,22,00,000
21	XXVII	സഹകരണം	റവന്യൂ	50,00,00,000	..	50,00,00,000
22	XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	റവന്യൂ	5,00,81,000	..	5,00,81,000
23	XXIX	കൃഷി	റവന്യൂ	46,92,03,000	..	46,92,03,000
24	XXXI	മൃഗസംരക്ഷണം	റവന്യൂ	1,000	..	1,000
25	XXXI	മൽസ്യബന്ധനം	മൂലധനം	..	11,000	11,000
26	XXXIV	വനം	മൂലധനം	2,62,59,000	..	2,62,59,000
27	XXXVI	സാമൂഹ്യ വികസനം	റവന്യൂ	10,00,00,000	..	10,00,00,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
28 XXXVII	വ്യവസായങ്ങൾ	മൂലധനം	3,97,45,000	..	3,97,45,000
29 XXXVIII	ജലസേചനം	റവന്യൂ	1,19,62,000	..	1,19,62,000
		മൂലധനം	..	52,000	52,000
30 XLI	ഗതാഗതം	റവന്യൂ	12,25,00,000	..	12,25,00,000
31 XLII	വിനോദസഞ്ചാരം	റവന്യൂ	9,00,000	..	9,00,000
32	പൊതുക്കടം തിരിച്ചടക്കൽ	മൂലധനം	..	21,52,10,27,000	21,52,10,27,000
	ആകെ		2,05,68,40,000	22,21,39,76,000	24,27,08,16,000

ഉദ്ദേശകാരണങ്ങളുടെ വിവരണം

2000-2001 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഇന്ത്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ചപ്രകാരമുള്ള 204-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ടി. ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII (b)

പത്താം കേരള നിയമസഭ
ബിൽ നമ്പർ 302

2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 302

2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

2001 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക:—2001 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ ഒരു ഭാഗത്തിന്റെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി രണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

(1) ചുരുക്കപ്പേര്:— ഈ ആക്ടിന് 2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്ട് എന്ന് പേർ പറയാം.

(2) 2001 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 68,27,30,78,000 രൂപ പിൻവലിക്കൽ.— 2001 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവീസുകളും ആവശ്യങ്ങളും സംബന്ധിച്ച് വന്ന് ചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിന്, പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും ആകെ ആറായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴു കോടി മുപ്പത് ലക്ഷത്തി എഴുപത്തണ്ണായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

(3) ധനവിനിയോഗം:— ഈ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ പ്രസ്തുത വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

(1)	(2)	(3)			
			കവിയാൻ പാടില്ലാത്ത തുകകൾ		
ധനാഭ്യർത്ഥന നമ്പർ	സർവ്വീസുകളും ആവശ്യങ്ങളും	നിയമസഭ വോട്ട് ചെയ്തത്	സഞ്ചിത നിധിയിൽ ചാർജ്ജ് ചെയ്തത്		ആകെ
			(രൂപ)	(രൂപ)	(രൂപ)
I	സംസ്ഥാന നിയമസഭ	റവന്യൂ	4,85,10,000	6,91,000	4,92,01,000
II	സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ.	റവന്യൂ	31,41,80,000	7,74,13,000	39,15,93,000
III	നീതിന്യായ നിർവ്വഹണം	റവന്യൂ	27,15,12,000	4,94,19,000	32,09,31,000
IV	തെരഞ്ഞെടുപ്പുകൾ	റവന്യൂ	7,18,27,000	..	7,18,27,000
V	കാർഷികാദായ നികുതിയും വില്പന നികുതിയും	റവന്യൂ	19,50,86,000	13,000	19,50,99,000
VI	ഭൂനികുതി	റവന്യൂ	40,54,28,000	47,000	40,54,75,000

LIBRARY ARCHIVES Kerala Legislative Assembly

VII	മുദ്രപത്രങ്ങളും രജിസ്ട്രേഷനും	റവന്യൂ	12,67,45,000	....	12,67,45,000
VIII	എക്സൈസ്	റവന്യൂ	12,91,11,000	1,000	12,91,12,000
IX	വാഹന നികുതികൾ	റവന്യൂ	5,31,10,000	1,000	5,31,11,000
	കടബാദ്ധ്യതകൾ	റവന്യൂ	..	8,04,17,54,000	8,04,17,54,000
X	ട്രഷറികളും അക്കൗണ്ടുകളും	റവന്യൂ	17,87,43,000	....	17,87,43,000
XI	ജില്ലാ ഭരണവും പലവകയും	റവന്യൂ	36,60,10,000	15,92,000	36,76,02,000
XII	പോലീസ്	റവന്യൂ	1,56,61,95,000	1,87,000	1,56,63,82,000
		മൂലധനം	92,91,000	1,000	92,92,000
XIII	ജയിലുകൾ	റവന്യൂ	7,20,15,000	....	7,20,15,000
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	റവന്യൂ	29,36,69,000	....	29,36,69,000
		മൂലധനം	9,33,000	....	9,33,000
XV	പൊതുമരാമത്ത്	റവന്യൂ	1,66,06,02,000	48,00,000	1,66,54,02,000
		മൂലധനം	42,99,25,000	18,00,000	43,17,25,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
XVI	പെൻഷനും പലവകയും	റവന്യൂ	6,33,62,38,000	3,85,79,000	6,37,48,17,000
XVII	വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം.	റവന്യൂ	10,13,52,78,000	4,68,000	10,13,57,46,000
		മൂലധനം	11,42,00,000	67,000	11,42,67,000
XVIII	വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും	റവന്യൂ	2,24,94,71,000	20,000	2,24,94,91,000
		മൂലധനം	6,80,75,000	8,04,000	6,88,79,000
XIX	കുടുംബക്ഷേമം.	റവന്യൂ	18,36,00,000	...	18,36,00,000
		മൂലധനം	70,00,000	...	70,00,000
XX	ശുദ്ധജല വിതരണവും ശുചീകരണവും	റവന്യൂ	63,75,36,000	...	63,75,36,000
		മൂലധനം	29,33,33,000	...	29,33,33,000
XXI	ഭവന നിർമ്മാണം	റവന്യൂ	18,70,83,000	...	18,70,83,000
		മൂലധനം	5,71,13,000	...	5,71,13,000
XXII	നഗരവികസനം	റവന്യൂ	72,97,84,000	...	72,97,84,000
		മൂലധനം	6,35,00,00	...	6,35,00,00
XXIII	വാർത്താവിതരണവും പ്രചരണവും	റവന്യൂ	3,63,67,000	...	3,63,67,000

LIBRARY ARCHIVES Kerala Legislative Assembly

XXIV	തൊഴിലും തൊഴിലാളിക്ഷേമവും	റവന്യൂ	41,43,58,000	...	41,43,58,000
		മൂലധനം	6,43,000	...	6,43,000
XXV	പട്ടികജാതി/പട്ടികവർഗ്ഗ/റവന്യൂ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം.	റവന്യൂ	1,51,40,36,000	...	1,51,40,36,000
		മൂലധനം	8,36,89,000	...	8,36,89,000
XXVI	പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്.	റവന്യൂ	47,07,33,000	....	47,07,33,000
XXVII	സഹകരണം	റവന്യൂ	17,08,76,000	3,000	17,08,79,000
		മൂലധനം	17,80,67,000	....	17,80,67,000
XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	റവന്യൂ	12,09,66,000	....	12,09,66,000
		മൂലധനം	16,70,35,000	....	16,70,35,000
XXIX	കൃഷി	റവന്യൂ	1,46,44,24,000	1,33,000	1,46,45,57,000
		മൂലധനം	7,75,50,000	1,50,000	7,77,00,000
XXX	ഭക്ഷ്യം	റവന്യൂ	56,67,43,000	....	56,67,43,000
		മൂലധനം	6,90,16,000	17,000	6,90,33,000
XXXI	മൃഗസംരക്ഷണം	റവന്യൂ	34,01,20,000	....	34,01,20,000
		മൂലധനം	21,67,000	....	21,67,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
XXXII	ക്ഷീരവ്യവസായം	റവന്യൂ	6,80,06,000	....	6,80,06,000
		മൂലധനം	5,00,000	....	5,00,000
XXXIII	മത്സ്യ ബന്ധനം	റവന്യൂ	20,04,40,000	....	20,04,40,000
		മൂലധനം	13,08,01,000	....	13,08,01,000
XXXIV	വനം	റവന്യൂ	56,90,49,000	83,000	56,91,32,000
		മൂലധനം	2,13,33,000	....	2,13,33,000
XXXV	പഞ്ചായത്ത്	റവന്യൂ	3,11,76,20,000	....	3,11,76,20,000
		മൂലധനം	30,00,000	....	30,00,000
XXXVI	സാമൂഹ്യ വികസനം	റവന്യൂ	42,61,65,000	3,000	42,61,68,000
		മൂലധനം	6,67,000	....	6,67,000
XXXVII	വ്യവസായങ്ങൾ	റവന്യൂ	36,09,58,000	....	36,09,58,000
		മൂലധനം	62,56,13,000	....	62,56,13,000
XXXVIII	ജലസേചനം	റവന്യൂ	39,54,60,000	4,17,000	39,58,77,000
		മൂലധനം	68,64,60,000	79,14,000	69,43,74,000
XXXIX	വൈദ്യുതപദ്ധതികൾ	മൂലധനം	4,94,67,000	....	4,94,67,000
XL	തുറമുഖങ്ങൾ	റവന്യൂ	2,84,86,000	....	2,84,86,000
		മൂലധനം	2,46,50,000	....	2,46,50,000

LIBRARY ARCHIVES Kerala Legislative Assembly

XLI	ഗതാഗതം	റവന്യൂ	5,76,14,000	....	5,76,14,000
		മൂലധനം	15,36,67,000	....	15,36,67,000
XLII	വിനോദസഞ്ചാരം	റവന്യൂ	15,00,40,000	....	15,00,40,000
		മൂലധനം	4,13,33,000	....	4,13,33,000
XLIII	നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും	റവന്യൂ	22,44,33,000	....	22,44,33,000
	പൊതുകടം	മൂലധനം	..	19,50,27,25,000	19,50,27,25,000
	തിരിച്ചടയ്ക്കൽ				
XLV	പലവക വായ്പകളും മുൻകൂറുകളും	മൂലധനം	27,63,21,000	....	27,63,21,000
		ആകെ	**40,54,39,76,000**	**27,72,91,02,000**	**68,27,30,78,000**

ഉദ്ദേശകാരണങ്ങളുടെ വിവരണം

2001-2002 സാമ്പത്തിക വർഷത്തിലെ ഒരു ഭാഗത്തിനു വേണ്ടിയുള്ള കേരള സർക്കാരിന്റെ മതിപ്പ് ചെലവ് സംബന്ധിച്ച് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള ചെലവുകൾ നേരിടുന്നതിനും നിയമസഭ മുൻകൂർ ആയി അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾക്കും ആവശ്യമായ തുകകൾ കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി ഇന്ത്യൻ ഭരണഘടനയുടെ 206-ാം അനുച്ഛേദത്തോട് ചേർത്ത് വായിച്ചുപ്രകാരമുള്ള 204 (1)-ാം അനുച്ഛേദമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ടി. ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly